Reg No. C· 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു — എറണാകുളം 1125 വൃശ്ചികം 22 | ലക്കം 10

## സ്വാതന്ത്ര്യം*

(ഫാദർ ജെ. വട്ടയ്ക്കാട്ട്)

"സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം"

ഹാ! സ്വാതന്ത്ര്യ!!! ഇതു എത്ര അഭികാമ്യം. മനുഷ്യഹൃദയമാകുന്ന ഭദ്രാസനത്തിൽ ദൈവം പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു അമൂല്യനിധി. മനുഷ്യന്റെ ആദ്ധ്യാത്മികപ്രകൃതിയാണ് സ്വാതന്ത്ര്യത്തിനു നമുക്കുള്ള പട്ടയം. ദൈവദത്തവും ഉൽകൃഷ്ടവുമായ ഈ ദാനത്തെ അനേകംപേർ ദുരുപയോഗം ചെയ്യുന്നുവെന്നും സവിഷാദം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ മുഖ്യകാരണം സ്വാതന്ത്ര്യത്തെപ്പററി ശരിയായ ജ്ഞാനം സാധാരണ ജനങ്ങൾക്കു ഇല്ലാത്തതാണ്. അതിനാൽ യഥാർത്ഥസ്വാതന്ത്ര്യമെന്നാൽ എന്താണെന്നു നമുക്കു പരിശോധിക്കാം.

എനിക്കിഷ്ടമുള്ളതെല്ലാം ചെയ്യാനുള്ള അവകാശമല്ല സ്വാതന്ത്ര്യ; ഒരു സ്വേച്ഛാധിപതിയുടെ ഇഷ്ടം നിവൃത്തിക്കുവാൻ ഞാൻ നിർബന്ധനായിത്തീരുന്ന ഒരവസ്ഥയുമല്ല സ്വാതന്ത്ര്യം; പിന്നെയോ, ഞാൻ ചെയ്യേണ്ടതു ചെയ്യുവാനുള്ള അവകാശമത്രെ സ്വാതന്ത്ര്യം. "ഇഷ്ടമുള്ളതു്", "നിർബന്ധിക്കപ്പെടുന്നതു്", "ചെയ്യേണ്ടതു്" എന്നീ മൂന്നു വാക്യശകലങ്ങളാണ് ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ തിരഞ്ഞെടുപ്പിനായി അർപ്പിതമായിരിക്കുന്നതു്. ഇതിൽ "ചെയ്യേണ്ടതു്" എന്നതാണു് നാം തിരഞ്ഞെടുക്കേണ്ടതു്.

നിനക്കിഷ്ടമുള്ളതെല്ലാം ചെയ്യാനുള്ള കഴിവല്ല സ്വാതന്ത്ര്യം. "എനിക്കു മനസ്സുണ്ടെങ്കിൽ, ഇതു എനിക്കു ചെയ്യാം. ആരു് എന്നെ തടയും" എന്നു് ഇന്നത്തെ സ്വാതന്ത്ര്യപ്രേമിയായ ഒരു യുവാവു ചോദിച്ചേക്കാം. പഠിപ്പുമുടക്കി ക്ലാസിന്റെ വാതിൽക്കൽ മലർന്നുകിടക്കുന്ന ഒരു വിദ്യാർത്ഥിയോടു് എണീററു ക്ലാസിൽ പോകാൻ ഒരദ്ധ്യാപകൻ ആവശ്യപ്പെട്ടാൽ അവൻ ചോദിക്കും "നിങ്ങൾ എന്റെ സ്വാതന്ത്ര്യത്തിനു വിലങ്ങടിച്ചുനില്ക്കുന്നതു് എന്തിനാണു്" എന്നു്. ഇയ്യിടെ ആത്മഹത്യ ചെയ്യുവാൻ ഒരുമ്പെട്ട സാഹസികനായ ഒരു യുവാവിനെ തടഞ്ഞുനിറുത്തിയ പോലീസുകാരനെ എതിർത്തു ഒരു പുരോഗമനസാഹിത്യകാരൻ നിശിതമായി ഒരു മാസികയിൽ വിമർശിച്ചിരിക്കുന്നു. ആത്മഹത്യക്കു തയ്യാറായവന്റെ സ്വാതന്ത്ര്യത്തിന്മേൽ പോലീസുകാരൻ കൈയേററംചെയ്തതു കുററകരമായിപ്പോയി പോലും.

നിശ്ചയമായും, നിനക്കു് ഇഷ്ടമുള്ളതെല്ലാം ചെയ്യാം. നിനക്കു് അന്യന്റെ വസ്തുക്കൾ മോഷ്ടിക്കാം; നിന്റെ ഭാര്യയെ ഗളഹസ്തംചെയ്യാം; നിന്റെ കത്തികൊണ്ടു് നീ ഉപയോഗിക്കുന്ന കിടക്ക കുത്തിക്കീറാം; നിന്റെ തോക്കു കൊണ്ടു് നിന്റെ അയൽക്കാരന്റെ കോഴികളെ വെടിവെയ്ക്കാം; എന്നാൽ നീ ഇതൊന്നും ചെയ്യരുതല്ലോ. "ചെയ്യേണ്ടതു്" എന്ന പദമാകട്ടെ സന്മാർഗ്ഗബോധത്തേയും, അവകാശങ്ങളേയും, കടമകളേയും ഒന്നുപോലെ ഉൾക്കൊള്ളുന്നു. അതിനാൽ സ്വാതന്ത്ര്യം, വെറുമൊരു കായികമായ കഴിവല്ല; പ്രത്യുത ധാർമ്മികമായ ഒരു ശക്തിയത്രെ.



കറുകറ്റി തിരുഹൃദയ കർമ്മലീത്താ മഠംവക കപ്പേള

"ഞാൻ ചെയ്യേണ്ടതു്" അഥവാ എന്റെ കർത്തവ്യം, സാരമായവിധം ഉദ്ദേശ്യത്തോടു് ബന്ധപ്പെട്ടിരിക്കുന്നു. "എനിക്കു ഭക്ഷിക്കണം" എന്നു ഞാൻ പറയുമ്പോൾ എന്റെ ആരോഗ്യത്തിനുവേണ്ടി ഭക്ഷിക്കുന്നു എന്ന ഉദ്ദേശ്യംകൂടി ഇതിൽ അടങ്ങിയിരിക്കുന്നു. "എനിക്കു പഠിക്കണം", അഥവാ, വിദ്യാഭ്യാസം എന്റെ കർത്തവ്യമാണ് എന്നു ഞാൻ പറയുമ്പോൾ, ജ്ഞാനസമ്പാദനത്തിനുവേണ്ടി, എന്ന വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യംകൂടി ഇതിൽ സൂചിതമായിരിക്കുന്നു. നമ്മുടെ അനുദിനജീവിതത്തിൽ ഇപ്രകാരമുള്ള എത്ര എത്ര നിസ്സാരമായ ചെയ്യേണ്ട കാര്യങ്ങൾ അഥവാ കർത്തവ്യങ്ങൾ ഉണ്ടു്. ജീവിതത്തിലെ ഈ ഓരോരോ കർത്തവ്യകർമ്മങ്ങളുടെയും പിന്നിൽ ഇതിനു പ്രചോദനംനൽകുന്ന ഓരോ ഉദ്ദേശ്യംകൂടി വേർപെടുത്താൻ പാടില്ലാത്തവിധം നിലകൊള്ളുന്നു. ഇമ്മാതിരിയുള്ള നമ്മുടെ ചെറിയ കർത്തവ്യങ്ങളുടെ എല്ലാം അടിയിൽ പരമപ്രധാനമായ ഒരു കർത്തവ്യം—നാം എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ ആ ഉദ്ദേശ്യം നാം സഫലമാക്കണമെന്ന കർത്തവ്യം—സ്ഥിതിചെയ്യുന്നു. സർവ്വപ്രധാനമായ ഈ കർത്തവ്യത്തിന്റെ പിറകിലാണ് മറെറല്ലാ കർത്തവ്യങ്ങളും. "ഞാൻ ജീവിക്കുന്നതു് എന്തിനുവേണ്ടി?" എന്ന ചോദ്യത്തിനുള്ള ഉത്തരത്തിലാണ് സർവ്വപ്രധാനമായി ഞാൻ ചെയ്യേണ്ട കാര്യം—എന്റെ പരമാന്ത്യം—സ്ഥിതിചെയ്യുന്നതും.

"ഞാൻ എന്തിനു ജീവിക്കുന്നു?" എന്ന ഈ ചോദ്യം സ്വയം ചോദിക്കുന്നവർ വളരെ ചുരുക്കം. പത്തു കാശിന്റെ വിലപിടിപ്പുള്ള എന്തെങ്കിലുമൊരു പുതിയ സാധനം വീട്ടിൽ കണ്ടാൽ അതു് എന്താണെന്നും, എന്തിനുവേണ്ടിയാണെന്നും അന്വേഷിക്കാതെ പലരും വിടുകയില്ല. എന്നാൽ ഇവർ തങ്ങളുടെ ജീവിതകാലത്തു് തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്തു്? എന്ന ചോദ്യം തങ്ങളോടുതന്നെ ചോദിക്കുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഗതി നോക്കുക. വൈദ്യുതശക്തിയുടെ ഉത്ഭവം; സൂര്യഗ്രഹണത്തിന്റെ കാരണം, ട്രേഡ്‌യൂനിയന്റെ ഉദ്ദേശ്യം മുതലായവയെപ്പററി കുട്ടികളെ പഠിപ്പിക്കുന്നു. പക്ഷേ, വിദ്യാഭ്യാസത്തിന്റെ യഥാർത്ഥോദ്ദേശ്യമെന്താണെന്നു് — മനുഷ്യജീവിതോദ്ദേശ്യമെന്താണെന്നു് — കുട്ടികളെ പഠിപ്പിക്കുന്നില്ല. ജീവിതത്തിന്റെ തത്വശാസ്ത്രം ശരിയായി ഗ്രഹിക്കാത്തതുകൊണ്ടാണ് വിദ്യാഭ്യാസധുരന്ധരന്മാർ വിദ്യാഭ്യാസത്തിന്റെ തത്വത്തെതന്നെ അവഗണിച്ചുകളയുന്നതു്. "The philosophy of education is derived from the philosophy of life." ജീവിതലക്ഷ്യമെന്താണെന്നുള്ള പ്രശ്നത്തിനു നാം നൽകുന്ന മറുപടിയെ ആശ്രയിച്ചിരിക്കുന്നു ഈ ലോകത്തിലെ നമ്മുടെ ജീവിത[illegible]വും പരലോകത്തിലെ നമ്മുടെ നിത്യസൌഭാഗ്യവും.

അതിനാൽ ഇനിയും, നമ്മുടെ ജീവിതോദ്ദേശ്യമെന്താണെന്നു് പരിശോധിക്കാം. നാം ഈ ലോകത്തിൽ സൃഷ്ടിക്ക

(ശേഷം 12-ാം പേജിൽ)

* Msgr. Fulton J. Sheen എഴുതിട്ടുള്ള "Freedom" എന്ന ഗ്രന്ഥത്തിൽ നിന്നു്.

# കൽക്കദോനിയാസൂനഹദോസ്

അഥവാ

# യാക്കോബായസഭയുടെ ഉത്ഭവം

(ചരിത്രസംഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു പ്രഹസനം)

(റി. ജെ. വി.)

## രംഗം 6

കൽക്കദോനിയാ സൂനഹദോസ്

[സൂത്രധാരൻ പ്രവേശിച്ചു കഥാസാരം പറയുന്നു:-

മഹതികളേ, മഹാന്മാരേ,

കൽക്കദോനിയാ സൂനഹദോസ് അഥവാ തിരുസ്സഭയിൽ നടന്ന നാലാമത്തെ പൊതുസൂനഹദോസാണു് ഇനി അഭിനയിക്കപ്പെടുന്നതു്.

എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ ആദരിച്ച ദിയസ്കോറോസിനെ ശപിച്ചു് സത്യവിശ്വാസം പ്രഖ്യാപനംചെയ്യുന്നതിനായി കൽക്കദോനിയായിൽ ക്രിസ്ത്വബ്ദം 451-ൽ സമ്മേളിച്ച ഈ പൊതുസൂനഹദോസിൽ 630 മേല്പട്ടക്കാർ സംബന്ധിച്ചിരുന്നു. ഇത്രയധികം മെത്രാന്മാർ സംബന്ധിച്ച ഒരു സൂനഹദോസ് പുരാതനകാലത്തു വേറെ ഉണ്ടായിട്ടില്ല. ഈ മെത്രാന്മാരിൽ മാർപ്പാപ്പായുടെ പ്രതിനിധികളായിവന്ന രണ്ടു മെത്രാന്മാരും, ആഫ്രിക്കായിൽനിന്നു വന്ന രണ്ടു മെത്രാന്മാരുമൊഴികെ ബാക്കിയുള്ളവരെല്ലാം പൗരസ്ത്യരായിരുന്നു (1)

വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയും തിരുസ്സഭയുടെ പരമാദ്ധ്യക്ഷനും എന്ന നിലയിൽ റോമ്മാമാർപ്പാപ്പായ്ക്കു പാശ്ചാത്യദേശത്തെ മാത്രമല്ല, പൗരസ്ത്യദേശത്തെ എല്ലാ മെത്രാന്മാരുടെയുംമേൽ അധികാരമുണ്ടെന്നും പുരാതനകാലത്തു എല്ലാ മെത്രാന്മാരും മാർപ്പാപ്പായുടെ ഈ അധികാരത്തെ സ്വീകരിച്ചിരുന്നെന്നും മറ്റുമുള്ള വിശ്വാസകാര്യങ്ങൾ ക്രിസ്ത്വബ്ദം 431-ൽ നടന്ന എഫേസൂസ് സൂനഹദോസിലെ നടപടികൾപോലെതന്നെ കൽക്കദോനിയാസൂനഹദോസിലെ നടപടികളും വ്യക്തമാക്കുന്നു.

കോൺസ്റ്റൻറിനോപ്പിളിലെ അനത്തോളിയസ്, അന്ത്യോക്യായിലെ മാക്സിമോസ്, ജറുസലേമിലെ യുവനേൽ എന്നീ പാത്രിയർക്കീസുമാരും ഈ സൂനഹദോസിൽ സന്നിഹിതരായിരിക്കുന്നു. എന്നാൽ പുരാതനമായ നടപടിയനുസരിച്ചു മാർപ്പാപ്പായുടെ പ്രതിനിധികളായിവന്ന പസ്കാസീനൂസ്, ലൂക്കെൻസിയൂസ് എന്നീ മെത്രാന്മാരും, ബൊനിഫാസ് എന്ന പട്ടക്കാരനുമാണു സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുന്നതു്. എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ ഖണ്ഡിച്ചു, സത്യവിശ്വാസം വിശദമാക്കിയും ലെയോൻ മാർപ്പാപ്പാ ഫ്ളാവിയൻ പാത്രിയർക്കീസിനു നേരത്തെ അയച്ച ലേഖനം സൂനഹദോസിൽ വായിക്കപ്പെടുന്നു. അപ്പോൾ സൂനഹദോസിൽ സന്നിഹിതരായ എല്ലാ പിതാക്കന്മാരും ഏകസ്വരത്തിൽ "ഇതാണു പിതാക്കന്മാരുടെ വിശ്വാസം; വിശുദ്ധ പത്രോസ് ലെയോന്റെ അധരങ്ങൾവഴി സംസാരിച്ചിരിക്കുന്നു" എന്നിങ്ങനെ വിളിച്ചുപറഞ്ഞു് മാർപ്പാപ്പായുടെ തീരുമാനത്തെ സ്വീകരിക്കുന്നു. എന്നാൽ ദിയസ്കോറോസ് ആകട്ടെ എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ ആദരിച്ചും, "തസ്കരസംഘ"ത്തിൽവച്ചു താൻ ചെയ്ത അക്രമപ്രവൃത്തികളെക്കുറിച്ചു യാതൊരു അനുതാപവും കാണിക്കാതെയും അവയെല്ലാം സാധൂകരിക്കുന്നതിനു ശ്രമിക്കുന്നു. തന്മൂലം സൂനഹദോസിലെ പിതാക്കന്മാർ അദ്ദേഹം കുറ്റക്കാരനും ശിക്ഷാർഹനുമാണെന്നു് അഭിപ്രായപ്പെടുന്നു. മാർപ്പാപ്പായുടെ പ്രതിനിധികളിൽ ഒരാളായ പസ്കാസീനൂസ് ദിയസ്കോറോസിനെതിരായി ഔദ്യോഗികമായ വിധി പ്രസ്താവിക്കുന്നു. സൂനഹദോസ് ദിയസ്കോറോസിനെ സ്ഥാനഭ്രംശം ചെയ്തു തൽസ്ഥാനത്തു പ്രോത്തേറിയസിനെ അലക്സാണ്ഡ്റിയാ പാത്രിയർക്കീസായി നിയമിക്കുന്നു. ദിയസ്കോറോസിന്റെ സ്ഥാനഭ്രംശത്തെ മർസിയൻ ചക്രവർത്തി സ്വീകരിച്ചു് ഗാൻഗ്രാ എന്ന സ്ഥലത്തേക്കു അദ്ദേഹത്തെ നാടുകടത്തുന്നു. ദിയസ്കോറോസ് 451-ൽ അവിടെവച്ചു മരണംപ്രാപിക്കുന്നു.

എവുത്തിക്കോസ് പഠിപ്പിക്കുകയും, ദിയസ്കോറോസ് താലോലിക്കുകയും ചെയ്തെങ്കിലും 630 പിതാക്കന്മാർ സംബന്ധിച്ച കൽക്കദോനിയാസൂനഹദോസിൽവച്ചു നിയമപ്രകാരം പാഷണ്ഡോപദേശമായി ശപിക്കപ്പെട്ട ഏകസ്വഭാവവാദത്തിൽനിന്നാണു് ഈജിപ്തു, അബിസ്സീനിയ, അർമ്മേനിയ എന്നീ സഭകളെപ്പോലെ യാക്കോബായസഭയും ഉത്ഭവിച്ചിട്ടുള്ളതു്. പൗരസ്ത്യദേശത്തെ ഏകസ്വഭാവവാദികളുടെയെല്ലാം മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടവനും, ക്രിസ്ത്വബ്ദം 543 മുതൽ 578 വരെ എദേസ്സായിലെ മെത്രാനായി ഭരണംനടത്തിയവനും, ഇരുപതോളം വിഭിന്നവിഭാഗങ്ങളായി വേർപിരിഞ്ഞു ലോകരംഗത്തുനിന്നു മായാൻ തുടങ്ങിയ ഏകസ്വഭാവവാദികളെയെല്ലാം കൂട്ടിച്ചേർത്തു സുസംഘടിതമായ ഒരു സംഘടന അവരിൽ ഉളവാക്കിയശേഷം വി. പത്രോസ് സ്ഥാപിച്ച അന്ത്യോക്യാസിംഹാസനത്തിൽ എവുഫ്രോസിയൂസ് എന്ന നിയമാനുസൃത പാത്രിയർക്കീസ് ഉണ്ടായിരിക്കെ അദ്ദേഹത്തിന്റെ അധികാരത്തെ നിഷേധിച്ചു് മട്ടിനിൽ "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന പേരിൽ അനധികൃതമായി സേർജിയൂസ് എന്നൊരാളെ പാത്രിയർക്കീസായി വാഴിച്ചവനുമായ യാക്കോബ് ബുർദാനായിൽനിന്നാണു സിറിയായിലെ ഈജിപ്തിലും മറ്റും ഉണ്ടായിരുന്ന ഏകസ്വഭാവവാദികൾക്കു യാക്കോബായക്കാർ എന്നു പേരു സിദ്ധിച്ചതു്.

അർമ്മേനിയൻ സഭക്കാരെപ്പോലെ യാക്കോബായക്കാരും എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ സ്വീകരിക്കയും, എവുത്തിക്കോസിനെയും ദിയസ്കോറോസിനെയും ശപിച്ച കൽക്കദോനിയാ സൂനഹദോസ് അസാധുവാണെന്നു വാദിക്കയും ചെയ്യുന്നു. നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ് എന്നീ മൂന്നു സൂനഹദോസുകളെ പൊതുസൂനഹദോസുകളായി സ്വീകരിക്കുന്ന യാക്കോബായക്കാർ ഈ മൂന്നു സൂനഹദോസുകളെപ്പോലെതന്നെ നിയമാനുസരണം സമ്മേളിക്കയും, റോമ്മാസിംഹാസനത്തിലെ പ്രതിനിധികൾ, അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ, ജറുസലേം എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാർ ആദിയായവർ ഉൾപ്പെടെ 630 പിതാക്കന്മാർ അംഗീകരിച്ചു് ഉറപ്പിക്കയുംചെയ്ത കൽക്കദോനിയാസൂനഹദോസ് അസാധുവാണെന്നു വാദിച്ചു കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നു—റോമ്മാ "റീശ്" പാത്രിയർക്കീസിന്റെ* അധികാരത്തിൽനിന്നു്—പിന്മാറി നില്ക്കുന്നതും, അതുപോലെതന്നെ ഇത്രയധികം പിതാക്കന്മാർ ഒരു പാഷണ്ഡിയായി പരിഗണിച്ചു ശപിച്ച ദിയസ്കോറോസിനെ "ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഏല്പിച്ചുതന്ന" മഹാവിശുദ്ധന്മാരിൽ ഒരാളായി വി. കുർബാനയിൽ എടുത്തുപറഞ്ഞു് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം യാചിക്കുന്നതും ന്യായാനുസരണമോ, യുക്തിയുക്തമോ, തിരുസ്സഭയിലെ പുരാതനമായ വിശ്വാസത്തിനും കാനോനാകൾക്കും നടപടികൾക്കും അനുയോജ്യമോ അല്ല. തങ്ങളുടെ പൂർവ്വപിതാക്കന്മാർ ഏതു സൂനഹദോസിൽ വച്ചു സാർവത്രികസഭയിൽനിന്നു ബഹിഷ്കൃതരായോ ആ കൽക്കദോനിയാ സൂനഹദോസിന്റെ വിശ്വാസത്തെ ഏറ്റുപറഞ്ഞ മാതൃസഭയായ കത്തോലിക്കാസഭയോടു യോജിക്കാത്തകാലത്തോളം യാക്കോബായക്കാരുടെ നില സാധുവല്ല; യാക്കോബായസഭ രക്ഷാകരമായ ഏകവിശുദ്ധസഭയുമല്ല.

ഭിന്നിച്ചു നില്ക്കുന്ന കത്തോലിക്കാ സഹോദരങ്ങളെല്ലാം ഏകതൊഴുത്തിൽ പ്രവേശിച്ചു് ഏക ഇടയന്റെ ഭരണത്തിലാകുന്ന സുവർണ്ണകാലം വേഗം സമാഗതമാകട്ടെ. അതിനായി നമുക്കു പ്രയത്നിക്കാം. അതിനായി നമുക്കു പ്രാർത്ഥിക്കാം.

വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നീണാൾ വാഴട്ടെ!]

(ലെയോൻമാർപ്പാപ്പായുടെ പ്രതിനിധികളായ പസ്കാസീനൂസ്, ലൂക്കെൻസിയൂസ്, ബൊനിഫാസ് എന്നിവർ അദ്ധ്യക്ഷസ്ഥാനത്തു ഇരിക്കുന്നു. അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ, ജറുസലേം എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസുമാരും, "തസ്കരസംഘ"ത്തിൽവച്ചു ദിയസ്കോറോസ് സ്ഥാനഭ്രംശം ചെയ്ത ഡൊറിലേയമിലെ മെത്രാനായ എവുസേബിയസ്, സൈർഹസിലെ (Cyrrhus) മെത്രാനായ തെയോഡൊറേറ്റ് എന്നിവരും മറ്റുമെത്രാന്മാരും ഈ സൂനഹദോസിൽ സന്നിഹിതരായിരിക്കുന്നു. ദിയസ്കോറോസ് മറ്റുമെത്രാന്മാരുടെ—വിധികർത്താക്കളായ മെത്രാന്മാരുടെ—ഇടയിൽ ഇരിക്കുന്നു. മാർപ്പാപ്പായുടെ പ്രതിനിധികളിൽ ഒരാളായ പസ്കാസീനൂസ് എഴുന്നേറ്റു സൂനഹദോസ് ഉദ്ഘാടനംചെയ്തുകൊണ്ടു പറയുന്നു):—

അഭിവന്ദ്യ പാത്രിയർക്കീസുമാരേ, പിതാക്കന്മാരേ,

നാം ഇന്നു് ഇവിടെ സമ്മേളിച്ചിരിക്കുന്നതു് അലക്സാണ്ഡ്റിയാ പാത്രിയർക്കീസായ ദിയസ്കോറോസിനെ നിയമാനുസരണം വിസ്തരിച്ചു് അദ്ദേഹത്തിന്റെ വിശ്വാസത്തെയും, എഫേസൂസ് യോഗത്തിലും മറ്റുംവച്ചു് അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളെയും പറ്റി ഔദ്യോഗികമായി വിധിപ്രസ്താവിക്കുവാനാണു്. ഈ സൂനഹദോസ് ഉദ്ഘാടനംചെയ്യുന്ന ഈ അവസരത്തിൽ ആദ്യമായി ഒരു പ്രത്യേകകാര്യം എനിക്കു പറയുവാനുണ്ടു്. ദിയസ്കോറോസ് ഒരു കുറ്റക്കാരനാണെന്നു് എല്ലാവരും അറിഞ്ഞിരിക്കുന്നു. അതിൽ ആർക്കും സംശയവുമില്ല. ആകയാൽ ദിയസ്കോറോസ് സൂനഹദോസിലെ അംഗങ്ങളുടെകൂടെയോ, വിധികർത്താക്കളുടെകൂടെയോ ഇരിക്കുവാൻ പാടില്ല. തന്റെ നിലയെ സംബന്ധിച്ച സമാധാനം ബോധിപ്പിക്കുന്നതിനുള്ള അവകാശംമാത്രമേ അദ്ദേഹത്തിനുള്ളു എന്നു അതിവിശുദ്ധനും സകല പള്ളികളുടെയും തലവനുമായ റോമ്മാനഗരത്തിന്റെ അപ്പസ്തോലികമെത്രാനിൽനിന്നു ഞങ്ങൾ നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടു്." (2)

മാർപ്പാപ്പായുടെ മറ്റൊരു പ്രതിനിധിയായ ലൂക്കെൻസിയൂസ് (എഴുന്നേറ്റു പറയുന്നു):—"ദിയസ്കോറോസ് സ്വയമായി നടത്തിയ വിധിയെ സംബന്ധിച്ചു് ഒരു കണക്കു ബോധിപ്പിക്കട്ടെ. എന്തുകൊണ്ടെന്നാൽ അദ്ദേഹം ഒരു വിധികർത്താവിന്റെ അധികാരത്തെ കവർന്നെടുക്കുകയും, അപ്പസ്തോലിക സിംഹാസനത്തിൽ (റോമ്മാസിംഹാസനത്തിൽ) നിന്നുള്ള അധികാരമില്ലാതെ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുവാൻ ധൈര്യപ്പെടുകയുംചെയ്തു. അതൊരിക്കലുംനടന്നിട്ടില്ലാത്തതും, നടക്കാൻപാടില്ലാത്തതുമാകുന്നു." (3)

പൗരസ്ത്യമെത്രാന്മാരെല്ലാം (ഏകസ്വരത്തിൽ) വിളിച്ചുപറയുന്നു:— "ഫ്ളാവിയനെ കൊന്നവനെ പുറത്തിറക്കിവിടുവിൻ." (4) കുറ്റക്കാർ ഇരിക്കേണ്ട സ്ഥലത്തു ദിയസ്കോറോസ് ഇരിക്കട്ടെ.

(ഈ പ്രതിഷേധങ്ങളുടെ ഫലമായി ദിയസ്കോറോസ് സ്വസ്ഥാനത്തുനിന്നു് എഴുന്നേറ്റു സൂനഹദോസിന്റെ മദ്ധ്യത്തിൽ—കുറ്റക്കാർ ഇരിക്കുന്നസ്ഥലത്തു—ഇരിക്കുന്നു)

എവുസേബിയസ് (എഴുന്നേറ്റു പറയുന്നു):—ഡൊറിലേയമിലെ മെത്രാനായ എന്നെ എഫേസൂസ് യോഗത്തിൽ വച്ചു് ഇവിടെ ഇരിക്കുന്ന ദിയസ്കോറോസ് തിരുമേനി നിയമവിരുദ്ധമായി സ്ഥാനഭ്രംശം ചെയ്തതു വന്ദ്യപിതാക്കന്മാർ അറിഞ്ഞിട്ടുള്ള ഒരു സംഗതിയാണല്ലോ. എവുത്തിക്കോസ് അബദ്ധോപദേശം പഠിപ്പിക്കുവാൻ തുടങ്ങിയപ്പോൾതന്നെ അതു അബദ്ധമാണെന്നു കോൺസ്റ്റൻറിനോപ്പിൾപാത്രിയർക്കീസായിരുന്ന ഫ്ളാവിയനെ നാം അറിയിച്ചു എന്നല്ലാതെ യാതൊരു കുറവും നാം ചെയ്തിട്ടില്ല. ഇക്കാര്യത്തെ സംബന്ധിച്ചു ഈ സൂനഹദോസ് ന്യായമായ ഒരു തീരുമാനം ചെയ്യണമെന്നു് അഭ്യർത്ഥിക്കുന്നു. (ഇരിക്കുന്നു)

തെയോഡൊറേറ്റ് (എഴുന്നേറ്റുപറയുന്നു):- സൈർഹസിലെ മെത്രാനായ നമ്മെയും ദിയസ്കോറോസ് തിരുമനസ്സുകൊണ്ടു് നിയമവിരുദ്ധമായി സ്ഥാനഭ്രംശം ചെയ്തു. സത്യവിശ്വാസം പരിരക്ഷിക്കുന്നതിനുവേണ്ടി നിരവധിത്യാഗങ്ങളും പീഡകളും നാം സഹിച്ചിട്ടുണ്ടെന്നുള്ള കാര്യം വന്ദ്യപിതാക്കന്മാർക്കെല്ലാം അറിവുണ്ടെന്നു വിശ്വസിക്കുന്നു. ബഹിഷ്കൃതനായ നമ്മെ നമ്മുടെ സിംഹാസനത്തിൽ പ്രവേശിപ്പിക്കുന്നതിനു് ഈ സൂനഹദോസ് പരിശ്രമിക്കണമെന്നു സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

(ഇരിക്കുന്നു)

പസ്കാസീനൂസ് (എഴുന്നേറ്റു ദിയസ്കോറോസിനോടു ചോദിക്കുന്നു):- അഭിവന്ദ്യനായ ദിയസ്കോറോസ് തിരുമേനി, ഈ മെത്രാന്മാർ അങ്ങിൽ ആരോപിക്കുന്ന കുറ്റങ്ങളെല്ലാം അവിടുന്നു കേട്ടല്ലോ. എഫേസൂസ് യോഗത്തിൽ അവിടുന്നു ചെയ്ത അക്രമപ്രവൃത്തികൾ സഭയുടെ നിയമങ്ങൾക്കു വിരുദ്ധമാണെന്നു സമ്മതിച്ചു ക്ഷമായാചനംചെയ്യുവാൻ അവിടുന്നു സന്നദ്ധനാണോ? പാഷണ്ഡോപദേശം പഠിപ്പിച്ചുവരുന്ന എവുത്തിക്കോസിനെ അവിടുന്നു സർവ്വപ്രകാരേണ അനുകൂലിച്ചു സഹായിച്ചുവരുന്നതു തെറ്റാണെന്നു അവിടുത്തേക്കു ബോദ്ധ്യമുണ്ടോ?

ദിയസ്കോറോസ് (അഹങ്കാരപൂർവ്വം): എഫേസൂസ് സൂനഹദോസിൽ നാം ചെയ്ത പ്രവൃത്തികളിൽ ഒന്നെങ്കിലും നിയമവിരുദ്ധമാണെന്നു് എത്ര ആലോചിച്ചിട്ടും നമുക്കു ബോദ്ധ്യംവരുന്നില്ല. നെസ്തോറിയസിന്റെ അബദ്ധോപദേശത്തിനു് എതിരായി സത്യവിശ്വാസം പഠിപ്പിച്ചുവരുന്ന എവുത്തിക്കോസിനെ ഒരു പാഷണ്ഡിയായി പരിഗണിക്കുവാൻ നമുക്കു നിർവ്വാഹമില്ല. ഫ്ളാവിയനും ലെയോനും സ്വീകരിച്ചിരിക്കുന്ന അബദ്ധവിശ്വാസത്തെ ഏറ്റുപറഞ്ഞു നിങ്ങളെല്ലാം കൊടുക്കുന്ന താളത്തിനു തുള്ളുവാൻ നാം സന്നദ്ധനല്ല. മഹനീയമായ അലക്സാണ്ഡ്റിയാ സിംഹാസനത്തിൽ പാത്രിയർക്കീസായി വാഴുന്ന നമ്മെ ഭയപ്പെടുത്തി എന്തെങ്കിലും കാര്യം സാധിക്കാമെന്നു നിങ്ങളാരും വിചാരിക്കേണ്ട.

പസ്കാസീനൂസ്:— അഭിവന്ദ്യ പിതാക്കന്മാരേ, ദിയസ്കോറോസിന്റെ ധിക്കാരപൂർവ്വകമായ മറുപടി നിങ്ങൾ കേട്ടല്ലോ. ഇദ്ദേഹം അല്പമെങ്കിലും അനുതാപം കാണിക്കയോ, ചെയ്ത ഭയങ്കരമായ കുറ്റങ്ങളിൽ ഒന്നെങ്കിലും നിയമവിരുദ്ധമാണെന്നു സമ്മതിക്കയോ ചെയ്യുന്ന ലക്ഷണമൊന്നും കാണുന്നില്ല. അഭിവന്ദ്യനായ ദിയസ്കോറോസ് തിരുമേനി, ഒരിക്കൽക്കൂടി ഈ സൂനഹദോസിലെ പിതാക്കന്മാരുടെ നാമത്തിൽ വിനീതമായി ഞാൻ ചോദിച്ചുകൊള്ളട്ടെ, അവിടുന്നു് എഫേസൂസ് യോഗത്തിൽ ചെയ്തതു തെറ്റിപ്പോയി എന്നു് ഏറ്റുപറഞ്ഞു ക്ഷമായാചനം ചെയ്യാനും സത്യവിശ്വാസം സ്വീകരിക്കാനും അവിടുത്തേക്കു മനസ്സുണ്ടോ, അതോ ഈ സൂനഹദോസിൽ സംബന്ധിച്ചിരിക്കുന്ന ഞങ്ങളെല്ലാം അവിടുത്തേക്കു് എതിരായി വിധി പ്രസ്താവിക്കണമോ? ശാന്തമായി ആലോചിച്ചു് ഉത്തരം പറഞ്ഞാലും.

ദിയസ്കോറോസ് (സഗൗരവം):- നമുക്കു ഇനി ആലോചിക്കാനൊന്നുമില്ല. എല്ലാം നേരത്തെ നാം ആലോചി-

(ശേഷം 11-ാം പേജിൽ)

1) Hefele, History of the Councils. Ed. Clark (Eng. Trans) III, P. 309

* റീശ്പാത്രിയർക്കീസ് — പാത്രിയർക്കീസുമാരുടെ തലവൻ. കർബാനക്രമം, 5-ാം തുബ്ദേൻ (മാദ്ധ്യസ്ഥപ്രാർത്ഥന)

2) Act. Labb. T. iv. P. 94; Hard. T. H. P. 68

3) Mansi, vi, 645

4) Cf. Adrian Fortesque, The Lesser Eastern churches P. 178.

# ഫാത്തിമായിലെ കുട്ടികൾ

അദ്ധ്യായം 4

## സന്ദേശം

ലൂസിയുടെ പരിഭ്രമം ആ മാന്യ ഗ്രഹിച്ചു. തന്റെ പ്രിയംനിറഞ്ഞ സഹോദരങ്ങളെക്കൂടാതെ തനിച്ചു ലോകത്തു ജീവിക്കേണ്ടിവരുന്നതിനെ കുറിച്ചു് ആവലാതിപ്പെട്ട ആ പെൺകുട്ടിയെ മാതൃനിർവ്വിശേഷമായ വാത്സല്യത്തോടെ സാന്ത്വനപ്പെടുത്തുവാൻ അവർ തിടുക്കം പൂണ്ടു.

"എന്റെ കുഞ്ഞേ, നീ തനിച്ചാകുമെന്നു ഭയപ്പെടേണ്ടാ. ഞാൻ നിന്നെ ഒരിക്കലും കൈവെടിയുകയില്ല. എന്റെ വിമലഹൃദയം നിന്റെ അഭയകേന്ദ്രവും നിന്നെ ഈശോയുടെ പക്കലേക്കു നയിക്കുന്ന രക്ഷാമാർഗ്ഗവും ആയിരിക്കും."

ഇത്രയും പറഞ്ഞിട്ടു് ആ സ്ത്രീരത്നം കുട്ടികളുടെ നേരെ കൈകൾ നീട്ടി. കരതലത്തിൽനിന്നു് ഉജ്ജ്വലമായ പ്രകാശകിരണങ്ങൾ അവരുടെ ഹൃദയാന്തർഭാഗങ്ങളിൽ ചൂഴ്ന്നിറങ്ങുന്നതുപോലെ തോന്നി. ആ രശ്മികൾ അനനുഭൂതമായ ഒരു സ്നേഹാതിരേകവും തീക്ഷ്ണതയും അവരിൽ ജനിപ്പിച്ചു. വിമലഹൃദയത്തെ അറിയുകയും സ്നേഹിക്കുകയും



ചെയ്യുന്നതു് എത്രമേൽ എളുപ്പമാണെന്നു് അവക്കു മനസ്സിലായി.

അതിനുശേഷം ആ മാന്യസ്ത്രീ സ്വഹൃദയം അവക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. കൂർത്തമുള്ളുകളാൽ ചുററപ്പെട്ടും, ആ മുള്ളുകളാററു് എല്ലാവശവും മുറിപ്പെട്ടുമിരുന്ന ആ ഹൃദയം കുട്ടികൾ മൂവരും കണ്ടു.

സ്ത്രീ ലൂസിയുടെമേൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ടു പറഞ്ഞു: "എന്റെ കുഞ്ഞേ, നന്ദിഹീനരായ മനുഷ്യർ അവരുടെ ദൈവദൂഷണം വഴിയായി നിമിഷംതോറും തറച്ചുകയററുന്ന മുള്ളുകളാൽ നിറയപ്പെട്ട എന്റെ ഹൃദയം നീ കാണുക. നീയെങ്കിലും എന്നെ സമാശ്വസിപ്പിക്കാൻ ശ്രമിക്കുക."

ലൂസി തന്റെ കരങ്ങൾ കൂപ്പി. സ്ത്രീയുടെ ഹൃദയത്തിൽ ആ മുള്ളുകൾ എത്ര ക്രൂരമായി തറഞ്ഞുകയറിയിരിക്കുന്നു. അവരുടെ കണ്ണുകളിലും സ്വരത്തിലും ഇത്രയധികം ദുഃഖവും വേദനയും പ്രത്യക്ഷപ്പെടുന്നതിൽ അത്ഭുതപ്പെടുവാനില്ല. സ്ത്രീയുടെ വേദന ശമിപ്പിക്കുന്നതിനുവേണ്ടി മാത്രം എന്തെങ്കിലും ചെയ്യുവാൻ തങ്ങൾക്കു കഴിഞ്ഞെങ്കിൽ! ലൂസി ഇങ്ങനെ പലതും വിചാരിച്ചു. അതിനിടയിൽ ശാന്തവും ഗൗരവവുമായ സ്വരത്തിൽ ആ മാന്യസ്ത്രീ തുടർന്നു:-

"അഞ്ചു മാസാദ്യശനിയാഴ്ച തുടർച്ചയായി കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിച്ചു് ജപമാല ചൊല്ലുകയും, കൊന്തയുടെ പതിനഞ്ചു രഹസ്യങ്ങളെ കുറിച്ചു ധ്യാനിച്ചുകൊണ്ടു്, എന്നോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായി എന്നോടൊന്നിച്ചു കാൽമണിക്കൂർ ചെലവഴിക്കുകയും ചെയ്യുന്നവരെ, നിത്യരക്ഷയ്ക്കാവശ്യമുള്ള പ്രസാദവരങ്ങളാൽ മരണനേരത്തു ഞാൻ സഹായിക്കുമെന്നു വാഗ്ദാനം ചെയ്യുന്നതായി എല്ലാ മനുഷ്യരെയും അറിയിക്കുക."

അസാധാരണവും അത്ഭുതാവഹവുമായ ആ സന്ദേശം ശ്രവിച്ചു്, അതിന്റെ അർത്ഥം ഗ്രഹിച്ചതോടുകൂടി ലൂസിയുടെ നയനങ്ങൾ സന്തോഷംകൊണ്ടു പ്രകാശമാനങ്ങളായി. എങ്കിലും ജസിന്തയ്ക്കും ഫ്രാൻസിസിനും ഈ പുതിയ ജോലിയിൽ പൂർണ്ണമായി സഹകരിക്കുവാൻ സാധിക്കുകയില്ലല്ലോ എന്നു് അവൾ കണ്ഠിതപ്പെട്ടു. അവർ രണ്ടുപേരും ഇടവകപ്പള്ളിയിൽ അവരുടെ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തിയിട്ടില്ലായിരുന്നു. ആ സ്ഥിതിക്കു് മാസാദ്യശനിയാഴ്ചതോറും കുർബാന കൈക്കൊള്ളുവാൻ അവർ അനുവദിക്കപ്പെടുകയില്ലല്ലോ.

ലൂസി ഇങ്ങനെ വിചാരിച്ചുകൊണ്ടു നില്ക്കുമ്പോൾ ആ സ്വർഗ്ഗീയസുന്ദരി പെട്ടെന്നു കിഴക്കോട്ടു തിരിഞ്ഞു് ഓക്കുവൃക്ഷത്തിന്റെ ശിഖരങ്ങളിൽനിന്നു് മന്ദംമന്ദം നീങ്ങി വായുവിൽ അപ്രത്യക്ഷയാവുകയും ചെയ്തു. കുറേ നേരത്തേക്കു് കുട്ടികൾ മൂന്നുപേരും ആ സ്ത്രീപോയ ദിക്കിലേക്കു മിഴിച്ചുനോക്കിക്കൊണ്ടു നിന്നു.

"ആ സ്ത്രീ എത്ര മനോഹരിയാണു്! എങ്കിലും, ആ ഹൃദയത്തിലെ കൂർത്തമുള്ളുകൾ!! ലൂസി അവയെങ്ങനെ അവിടെ വന്നു? ആ സ്ത്രീ അത്രമാത്രം ദുഃഖം സഹിക്കേണ്ടിവരുന്നതെന്തുകൊണ്ടാണു്?" വയലിലേക്കു കണ്ണോടിച്ചുകൊണ്ടു ജസീന്ത ജിജ്ഞാസാപൂർവ്വം ചോദിച്ചു.

ലൂസി പ്രതിവചിച്ചു:—"പാപികളാണു് ആ ഹൃദയത്തിൽ മുള്ളുതറയ്ക്കുന്നതെന്നു് സ്ത്രീ പറഞ്ഞതു നീ കേട്ടില്ലേ? ആ സ്ത്രീയെ സമാശ്വസിപ്പിക്കാൻ കഴിവുള്ളതൊക്കെ നമ്മൾ ചെയ്യണം. നിവൃത്തിയുള്ളിടത്തോളം ശരിയായി ജപമാലയെത്തിക്കണം."

"തീർച്ചയായും. എങ്കിലും ഇത്ര മനോഹാരിണിയായ ആ സ്ത്രീയെ ഉപദ്രവിക്കുവാൻ ആക്കു മനസ്സുവരും? അതാണു് എനിക്കു മനസ്സിലാകാത്തതു്."

"എനിക്കും അതു തീരെ മനസ്സിലാകുന്നില്ല. പക്ഷേ സ്ത്രീ പറഞ്ഞതു നീ കേട്ടില്ലേ. മുള്ളുകൾ കാണുകയും ചെയ്തു. അതുകൊണ്ടു നാം, നല്ലവരായിരിക്കുവാൻ ഉദ്യമിക്കയാണെങ്കിൽ ചുരുങ്ങിയപക്ഷം ഒരു പാപി ആ സ്ത്രീയോടു ചെയ്യുന്ന ദ്രോഹങ്ങൾക്കെങ്കിലും പരിഹാരം ചെയ്യാൻ നമുക്കു തീർച്ചയായും സാധിക്കും."

"ദയവായി എല്ലാം സംഗതികളും എന്നോടു കൂടി പറയണേ!" സ്വർഗ്ഗീയസന്ദർശകയുടെ സംഭാഷണത്തിലെ ഒരു വാക്കുപോലും കേൾക്കാൻ കഴിയാതിരുന്നതിൽ കുണ്ഠിതനായിനിന്ന ഫ്രാൻസിസ് യാചിച്ചു.

"ഇന്നത്തെ അതിപ്രധാനമായ സന്ദേശം അഞ്ചു് ആദ്യശനിയാഴ്ചകളെക്കുറിച്ചുള്ളതായിരുന്നു. ആ ദിവസങ്ങളിൽ കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കണമെന്നാണു് അവർ പറഞ്ഞതു്." ലൂസി പറഞ്ഞു.

"ഇടരെ അഞ്ചുപ്രാവശ്യം അങ്ങനെ മുടങ്ങാതെ ചെയ്യുകയും, കൊന്തയെത്തിക്കയും, ജപമാലയിലെ രഹസ്യങ്ങളെക്കുറിച്ചു പതിനഞ്ചുമിനിട്ടുനേരം ധ്യാനിക്കയും ചെയ്യുന്നവരുടെ മരണാസന്നസമയത്തു് പരിശുദ്ധകന്യകാമറിയം പ്രത്യക്ഷപ്പെട്ടു് സ്വർഗ്ഗത്തിലേക്കു പോകാൻ അവരെ സഹായിക്കുമെന്നും ഞങ്ങളോടു പറഞ്ഞു." ജസീന്ത പൂരിപ്പിച്ചു.

"പക്ഷേ, ഇവയെല്ലാം ആ സ്ത്രീയുടെ വിമലഹൃദയത്തെ ആശ്വസിപ്പിക്കുന്നതിനുള്ള പരിഹാരങ്ങളായി വണ. നിയോഗിക്കുവാൻ. പരിഹാരകർമ്മമെന്താണെന്നറിയാമോ ഫ്രാൻസിസ്?" ലൂസി ചോദിച്ചു.

ഫ്രാൻസിസ് തലകുലുക്കി. അതു് ഒരു നീണ്ടവാക്യമായിരുന്നെങ്കിലും ലൂസിയുമായുള്ള സംഭാഷണത്തിൽ സ്ത്രീ ആവർത്തിച്ചുപയോഗിച്ചിരുന്നു. തീക്ഷ്ണമായ പ്രത്യേകപ്രാർത്ഥനകളും ത്യാഗകർമ്മങ്ങളും വഴിയായി മററുള്ളവരുടെ പാപങ്ങൾക്കു പരിഹാരംചെയ്യുകയെന്നാണു് അതു കൊണ്ടുദ്ദേശിക്കപ്പെടുന്ന അർത്ഥം. മുതിർന്ന ആളുകൾക്കുമാത്രം പ്രതീക്ഷിക്കാവുന്ന ഒരു സുകൃതമല്ലതു്. വളരെ കൊച്ചുകുഞ്ഞുങ്ങൾക്കുപോലും പരിഹാരാനുഷ്ഠാനം. കുട്ടികൾ എപ്പോഴും സന്തുഷ്ടിയും അനുസരണവും സന്നദ്ധതയും പ്രദർശിപ്പിച്ചാൽ അതു വഴിയായി അവർക്കു് ദിവസവും മററുള്ളവരുടെ പാപങ്ങൾക്കു പരിഹാരംചെയ്യാവുന്നതാണു്.

"ഇപ്പോൾ എന്നെ സംബന്ധിച്ചിടത്തോളമുള്ള പരിഹാരം ജപമാല ശരിയായി എത്തിക്കുകയെന്നുള്ളതാണു്. ഞാൻ ആദ്യകുർബാന കൈക്കൊണ്ടുകഴിഞ്ഞാൽ എല്ലാ മാസാദ്യശനിയാഴ്ചയും കുമ്പസാരിച്ചു കുർബാന കൈക്കൊള്ളുകയും ചെയ്യും." ഫ്രാൻസിസ് പറഞ്ഞു.

"ഞാനും അങ്ങനെതന്നെ ചെയ്യും. കൊന്തയെത്തിക്കുന്നതിൽ ഞാൻ മടികാണിച്ചു എന്നോർക്കുമ്പോൾ എനിക്കു ദുഃഖം തോന്നുന്നു. ഞാൻ വേണ്ടത്ര സഹായിക്കാൻ ശ്രമിക്കാതിരുന്നതുമൂലം അനേകം പാപികൾ നരകത്തിൽ പോകാനിടയായിട്ടുണ്ടായിരിക്കും." ജസീന്ത സങ്കടപ്പെട്ടു.

ഈ സംഭാഷണത്തിനിടയിൽ അവരെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു വയലിൽ ഇരച്ചുകൂടിയിരുന്ന ജിജ്ഞാസുക്കളായ കാണികളെ അവർ വിസ്മരിച്ചുപോയി. അല്പസമയത്തിനുള്ളിൽ അവരെ ചുററിയിരുന്നവരുടെ ശബ്ദം കേൾക്കാറായി.



"നീയെങ്കിലും എന്നെ ആശ്വസിപ്പിക്കാൻ ശ്രമിക്കുക."

"വാഗ്ദാനം ചെയ്തിരുന്നതുപോലെ സ്ത്രീ വരികയുണ്ടായോ? അങ്ങനെ വന്നിരുന്നെങ്കിൽ ഇവിടെ കൂടിയിരുന്ന ഏഴുപതോളം ക്രിസ്ത്യാനികളുടെ കണ്ണുകൾക്കു് അവരെ കാണാൻകഴിയാതെ പോയതെന്തുകൊണ്ടു്?" ജനങ്ങൾ ചോദിച്ചു

ലൂസി അല്പനേരം ആലോചിച്ചു നിന്നിട്ടു് ഓക്കുവൃക്ഷം ചൂണ്ടിക്കാണിച്ചുകൊണ്ടു് സധൈര്യം മറുപടി പറഞ്ഞു:-

"സ്ത്രീ അല്പം മുമ്പു വന്നു. അവർ അവിടെ നിന്നു."

"ആ കൊച്ചുമരത്തിന്റെ മുകളിലാണോ?"

"അതെ. കഴിഞ്ഞ പ്രാവശ്യത്തേപ്പോലെതന്നെ."

"അവർ എന്താണു പറഞ്ഞതു്?"

"കൊന്തയുടെ ഓരോ രഹസ്യത്തിന്റെയും അന്ത്യത്തിലുള്ള ത്രിത്വസ്തുതിക്കുശേഷം ചൊല്ലാനുള്ള ഒരു പ്രാർത്ഥന ഞങ്ങളെ പഠിപ്പിച്ചു."

"ആ പ്രാർത്ഥന നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ?"

"ഓ! ഈശോയേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും പ്രത്യേകിച്ചു് അവിടുത്തെ കാരുണ്യം ഏററവും കൂടുതൽ ആവശ്യമുള്ള ആത്മാക്കളെ, സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകണമേ."

ഹൃദയസ്പൃക്കായ ആ പ്രാർത്ഥനയെപ്പററി ആലോചിച്ചു് ജനാവലി അല്പനേരത്തേക്കു നിശ്ശബ്ദരായി നിന്നുപോയി.

"സ്ത്രീ കൂടുതലായി യാതൊന്നും പറഞ്ഞില്ലേ?" പലർ വീണ്ടും ചോദിച്ചു.

"ഉവ്വ്. സ്ത്രീ എനിക്കു് ഒരു സന്ദേശം നല്കുകയുണ്ടായി. പക്ഷേ, അതു് ഒരു രഹസ്യമാണു്. ആ സ്ത്രീയുടെ അനുവാദം കൂടാതെ ഞങ്ങൾക്കു് അതേക്കുറിച്ചു് യാതൊന്നും പറയുവാൻ പാടില്ല." (ആദ്യശനിയാഴ്ചകളെക്കുറിച്ചുള്ള സംഗതികൾ തല്ക്കാലം വെളിപ്പെടുത്തണ്ടാ എന്നു് ആ സ്ത്രീ പറഞ്ഞതിനാലാണു് ലൂസി ഇങ്ങനെ മറുപടി പറഞ്ഞതു്.)

ആക്ഷേപസൂചകമായി പൊട്ടിച്ചിരിച്ചുകൊണ്ടു് ഒരു കൃഷിവലൻ പറഞ്ഞു:- "ലൂസി, നീ നല്ലൊരു നടിയാണെന്നു തോന്നുന്നുവല്ലോ. കുറേ നേരത്തേക്കു് നീ എന്നെ യഥാർത്ഥത്തിൽ ഒരു വിഡ്ഢിയാക്കിക്കളഞ്ഞു."

"അതെ, മൂന്നുപേരും അവരവരുടെ ഭാഗം ഭംഗിയായി അഭിനയിച്ചിട്ടുണ്ടു്. ഇതുപോലെ ഇത്ര ഭംഗിയായി അഭിനയിക്കുവാൻ ആരു നിങ്ങളെ പഠിപ്പിച്ചു, കുഞ്ഞുങ്ങളേ!" മറെറാരുത്തൻ പരിഹസിച്ചു

സംഭ്രമത്തോടും വേദനയോടുംകൂടി കുട്ടികൾ നാലുപാടും നോക്കി.

"നമുക്കു പോകാം. ആരെങ്കിലും നമ്മെ തടഞ്ഞുനിറുത്തുവാൻ ശ്രമിക്കുന്നതിനുമുമ്പായി നമുക്കു വേഗം പോകാം." ജസീന്ത പതുക്കെപ്പറഞ്ഞു.

കുട്ടികൾ മൂന്നുപേരും കൈകോർത്തു പിടിച്ചു് വയലിൽക്കൂടി അതിവേഗത്തിൽ വീട്ടിലേക്കു തിരിച്ചു. അവർ കുറേദൂരം നടന്നുകഴിഞ്ഞപ്പോൾ പ്രായം

പ്രഭാഷണം

# ആഭരണങ്ങൾ*

"നിന്റെ സന്താനങ്ങൾ നിന്റെ മേശയെ വലയംചെയ്യുന്ന ഒലിവുചെടികളെപ്പോലെയായിരിക്കും." (Ps. CXXVII-3)

ആഭരണങ്ങളിലുള്ള അഭിനിവേശവും ഭ്രമവും ഇന്നു വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വിവാഹകമ്പോളത്തിൽ ഇന്നു മനുഷ്യനെക്കാൾ മുൻഗണന പൊന്നിനാണു നൽകപ്പെടുന്നതു്. "എത്ര പവന്റെ ആഭരണം തരും?" എന്ന ചോദ്യമാണു വിവാഹാലോചനകളിൽ മുഴച്ചു നിൽക്കുന്നതു്. വധുവിന്റെ ഗുണഗണങ്ങളെപ്പററിയുള്ള പരിഗണനകളൊന്നും കൂടാതെ ആഭരണങ്ങളുടെ തിളക്കത്തിൽ ഭ്രമിച്ചുകൊണ്ടു നടത്തുന്ന വിവാഹങ്ങളിൽ മനുഷ്യത്വത്തെയല്ല, പ്രത്യുത, ആ മനുഷ്യത്വത്തിന്റെ ബാഹ്യമായ ഒരു വെറും വെച്ചുകെട്ടിനെയാണു ജനങ്ങൾ വിലമതിക്കുന്നതു്! പവൻ എണ്ണിയെണ്ണിക്കൊടുക്കുവാൻ സാധിക്കാത്തതുകൊണ്ടു് എന്നും അവിവാഹിതകളായി, വെന്തുനീറുന്ന ഹൃദയത്തോടുകൂടി ജീവിതം ഉന്തിനീക്കുന്ന ഹതഭാഗ്യരായ ദരിദ്രയുവതികളുടെ ചുടുകണ്ണുനീർ ഈ നിഷിദ്ധാചാരത്തിനു നേരെയുള്ള ഒരു ചോദ്യചിഹ്നമായി ഉയർന്നുനിൽക്കുന്നു. ദേവാലയത്തിലെ പൊതുസമ്മേളനങ്ങളിലോ ആഭരണവിഭൂഷിതയായ ഒരു സ്ത്രീ പ്രവേശിക്കുമ്പോൾ എല്ലാവരുടേയും ദൃഷ്ടികൾ അവളിൽ പതിയുന്നു. വരിവരിയായി തൂങ്ങിക്കിടക്കുന്ന വിവിധാകൃതിയിലുള്ള മാലകളുടേയും കങ്കണകുണ്ഡലാദികളുടേയും എണ്ണം തിട്ടപ്പെടുത്തിക്കൊണ്ടു് അവൾക്കു സമുദായത്തിലുള്ള നിലയും വിലയും നിർണ്ണയിക്കുന്ന സമുദായനീതിക്കു അല്പമൊരു വികല്പം സംഭവിച്ചിട്ടില്ലയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഒരു സ്ത്രീയെ വിഭൂഷിതയാക്കുന്ന ആഭരണങ്ങൾ എന്താണെന്നുള്ളതിനു് ഒരു മാതൃകാപാഠം താഴെ പറയുന്ന സംഭവം നമുക്കു നൽകുന്നുണ്ടു്.

പ്രാചീനറോമാനഗരത്തിൽ കുലീനയായ ഒരു വിധവ ജീവിച്ചിരുന്നു. കഴിഞ്ഞുപോയ സമ്പൽസമൃദ്ധിയുടെ കാലടിപ്പാടുകൾ മാത്രമെ അവളിലും അവളുടെ ഗൃഹത്തിലും അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളു. എന്നാൽ ചിന്തയിലും പ്രവൃത്തിയിലുമുള്ള അവളുടെ ഔൽകൃഷ്ട്യത്തിനും നൈർമ്മല്യത്തിനും ദാരിദ്ര്യം മാററുകൂട്ടുകയാണു ചെയ്തതു്. സൽസ്വഭാവികളായിരുന്ന നാലുമക്കൾ അവൾക്കുണ്ടായിരുന്നു—പ്രേമപീയൂഷം നിറഞ്ഞ നാലുതങ്കക്കുടങ്ങൾ. ഒരു ദിവസം അവളുടെ ചാർച്ചയിൽപ്പെട്ട ധനാഢ്യയായ ഒരു സ്ത്രീ അവളെ സന്ദർശിക്കുന്നതിനായി വന്നു. തന്റെ കഴുത്തിൽ മിന്നിത്തിളങ്ങിക്കൊണ്ടിരുന്ന ആഭരണങ്ങൾ—ധനപ്രമത്തതയുടെ പ്രത്യക്ഷലക്ഷ്യങ്ങൾ—ഔദ്ധത്യപൂർവ്വം സ്വയം പ്രശംസിച്ചും പ്രദർശിപ്പിച്ചുംകൊണ്ടായിരുന്നു ആ വിരുന്നുകാരിയുടെ സംഭാഷണങ്ങളും പ്രവൃത്തികളുമെല്ലാം. ആ സാധുവിധവ ഇതെല്ലാം ക്ഷമിച്ചും സഹിച്ചും നിമിഷങ്ങൾ തള്ളിനീക്കി. നാലുമണിക്കു് അവളുടെ മക്കൾ സ്കൂളിൽനിന്നു മടങ്ങിവന്നു. ഉടനെ അവൾ തന്റെ നാലുമക്കളേയും വരിയായി നിറുത്തിക്കൊണ്ടു് വിജയഭാവത്തിൽ തന്റെ വിരുന്നുകാരിയോടു് ഇപ്രകാരം ഉൽഘോഷിച്ചു: "ഇവരാണു് എന്റെ ആഭരണങ്ങൾ. പണമോ, പൊന്നോ, വെള്ളിയോ എനിക്കില്ല. എങ്കിലും ഈ തങ്കക്കുടങ്ങളാണു് എന്റെ ജീവനുള്ള ആഭരണങ്ങൾ. ഇവരിൽ ഞാൻ അഭിമാനംകൊള്ളുന്നു." കുബേരയായ ആ വിരുന്നുകാരി ഇതു കേട്ടപ്പോൾ ലജ്ജിച്ചു് തലതാഴ്ത്തിയിട്ടുണ്ടായിരിക്കണം. അതെ, ഒരു സ്ത്രീയുടെ—ഒരു മാതാവിന്റെ—ആഭരണങ്ങൾ നിർജ്ജീവങ്ങളായ പൊന്നോ, വെള്ളിയോ, രത്നങ്ങളോ അല്ല, പ്രത്യുത, സൽസ്വഭാവികളായ മക്കളാണു്. ആഭരണങ്ങളിൽ ഭ്രമിച്ചുകൊണ്ടു് ദേവാലയത്തിലും മററും തങ്ങളുടെ വിഭൂഷണങ്ങളെ പ്രദർശിപ്പിച്ചുനടക്കുന്ന മഹിളാമണികൾ ഈ തത്വം നല്ലവണ്ണം മനസ്സിലാക്കട്ടെ. ആ ആഭരണങ്ങൾക്കു പിന്നിലുള്ള അവരുടെ ഹൃദയം വികാരവിജൃംഭണത്താൽ കലുഷിതവും അവരുടെ കുടുംബജീവിതം ഒരു നരകവുമാണെങ്കിൽ ആ മണിവിഭൂഷകൾ അവരെ വെള്ളപൂശിയ ശവകുടീരങ്ങളാക്കുകയല്ലേ ചെയ്യുന്നതു്? ആഭരണങ്ങളുടെ അഭാവത്തിൽ ആവലാതിപ്പെട്ടു നെടുവീർപ്പിടുന്ന തരുണീമണികൾക്കും "ഇവരാണു് എന്റെ ആഭരണങ്ങൾ" എന്നു സ്വസന്താനങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുവാൻ സാധിക്കുമെങ്കിൽ അതിൽപ്പരം ഭാഗ്യം മറെറന്തുള്ളു?

കുട്ടികൾ ദൈവം മാതാപിതാക്കൾക്കു നൽകിയിട്ടുള്ള വിശിഷ്ടനിധികളാണു്. ഒരു നിധി ഒരാളെ സൂക്ഷിക്കുവാനേൽപ്പിച്ചാൽ അതിനെ ഭദ്രമായി സംരക്ഷിച്ചു് തിരിച്ചുകൊടുക്കേണ്ട ചുമതല അയാൾക്കുണ്ടു്. ഇതുപോലെതന്നെ ദൈവം സൂക്ഷത്തിനേൽപ്പിച്ചിരിക്കുന്ന വിശിഷ്ടനിധികളായ മക്കളെ കാര്യമായി വിലമതിക്കയും ഭദ്രമായി സംരക്ഷിക്കയും ചെയ്യേണ്ട ചുമതല മാതാപിതാക്കന്മാർക്കുണ്ടു്. ഫറവോൻ രാജാവിന്റെ പുത്രി നൈൽനദീതീരത്തിലെ വള്ളിക്കെട്ടുകളുടെ ഇടയിൽ ശിശുവായ മൂശയെ കണ്ടപ്പോൾ ആ കുഞ്ഞിനെ എടുത്തു് അതിന്റെ മാതാവിനെത്തന്നെ ഏൽപ്പിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ഈ കുഞ്ഞിനെ എടുത്തു് എനിക്കുവേണ്ടി നീ വളർത്തുക. പ്രായമാകുമ്പോൾ എന്നെ തിരിച്ചേൽപ്പിക്കണം. ചെലവാകുന്ന സംഖ്യയും ഞാൻ നിനക്കു തന്നുകൊള്ളാം." മനുഷ്യശരീരമുള്ള ഒരു കുഞ്ഞുമാലാഖയെ മാതാപിതാക്കന്മാർക്കു നല്കുന്ന മഹനീയാവസരത്തിൽ ഇതേവാക്കുകൾതന്നെയാണു ദൈവം അവരുടെ കർണ്ണപുടങ്ങളിൽ മന്ത്രിക്കുന്നതു്. ഈ ചുമതലയെ അവഗണിച്ചുകൊണ്ടു് യഥേഷ്ടം പ്രവർത്തിക്കുവാൻ അവർക്കു അധികാരമോ സ്വാതന്ത്ര്യമോ ഇല്ല. ആ ശിശുവിനെ സംരക്ഷിക്കുവാനും ശ്രേഷ്ഠവും പരിപാവനവുമായ മാർഗ്ഗത്തിലൂടെ നയിക്കുവാനും ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണു് അവർ; അതിനുള്ള പ്രതിഫലവും അവർക്കു ലഭിക്കയും ചെയ്യും. ദൈവത്തിന്റെ ന്യായാസനത്തിൻമുമ്പിൽ അവർ ഏററം കർശനമായ ഒരു കണക്കു ബോധിപ്പിക്കയും വേണം.

മക്കൾ വീട്ടിന്നലങ്കാരമാണു്. ക്രമപ്രവൃദ്ധമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ വീടുകളുടെ സംവിധാനത്തിലും അലങ്കാരമോടികളിലും വലിയൊരു പരിവർത്തനംതന്നെ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. സുഖപ്രദങ്ങളായ ശയ്യോപകരണങ്ങൾ, മിന്നിത്തിളങ്ങുന്ന മേശകസേരാദികൾ, ചുമരിൽ കമനീയചിത്രങ്ങൾ, വലിയ മുഖക്കണ്ണാടികൾ, പൂന്തോട്ടങ്ങൾ, വെണ്മാടം, ഇലക്ട്രിക്കു് വിളക്കുകൾ, പങ്കകൾ, റേഡിയോ എന്നിങ്ങനെ പട്ടണങ്ങളിൽ സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന വീട്ടലങ്കാരങ്ങൾ ഗ്രാമങ്ങളിലേക്കും ചെറിയ തോതിലെങ്കിലും സംക്രമിച്ചുതുടങ്ങിയിട്ടുണ്ടു്. എന്നാൽ ഈ അലങ്കാരമോടികൾക്കിടയിൽ കുട്ടികളുടെ ചിരിച്ചുകൊണ്ടു ഓടിക്കളിക്കുന്ന നിർമ്മലസന്താനങ്ങൾ ഇല്ലാതായോ, അല്ലെങ്കിൽ ഉള്ള സന്താനങ്ങൾ ദുർവൃത്തന്മാരും നരകംകുലക്കികളുമായോ തീർന്നാൽ എന്തുഫലം? യഥാർത്ഥത്തിൽ നല്ല സന്താനങ്ങളാണു് ഒരു വീടിനു അലങ്കാരമായിരിക്കുന്നതു്. ഇവരില്ലാതെ എത്ര വിശിഷ്ടങ്ങളായ സാമഗ്രികളും അലങ്കാരവിശേഷങ്ങളും സുഖസൗകര്യങ്ങളുമുണ്ടായാലും മാതാപിതാക്കന്മാർക്കു എങ്ങനെ ആനന്ദിക്കുവാൻ കഴിയും? നേരെമറിച്ചു് പരിഷ്കൃതസജ്ജീകരണങ്ങളും അലങ്കാരങ്ങളും കുറവാണെങ്കിലും—ഇല്ലെന്നുതന്നെ വന്നാലും—ഉത്തമസന്താനങ്ങൾ ആ വീട്ടിലുണ്ടെങ്കിൽ അതുതന്നെയാണു ആ വീടിന്റെ അലങ്കാരം.

ഇപ്രകാരമുള്ളൊരു ചിന്താഗതി മാതാപിതാക്കന്മാരിൽ രൂഢമൂലമാക്കുന്നതിനുപകരിക്കുന്ന ഒരു തത്വശകലമാണു് തങ്ങളുടെ മക്കൾ ദൈവകുമാരന്മാരാണെന്നുള്ളതു്. പരി. കന്യകയ്ക്കും വി. യൗസേപ്പിനും നൽകപ്പെട്ട നിധിയെപ്പോലെതന്നെയുള്ള നിധികളാണു് നിങ്ങൾക്കും നല്കപ്പെട്ടിരിക്കുന്നതു്. അവർ എത്ര ഉൽകണ്ഠയോടുകൂടി തിരുബാലനെ സംരക്ഷിക്കുന്നതിൽ ജാഗരൂകരായിരുന്നുവോ അത്രതന്നെ ഉൽകണ്ഠയും ജാഗരൂകതയും നിങ്ങളും മക്കളുടെ കാര്യത്തിൽ പ്രദർശിപ്പിക്കേണ്ടതാണു്. മക്കൾ ദൈവത്തിന്റെ ദത്തുപുത്രന്മാരാണു്. ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരാണു്; അങ്ങ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണു്; സ്വർഗ്ഗത്തിൽ അനവരതം വാഴേണ്ടവരാണു്: കിരീടാവകാശിയായ ഒരു രാജകുമാരന്റെ മാതാപിതാക്കന്മാർക്കു വളരെയധികം അഭിമാനം തോന്നാറുണ്ടു്; ആ കുമാരനെ അതിവശ്രദ്ധയോടെ വളർത്തുന്നതിൽ അവർ ബദ്ധകങ്കണരായിരിക്കുകയും ചെയ്യും. എന്നാൽ ലോകത്തിലെ ഏററവും ദരിദ്രരായ മാതാപിതാക്കന്മാർക്കു പോലും മേൽപ്പറഞ്ഞ രാജദമ്പതികളെക്കാൾ കൂടുതലായി സ്വസന്താനങ്ങളിൽ അഭിമാനം കൊള്ളുന്നതിനുള്ള അവകാശവും അവരെ വളർത്തുന്നതിൽ അതിവശ്രദ്ധ പതിക്കുന്നതിനുള്ള കടമയുമുണ്ടു്. കാരണം, അവർ രാജകുമാരന്മാരല്ല, ദൈവകുമാരന്മാരാണു്! വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾകൊണ്ടു നോക്കുമ്പോൾ ഇതവർക്കു സുതരാം സ്പഷ്ടമാകുന്നതാണു്. കൈകാലുകൾ കുടഞ്ഞും, ചിരിച്ചും കരഞ്ഞും, കരാംഗുലം നുകർന്നുംകൊണ്ടു് കിടക്കുന്ന കോമളകുമാരന്റെ നീലിമയോലുന്ന നേത്രങ്ങളിൽ തെളിഞ്ഞുവിളങ്ങുന്ന മാതാപിതാക്കന്മാർ തങ്ങളുടെ പക്കൽ നിത്യസൗഭാഗ്യത്തിനോ നിത്യനിർഭാഗ്യത്തിനോ ഏൽപ്പിച്ചുതന്നിരിക്കുന്ന ഒരു വിശിഷ്ടനിധിയെ വിശ്വാസദൃഷ്ടികൾകൊണ്ടു ദർശിക്കട്ടെ. അംഗസൗഷ്ഠവമുള്ളവനോ അംഗവൈകല്യമുള്ളവനോ, സുന്ദരനോ വിരൂപനോ, മതിമാനോ മരമണ്ടനോ എങ്ങനെയുള്ളവനായാലും തങ്ങളുടെ സന്താനം കുടുംബത്തിന്റെ അലങ്കാരമാണു്, തങ്ങളുടെ വിശിഷ്ടാഭരണമാണു്, തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന അമൂല്യനിധിയാണു എന്നുള്ള ബോധം മാതാപിതാക്കന്മാരിൽ ആഴമായി പതിയട്ടെ. അപ്പോൾ അവർ മക്കളെ സ്നേഹിക്കും; കുടുംബത്തെ സ്നേഹിക്കും. ആനന്ദങ്ങളും ആകർഷണങ്ങളും അന്വേഷിച്ചു് അവൻ പുറമെ ചുററിസഞ്ചരിക്കേണ്ടിവരികയില്ല; കാരണം, കുടുംബംതന്നെയായിരിക്കും അവരുടെ ആനന്ദനികേതനം.

(ജെ. ചെമ്മണൂർ)

* കുടുംബജീവിതത്തെ അധികരിച്ചുള്ള ഒരു പ്രഭാഷണപരമ്പര ഇതോടുകൂടി ആരംഭിക്കുന്നു. (പത്രാധിപർ)

---

ചെന്ന ഒരു കർഷകസ്ത്രീ കുററിക്കാടിനിടയിൽനിന്നു പ്രത്യക്ഷപ്പെട്ടു് അവരുടെ മുമ്പിൽനിന്നു.

"ഭയപ്പെടേണ്ടാ," ആ സ്ത്രീ ദയാപൂർവ്വം പറഞ്ഞു.

"മററുള്ളവരെപ്പോലെയല്ല ഞാൻ. നിങ്ങളുടെ ആ മാന്യസ്ത്രീയിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇന്നു രാവിലെ കുട്ടതലായി എന്തൊക്കെ ആ സ്ത്രീ പറഞ്ഞെന്നു് നിങ്ങൾ എന്നോടു പറയുമോ?"

കുട്ടികൾ അവിടെ നിന്നു. "സ്ത്രീയുടെ അനുവാദം കൂടാതെ ആരോടും ഉരിയാടാൻ പാടില്ലാത്ത ഒരു രഹസ്യസന്ദേശം അവർ ഞങ്ങൾക്കു തന്നിട്ടുണ്ടു്." ലൂസി കരുതലോടുകൂടി മറുപടിപറഞ്ഞു.

"ഉവ്വ്", കുഞ്ഞെ, ഇതു നിങ്ങൾ മുമ്പേ പറയുന്നതു കേട്ടു. പക്ഷെ ഇതുകൂടാതെ ആ സ്ത്രീ ഒന്നും പറഞ്ഞില്ലേ?"

"കൊന്ത പതിവായി ചൊല്ലണമെന്നും, ഓരോ രഹസ്യത്തിന്റെയും ഒടുവിലുള്ള ത്രിത്വസ്തുതിക്കുശേഷം ഒരു പ്രത്യേകപ്രാർത്ഥനകൂടി ചേർത്തുചൊല്ലണമെന്നും സ്ത്രീ ഞങ്ങളോടു പറഞ്ഞു."

"പിന്നെയോ?"

"പാപികൾക്കുവേണ്ടി വളരെയധികം പ്രാർത്ഥിക്കയും ത്യാഗങ്ങൾ അനുഷ്ഠിക്കയും ചെയ്യണമെന്നും സ്ത്രീ ഞങ്ങളെ അറിയിച്ചു. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ത്യാഗപ്രവൃത്തികൾ ചെയ്യുന്നതിനും ആരും തയ്യാറാകാത്തതു നിമിത്തം ഒട്ടേറെ ആത്മാക്കൾ നരകത്തിൽ പോകാനിടയാകുന്നു."

സ്വർഗ്ഗീയസന്ദേശകയുടെ വാക്കുകൾ ആ വൃദ്ധ കണ്ണുനീരോടുകൂടി ശ്രദ്ധിച്ചുകേട്ടു. അവൾ വാത്സല്യപൂർവ്വം കുഞ്ഞുങ്ങളെ നോക്കി. അവൾ പറഞ്ഞു:- "ഞാൻ ഇന്നു രാവിലെ ഏതാനും കൂട്ടുകാരോടുകൂടി വയലിലെത്തി. നിങ്ങളുടെ വരവു കാത്തിരുന്നതിനിടയ്ക്കു ഞങ്ങൾ ആ ഓക്കുവൃക്ഷത്തിനടുക്കൽചെന്നു്, അതു നല്ലവണ്ണം പരിശോധിച്ചുനോക്കി. അതിന്റെ അഗ്രശിഖരങ്ങളിൽ ധാരാളം പൂമൊട്ടുകൾ ആകാശത്തേക്കു് എഴുന്നുനില്ക്കുന്നതായി ഞങ്ങൾ കണ്ടു. നിങ്ങൾ പ്രാർത്ഥിക്കയും സ്ത്രീയോടു സംസാരിക്കയും ചെയ്തശേഷം അവയ്ക്കെന്താണു് സംഭവിച്ചതെന്നറിയാമോ?"

"എന്തു സംഭവിച്ചു?" ലൂസി ഔത്സുക്യത്തോടെ ചോദിച്ചു.

കുരിശിന്റെ അടയാളം വരച്ചുകൊണ്ടു് ആ കർഷകസ്ത്രീ തുടർന്നു:- "എല്ലാ മൊട്ടുകളും ഒരു വശത്തേക്കു ചാഞ്ഞും അതെ, സ്ത്രീ മറഞ്ഞുപോയപ്പോൾ അവരുടെ നീളമേറിയ നിചയങ്കി ഉഴഞ്ഞുപോയതുകൊണ്ടു് അവയെല്ലാം കിഴക്കോട്ടു ചാഞ്ഞുപോയി. എന്റെ കുഞ്ഞുങ്ങളേ, ആക്കു്, എങ്ങനെ ഇനി ആ സ്ത്രീയിൽ വിശ്വസിക്കാതിരിക്കാൻ കഴിയും! സ്ത്രീ അവിടെ വന്നെന്നും, അവർ നമുക്കു നല്കിയ സന്ദേശം സ്വർഗ്ഗീയമാണെന്നും നിശ്ചയമായും ഏതു ബുദ്ധിശൂന്യനും മനസ്സിലാക്കാൻ കഴിയും."

---

പരിഷ്കരിച്ചപതിപ്പ്

## വൈദികരുടെ സംസ്കാരക്രമം

നമ്മുടെ ഹൈരാർക്കിയിൽപെട്ട മെത്രാന്മാരുടെ 1946-ലേ കോൺഫ്റൻസു നിശ്ചയമനുസരിച്ചു പരിഷ്കരിച്ച വൈദികന്മാരുടെ സംസ്കാരക്രമം അതിവന്ദ്യ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലേ അംഗീകാരത്തോടുകൂടി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഒരു പ്രത്യേക പുസ്തകമായി ഉപയോഗിക്കത്തക്കവിധത്തിലാണു ക്രമപ്പെടുത്തപ്പെട്ടിട്ടുള്ളതു്.

| | ക. ണ. പ. |
|---|---|
| ബയൻറുചെയ്യാത്തവിധത്തിൽ ഒന്നിനു് | 1—10—0 |
| സാധാരണ ബയൻറു് | 2— 0—0 |
| തുംസോഗം മുഴുവൻ—സാധാരണബയൻറു് | 3—12—0 |
| മുഴുവൻ തുകൽബയൻറു് | 4 —8— 0 |

ഫാദർ ജി. എം. പുത്തൻപുര

സെമ്മിനാരി, ആലുവാ ബ്രാഞ്ച്

എന്ന വിലാസത്തിൽ ആവശ്യപ്പെടുക.

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക്, ബ്രോഡ്‌വെ- എറണാകുളം





# ക്രിസ്മസ് കാർഡുകൾ

## വില്പനയ്ക്കു തയ്യാർ

6ണ. 5ണ. 4ണ. 3ണ. — കച്ചവടക്കാർക്ക് പ്രത്യേക കമ്മീഷൻ.

മലബാർ ഫർണിച്ചർ മാർട്ട്, ബ്രോഡ്വേ, എറണാകുളം


## Bosco Children's Club (ബി. സി. സി.)

# 10. രക്ഷകൻ സംസാരിച്ച ഭാഷ

"നയമേറുമീശസുതനജ്ജനസ-
ഞ്ചയമോടിവണ്ണമരുൾചെയ്തതാം!
സ്വയമല്ല ചൊല്ലുവതു ഞാനിവനെ
നിയമിച്ചവന്റെ മതമാണഖിലം."

പ്രിയ കുഞ്ഞുങ്ങളേ,

കേരളത്തിലെ സുറിയാനി കത്തോലിക്കനായ ഒരു വൈദികൻ ലണ്ടൻ പട്ടണത്തിൽവച്ചു ഒരിക്കൽ ദിവ്യബലി അർപ്പിക്കയായിരുന്നു. ദിവ്യരക്ഷകൻ സംസാരിച്ച ഭാഷയിലാണ് ആ പൂജാകർമ്മം എന്നു തലേദിവസം അറിയിച്ചിരുന്നതിനാൽ പള്ളിനിറയെ ജനക്കൂട്ടം തിങ്ങിക്കൂടിയിരുന്നു. കുർബാന കഴിഞ്ഞു് അച്ചനു നന്ദിപറയുന്നതിനായി ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നുകൂടി. ദൈവപുത്രൻ തിരുവാമൊഴിഞ്ഞിരുന്ന ഭാഷയിൽ പൂജ കാണാനിടയായതിനെപ്പററിയുള്ള സന്തോഷം പലരും പലവിധത്തിൽ പ്രകടിപ്പിച്ചു. ആ കൂട്ടത്തിൽ ഒരു മഹതി ചോദിച്ചു: മറിയാം, മറിയാം, എന്നു പൂജാമദ്ധ്യേ അച്ചൻ പലപ്പോഴും പറയുന്നതായി ഞാൻ കേട്ടല്ലോ. അതിന്റെ അർത്ഥം എന്താണെന്നു ദയവായി പറഞ്ഞുതരാമോ? അച്ചൻ പറഞ്ഞു: കർത്താവേ, കർത്താവേ, എന്നാണു ആ വാക്കുകളുടെ അർത്ഥം. മദാമ്മയ്ക്കു സന്തോഷമായി: ഞാൻ സുറിയാനി കുർബാന കാണുക മാത്രമല്ല, നമ്മുടെ കർത്താവു സംസാരിച്ചിരുന്ന സുറിയാനിഭാഷ പഠിക്കുകയും ചെയ്തിരിക്കുന്നു. മറിയാം, മറിയാ, My Lord, my Lord."

എബ്രായഭാഷയായിരുന്നു യഹൂദന്മാരുടെ മാതൃഭാഷ. എന്നാൽ അസീറിയായിലും ബാബേലിലും ദീർഘകാലം അടിമകളായി താമസിച്ചതിനിടയ്ക്കു അവിടങ്ങളിലെ ഭാഷയായ സുറിയാനി അവർ ഉപയോഗപ്പെടുത്തേണ്ടതായിവന്നു. കാലക്രമത്തിൽ എബ്രായഭാഷ മുഴുവൻ വിസ്മൃതമായി; സുറിയാനി അതിനുപകരം സ്ഥലംപിടിക്കുകയും ചെയ്തു. ഇങ്ങനെ ലോകരക്ഷകന്റെ ആഗമനകാലത്തു പലസ്തീനായിലെ ദേശിയഭാഷ സുറിയാനിയായിത്തീർന്നിരുന്നു. അതിനാൽ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനും തന്റെ പരിശുദ്ധ മാതാവും ഉപയോഗിച്ചിരുന്ന ഭാഷയും അതുതന്നെ. ശ്ലീഹന്മാരും സാപ്രന്മാരും ഈ ഭാഷയിൽത്തന്നെയാണ് വേദപുസ്തകവ്യാഖ്യാനങ്ങൾ എഴുതിയിരുന്നതും, ജനങ്ങളെ പഠിപ്പിച്ചിരുന്നതും. പൂർണ്ണങ്ങളായും അപൂർണ്ണങ്ങളായും ഇപ്പോഴും അവശേഷിച്ചിട്ടുള്ള പ്രസ്തുതവിശുദ്ധ ലിഖിതവ്യാഖ്യാനങ്ങളെല്ലാം സുറിയാനിയിലാണെന്നു കാണാവുന്നതാണ്. എന്നാൽ വി. മത്തായിയുടെ സുവിശേഷംമാത്രമേ സുറിയാനി ഭാഷയിൽ ആദ്യം എഴുതപ്പെട്ടുള്ളു. വി. മത്തായി പലസ്തീനായിലെ ജനങ്ങളുടെ ആവശ്യത്തിനായി അതു എഴുതിക്കൊടുത്തതാണ്. മററു സുവിശേഷകന്മാർ പുറമേയുള്ള ജനങ്ങൾക്കുവേണ്ടി എഴുതിയതിനാൽ അവിടങ്ങളിൽ പ്രചാരത്തിലിരുന്ന ഗ്രീക്കുഭാഷയിലാണ് അവ എഴുതിയതു്. എങ്കിലും വിശുദ്ധ ലിഖിതങ്ങളെല്ലാം പുരാതനകാലത്തിൽതന്നെ സുറിയാനിയിലേക്കു ഭാഷാന്തരംചെയ്യപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ഏററം പ്രാമാണികമായ സുറിയാനിവിവർത്തനമാണു പ്ശീത്താ എന്നപേരിൽ അറിയപ്പെടുന്നതു്. ഗ്രീക്കുമൂലത്തെക്കാൾപോലും തെളിവുള്ളതു ഈ സുറിയാനിവിവർത്തനമാണെന്നത്രെ പണ്ഡിതലോകത്തിന്റെ അഭിപ്രായം. അതിനാൽ അന്യഭാഷകളിൽ തെളിവു കുറവുവരുന്ന ഭാഗങ്ങളെ വിശദീകരിക്കുന്നതിലേക്കു ശാസ്ത്രജ്ഞന്മാർ സുറിയാനിവിവർത്തനത്തെയത്രെ ആശ്രയിക്കുന്നതു്. എന്തുകൊണ്ടെന്നാൽ കർത്താവും ശ്ലീഹന്മാരും സംസാരിച്ചിരുന്ന ഭാഷ അതായിരുന്നതിനാൽ എപ്പോഴും അവിടെ ആശയങ്ങൾ കൂടുതൽ വിശദമായി കാണപ്പെട്ടിരുന്നു. ഇതിനാൽ വി. കൊച്ചുത്രേസ്യാ വേദപുസ്തകവായനയിൽ തെളിവുകുറഞ്ഞ ചില ഭാഗങ്ങൾ കണ്ടെത്തുമ്പോൾ, സുറിയാനിഭാഷ പഠിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു പറഞ്ഞിരുന്നത്രെ.

ദിവ്യരക്ഷകന്റെ സുറിയാനിവാക്കുകൾതന്നെ എല്ലാവർക്കും ആസ്വദിക്കത്തക്കവണ്ണം ചില സുറിയാനിശൈലികൾ അതേപടി എല്ലാഭാഷാവിവർത്തനങ്ങളിലും പ്രയോഗിച്ചിരുന്നതായും കാണാം. മർക്കോസ് (V. 41) ൽ സംഘപ്രമാണിയുടെ മകളെ ഉയർപ്പിക്കുന്നതിൽ കർത്താവു അരുളിച്ചെയ്ത "തലീസാകുമി" (പെൺകുട്ടീ! നീ എഴുന്നേല്ക്കുക എന്നർത്ഥം) എന്ന വചനങ്ങളും, മർക്കോസ് (VII. 34) ഊമനായ ചെകിടനെ സുഖപ്പെടുത്തിക്കൊണ്ടുള്ള "എസ് പസ്ഹ്" (തുറക്കപ്പെടുക) എന്ന വാക്കും എല്ലാ ഭാഷാവിവർത്തനങ്ങളിലും സുറിയാനിയിൽതന്നെയാണു രേഖപ്പെടുത്തിയിരിക്കുന്നതു്.

പ്രിയ കുഞ്ഞുങ്ങളേ, ഏതു ഭാഷയിലായാലും ശരി സുവിശേഷവചനങ്ങൾ നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളാണെന്നു നിങ്ങൾ ഓർക്കണം. ദിവ്യപൂജയിൽ സുവിശേഷം വായിക്കുമ്പോൾ നാം എഴുന്നേററു നില്ക്കുന്നില്ലേ? എന്തിനാണതു്? സുവിശേഷവചനങ്ങളോടുള്ള ഭക്തിയും ബഹുമാനവും, തദനുസരണം പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയും പ്രദർശിപ്പിക്കുന്നതിനുവേണ്ടിയാകുന്നു. കർത്താവു് നമ്മോടു സംസാരിക്കുമ്പോൾ "കർത്താവേ! നീ സംസാരിക്കുക. നിന്റെ ശുശ്രൂഷി ഇതാ കേൾക്കുന്നു" എന്നു ശമുവേൽ ദീർഘദർശിയെപ്പോലെ പറയണം. സുവിശേഷഭാഗങ്ങൾ ധ്യാനനിരതയോടെ കുറേശ്ശെ വായിച്ചു ശീലിക്കുക. ദിവസേന ഇങ്ങനെ ചെയ്യുന്നവർക്കു പ്രത്യേക ദണ്ഡവിമോചനങ്ങൾതന്നെ നൽകപ്പെട്ടിട്ടുണ്ട്. വി. കൊച്ചുത്രേസ്യാ തന്റെ എല്ലാ വിഷമതകളിലും അവിടെയാണ് ആശ്വാസവും വെളിച്ചവും കണ്ടെത്തിയിരുന്നതു്. പരീക്ഷിച്ചുനോക്കുക. അത്ഭുതാവഹമായ ഫലം അനുഭവപ്പെടും. കുർബാന ഉയർത്തുകയിൽ ചൊല്ലുന്ന "എന്റെ കർത്താവേ! എന്റെ ദൈവമേ" എന്ന വചനങ്ങൾ. "മാർ വാലാഹ്" എന്നു വേണമെങ്കിൽ സുറിയാനിയിൽ ചൊല്ലിത്തഴങ്ങിക്കൊള്ളുക. കർത്താവിന്റെ ഭാഷ സംസാരിക്കുന്നു എന്നുള്ള ഒരാനന്ദത്തിനും അതു കാരണമാകുന്നതാണല്ലോ.

### പദ്യരചനക്ലാസ്സ്

തിരുസ്സഭയുടെ പ്രസിദ്ധ വേദപാരഗനായ വി. അപ്രേമിനെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ? അദ്ദേഹം ക്രിസ്തുവബ്ദം നാലാം ശതകത്തിൽ എദേസായിൽ ജീവിച്ചിരുന്ന ഒരു സുറിയാനിക്കാരനായിരുന്നു. എളിമയുടെ ആധിക്യം നിമിത്തം കുർബാനപ്പട്ടമേല്ക്കാൻ അദ്ദേഹം സമ്മതിച്ചില്ല. ആറാംപട്ടക്കാരനായിത്തന്നെ കഴിഞ്ഞുകൂടി. മാർ അപ്രേം സുറിയാനിഭാഷയിൽ പേരുകേട്ട ഒരു കവിപുംഗവനായിരുന്നു. പരിശുദ്ധാത്രപിയുടെ കിന്നരം എന്നാണ് അപ്രേംമല്പാനെപ്പററി പറയാറുള്ളതു്. അത്ര ദൈവാത്രപിനിറഞ്ഞവയായിരുന്നു പുണ്യവാന്റെ കവിതാതല്ലജങ്ങൾ. അക്കാലത്തു ചില ശിശ്മക്കാർ തിരുസ്സഭയെപ്പററി അനവധി അസംബന്ധങ്ങൾ കവിതയിലാക്കി അവിടവിടെ ചൊല്ലിക്കൊണ്ടുനടന്നിരുന്നു. വിശ്വാസികൾ പലരും അതിനാലാകർഷിക്കപ്പെട്ടുതുടങ്ങി. അപ്പോഴാണു അപ്രേം മല്പാൻ തന്റെ കവിഖഡ്ഗം എടുത്തതു്. ശിശ്മക്കാരുടെ അബദ്ധജല്പനങ്ങളെ ഖണ്ഡിച്ചും, തിരുസ്സഭയുടെ നിലയെ വിശദീകരിച്ചും നിരവധി കവിതകളും കീർത്തനങ്ങളുമെഴുതി കുട്ടികളെക്കൊണ്ടു് ആ സ്ഥലങ്ങളിലൊക്കെ പാടിച്ചുവന്നു. വെളിച്ചം ചെന്നപ്പോൾ ഇരുട്ടുമാറി. ശിശ്മക്കക്ഷിക്കാർ തോറേററുകതന്നെ ചെയ്തു. കവിതയും കുട്ടിപ്പട്ടാളവും കൂടിയാൽ പലതും കഴിയുമെന്നു കാണിപ്പാൻവേണ്ടി ഇക്കാര്യം എടുത്തു പറഞ്ഞുവെന്നേയുള്ളു.

ഇനി, ഇന്നുവംശക്കാര്യം എന്തായി എന്നു കേൾക്കട്ടെ. എല്ലാവരും അതിനെ കൈവശപ്പെടുത്തിയോ? അഭ്യാസം, അഭ്യാസം. അതുകൊണ്ടേ എളുപ്പം കൈവശത്തിലാകയുള്ളു. ആനയെപ്പോലും മെരുക്കി എടുക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? വെറും കാട്ടാന നാട്ടാനയായിത്തീരുന്നു. എങ്ങനെ? അഭ്യാസംകൊണ്ടു്. പാഠപ്പുസ്തകത്തിലെ ആവൃത്തഭാഗം വീണ്ടും കുറേക്കൂടെ വായിക്കുക. അഭ്യസനങ്ങൾ കുറേക്കൂടെ നടത്തുക. അപ്പോൾ ആന അടിമടക്കിത്തരും. ഇതാ നോക്കുക:—

അഞ്ചാണയ്യുണ്ണിറെറാരു ക്ലബ്ബിനോക്കുകിൽ
യൂണിററിൽ മൂന്നാളുകളാണു വേണ്ടതു്.
ക്യാപ്ററൻ കഴിഞ്ഞിട്ടൊരു ലെഫ്ററനൻറുമാ
വോളൻറ്യറിമട്ടു ത്രിമൂർത്തിസഞ്ചയം.
ക്യാപ്ററനു മേൽനോട്ടമതാണു സർവ്വദാ:
കൈക്കാരനാകുന്നിഹ ലെഫ്ററനൻറുതാൻ
റിപ്പോർട്ടു വോളൻറിയറിന്റെ ജോലിയാം
മൂവാളുമെല്ലാററിലുമേകചിത്തരാം.
ഒന്നിന്റെ മേധാവികൾ മററു നാലിനും
കീഴ്പ്പെട്ട വോളൻറിയർമാരുമാത്രമാം.
മേലാവു കീഴാവുക, കീഴിലുള്ളവർ
മേലായിവന്നീടുക, ലോകമായമേ!!

### കത്തുകൾക്കു മറുപടി

721 സി. ജി. മാത്യു, ആഴക്കുഴ.

"ഏററവും പ്രിയ വല്യച്ചാ, എനിക്കു അച്ചന്റെ ബാലരംഗസമിതിയിൽ ചേരുന്നതിൽ അതിയായ സന്തോഷമുണ്ട്. സത്യദീപത്തിൽനിന്നു എന്റെ ആത്മാവിനു ഏററവും കൂടുതൽ പ്രകാശം ലഭിക്കുന്നതു് ബാലരംഗത്തിൽനിന്നാണു്. വീട്ടിൽ പ്രാർത്ഥന കഴിഞ്ഞു ജപമാല വായന വായിക്കുന്നതു് സത്യദീപമാണ്. സത്യദീപം കിട്ടിയാലുടനേതന്നെ ബാലരംഗം വായിച്ചുതീർക്കും. വല്യച്ചന്റെ ഉപദേശങ്ങൾ കേൾക്കാൻ എനിക്കു വലിയ ആനന്ദമുണ്ട്........."

പ്രിയ കുഞ്ഞുമകനേ, ഈ പരിപാടികൾ തുടർന്നു നടന്നുപോകട്ടെ. നിനക്കു വേണ്ട വെളിവുകളെല്ലാം ദൈവം തരും. വല്യച്ചനും അപേക്ഷിച്ചുകൊള്ളാം. വാഴ്വുതരുന്നു.

474 കെ. സി. മേരി, പുന്നത്തുറ.

"എ. പ്രി. വല്യച്ചാ. ഞാനും എന്റെ സഹോദരങ്ങളും ഏതാനും മാസങ്ങളായി സത്യദീപത്തിലെ ബാലരംഗം മുടങ്ങാതെ വായിച്ചുവരികയാണ്. ഞങ്ങൾക്കു അതുകൊണ്ടു വളരെ പ്രയോജനമുണ്ടാകുന്നുണ്ട്. അച്ചന്റെ ഉപദേശങ്ങളനുസരിച്ചു ഞങ്ങളുടെ ജീവിതം ക്രമീകരിപ്പാൻ ഞങ്ങൾ തയ്യാറായിരിക്കുന്നു. ബാലരംഗത്തിൽ ഞങ്ങളുടെ പേരുകൾകൂടി ചേർത്തു വിവരമറിയിപ്പാറാകണം. വല്യച്ചൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ഞങ്ങൾ എന്നും വല്യച്ചനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്......"

പ്രി. മക്കളേ അതിവസന്തോഷത്തോടെ നിന്റെ എഴുത്തു വായിച്ചു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. മൂന്നു പേരുകളും ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. റോസമ്മയുടെ നമ്പർ 473, മാത്യുവിന്റേതു 532. മൂന്നു കുഞ്ഞുങ്ങളും ആ കുടുംബത്തിന്റെ വിളക്കുകൾപോലെ ശോഭിക്കണം. പള്ളിക്കൂടത്തിലും ആ പ്രകാശം മങ്ങിപ്പോകരുതു്. ഞാനും പ്രാർത്ഥിച്ചുകൊള്ളാം. വല്യച്ചനുവേണ്ടിയുള്ള പ്രാർത്ഥനകൾക്കു പ്രത്യേക ഉപകാരം.

### ജന്മദിനസമ്മാനങ്ങൾ

ഡിസംബർമാസത്തിൽ, പഴയലിസ്റ്റുപ്രകാരം, 61 പേരുടെ ജന്മദിനങ്ങളാണുള്ളതു്. എല്ലാവർക്കും വല്യച്ചന്റെ സ്നേഹപൂർവ്വമായ അനുമോദനങ്ങൾ. പെൺകുട്ടികൾ രണ്ടുപേരുടെയും പിറന്നാൾ നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിൽത്തന്നെയാണെന്നു കാണുന്നതിൽ കൂടുതൽ സന്തോഷമുണ്ട്. ഉണ്ണിയീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ. പുതിയ ലിസ്റ്റുകളെല്ലാം എഴുതിതയാറായിരിക്കുന്നു. ജനുവരിമുതലുള്ള ജന്മദിനസമ്മാനങ്ങൾ അതിൻപ്രകാരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. സമ്മാനാർഹരുടെ പേരുകൾ:

416 അയിപ്പുഅയിപ്പു നെടുംകല്ലേൽ, കല്ലൂർക്കാട്

267 ജയിംസ് വറുഗീസ് മാറാട്ടുകുളം, ചങ്ങനാശ്ശേരി.

319 ടി. കെ. കൊച്ചുത്രേസ്യാ തച്ചിൽ. മട്ടാഞ്ചേരി.

127 പി. എ. ഏലി പുതിയകുന്നേൽ, രാമപുരം.

ഇരുപത്തഞ്ചെണ്ണായമ്പു ആരംഭിച്ചിരിക്കുന്നു. ഉണ്ണിയുടെ മുടി മറക്കാതെ പണിതുടരുക.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം വല്യച്ചൻ.


# "ഫാത്തിമാമൃതം"

## നന്ദഭോചിതമായ—ഒരു പുതിയ പാട്ടുപുസ്തകം

സുപ്രസിദ്ധ ഗാനരചനാ വിദഗ്ദ്ധനായ റവ. ജെ. കെ., ഫാത്തിമാബീകയ്ക്കു സമർപ്പിക്കുന്ന തിരുമുൽകാഴ്ച! ഏററവും ആധുനികങ്ങളും, ചിരപ്രതിഷ്ഠിതങ്ങളുമായ രീതികളുടെ സമാഹാരം. കരളും കാതും കുളിർപ്പിക്കുന്ന ഭക്തിപീയൂഷം. ഉടനെ അവശ്യപ്പെടുക.

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ A. O. & P. O.


## നിങ്ങൾക്കറിയാമോ?

1 ഫാത്തിമാ സ്ഥിതിചെയ്യുന്നതു് ഏതു രൂപതയിലാണ്?

2 ഫാത്തിമാദർശനങ്ങൾക്കു് രൂപതാമെത്രാന്റെ ഔദ്യോഗികാംഗീകാരം സിദ്ധിച്ചതെന്നാണ്?

3 മാതാവു ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട അവസരത്തിൽ ഏതു മാർപ്പാപ്പായാണു ഭരിച്ചിരുന്നതു?

4 മാതാവ് ഫാത്തിമായിൽ ആദ്യം പ്രത്യക്ഷപ്പെട്ട ദിവസം (1917 മേയ് 13-ാംനു-), അഖിലലോകപ്രശസ്തനായിത്തീർന്ന ഒരു വന്ദ്യഹൈന്റെ മെത്രാൻ പട്ടാഭിഷേകം നടന്നു. അതാരുടേതായിരുന്നു?

5 1942 ഒക്ടോബർ 31-ാംനുയിലെ ഏററവും പ്രധാനപ്പെട്ട സംഭവമെന്തായിരുന്നു?

6 മാതാവിന്റെ വിമലഹൃദയത്തിനുള്ള പ്രതിഷ്ഠാജപം ആരു രചിച്ചതാണ്?

(ഉത്തരങ്ങൾ 9-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, DECEMBER 7, 1949 ‖ No 16


# ഇററാല്യൻ ഗവൺമെൻറിൻെറ തൊഴിലാളി വിമോചനശ്രമം

ഇപ്പോഴത്തെ ഇററലിയിലെ പ്രധാനമന്ത്രി ഉത്തമകത്തോലിക്കനായ സിഞ്ഞോർ ദെ ഗസ്പേരിയാണല്ലോ. 1946 ജനുവരയിലാണ് ഇദ്ദേഹം ആദ്യമായി പ്രധാനമന്ത്രിപദം സ്വീകരിച്ചത്. അതിനുശേഷമുണ്ടായ പൊതുതിരഞ്ഞെടുപ്പിൽ ഇദ്ദേഹം നേതൃത്വം വഹിക്കുന്ന ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്കു നിരുപാധികമായ ഭൂരിപക്ഷം കിട്ടുകയാൽ ഇദ്ദേഹംതന്നെ ഇററലിയിലെ പ്രധാനമന്ത്രിയായി തുടരുകയാണ്.

### ഗസ്പേരി യഥാർത്ഥ പ്രജായത്ത ഭരണതല്പരൻ

ഇററലിയിലെ ട്രെൻറാ എന്ന പ്രോവിൻസിലാണ് ഗസ്പേരി ജനിച്ചത്. ഈ പ്രദേശം 1919 വരെ ആസ്ട്രിയൻകാരുടെ കീഴിലായിരുന്നു. ആ പ്രദേശങ്ങളിലെ ഇററാല്യൻ ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ആസ്ട്രിയൻ പാർലമെൻറിൽ വാദിക്കുവാനാണ് തൻെറ രാഷ്ട്രീയജീവിതത്തിൻെറ ആരംഭം ഗസ്പേരി വിനിയോഗിച്ചത്. ഇപ്പോഴത്തെ ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയുടെ മുന്നോടിയായിരുന്ന ഇററലിയിലെ പുതിയ പോപ്പുലർ പാർട്ടിയുടെ നേതാവായിരുന്ന ഡാൺ സ്റ്റർസോയുടെ വിശ്വസ്ത സഹകാരിയായി ഇദ്ദേഹം 1919-ൽ പ്രവൃത്തികളാരംഭിച്ചു. സ്റ്റർസോ നേതൃത്വം രാജിവയ്ക്കുകയും ജീവാപകടം ഭയന്നു രാജ്യം വിട്ടുപോകാൻ സ്നേഹിതന്മാരാൽ പ്രേരിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ അദ്ദേഹത്തിൻെറ സ്ഥാനം ഗസ്പേരി സ്വീകരിച്ചു. തന്നിമിത്തം ഇററലിയിൽ അന്നധികാരത്തിലിരുന്ന ഫാസിസ്റ്റുകാരുടെ പീഢനങ്ങൾക്കു വിധേയനായി 1927-ൽ ഗസ്പേരി അറസ്റ്റുചെയ്യപ്പെട്ടു; നിയമവിരുദ്ധമായി രാജ്യംവിട്ടുപോകുവാൻ ഉദ്ദേശിച്ചുവെന്നുള്ള കുററം ആരോപിച്ചു 4 വർഷത്തെ കഠിനതടവിനു വിധിക്കപ്പെടുകയും ചെയ്തു. ഏകദേശം രണ്ടു കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ട്രെൻറിലെ മെത്രാപ്പോലീത്താവഴിയായി ഗസ്പേരിക്കു വിമോചനം ലഭിച്ചു. എന്നുവരികിലും അദ്ദേഹത്തിനു ഒരുദ്യോഗം കൊടുക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. അദ്ദേഹവും കുടുംബവും പട്ടിണികിടക്കുന്ന ഘട്ടത്തിലെത്തി. അപ്പോൾ വത്തിക്കാൻ ലൈബ്രറിയിൽ തൽക്കാലത്തേക്കുള്ള ഒരു ക്ലാർക്കിൻെറ ഉദ്യോഗം അദ്ദേഹത്തിനു നൽകപ്പെട്ടു. 1943-വരെ അദ്ദേഹം ആ ഉദ്യോഗത്തിലിരിക്കുകയും ചെയ്തു. വത്തിക്കാനിൽ ഒരുദ്യോഗം ഗസ്പേരിക്കു നൽകപ്പെട്ടതു ഫാസിസ്റ്റധികാരികൾ അറിഞ്ഞപ്പോൾ വത്തിക്കാനിലുള്ള ഫാസിസ്റ്റുസ്ഥാനപതി ഔപചാരികമായി അതിനെ പ്രതിഷേധിച്ചു. അതിനു 11-ാം പീയൂസ് മാർപ്പാപ്പാ മറുപടി നൽകിയതിങ്ങനെയാണ്: "മുസോലിനിയോടു പറയുവിൻ, അദ്ദേഹം അപ്പം നിഷേധിച്ചിരിക്കുന്ന ഒരു മനുഷ്യനു ഒരു കഷണം അപ്പം കൊടുക്കുവാൻ ഇടയായതിൽ എനിക്കു അഭിമാനമാണുള്ളതെന്നു." ക്ലാർക്കുജോലിചെയ്യുന്നതിനിടയിൽ പുസ്തകങ്ങൾ രചിക്കുന്നതിലും തർജ്ജിമചെയ്യുന്നതിലും ഗസ്പേരി വ്യാപൃതനായിരുന്നു. 13-ാം ലെയോ മാർപ്പാപ്പായുടെ "തൊഴിലാളിപ്പട്ടയം" എന്നു പ്രസിദ്ധമായ "റേരും നൊവാരും" വിശ്വലേഖനത്തിൻെറ പ്രസിദ്ധീകരണത്തിനു വഴിതെളിച്ച കത്തോലിക്കാ സാമുദായികപരിഷ്കർത്താക്കളെപ്പററി രചിച്ച ഗ്രന്ഥമായിരുന്നു ഇവഗണത്തിൽ ഏററവും വിലയുള്ളത്. 1943 ജൂലൈയിൽ ഫാസിസം ഇററലിയിൽ അധഃപതിച്ചപ്പോൾ അതുവരെ ഒളിവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയുടെ നേതാവായി ഗസ്പേരി വീണ്ടും പ്രത്യക്ഷപ്പെട്ടു. ജർമ്മൻ സൈന്യം ഇററലിയിൽ പ്രവേശിച്ചു ഭീകരപ്രവർത്തനങ്ങൾ നടത്തിയപ്പോൾ, സ്വജീവൻ പണയപ്പെടുത്തിക്കൊണ്ട്, ദേശീയവിമോചനക്കമ്മിററിയുടെ ഒരു അംഗമായി അദ്ദേഹം റോമയിൽത്തന്നെ താമസിച്ചു. ഗസ്പേരിയുടെ കുടുംബം മാതൃകാകത്തോലിക്കാകുടുംബമാണ്. ഇററാലിയൻ മന്ത്രിയുടെ ശമ്പളം ആഡംബരമായ കുടുംബജീവിതത്തെ അനുവദിക്കുവാൻ പര്യാപ്തമല്ല. മററുമാർഗ്ഗങ്ങൾവഴിയായി ആദായമുണ്ടാക്കി ശമ്പളത്തിൻെറ കുറവു പരിഹരിക്കുവാൻ ക്രിസ്തീയമനസ്സാക്ഷിയുടെ ശാസനയാൽ അദ്ദേഹം സന്നദ്ധനുമല്ല. ഗസ്പേരിക്കു 4 പെൺകുട്ടികൾ മാത്രമാണുള്ളത്. "പുത്രന്മാരെക്കാൾ പുത്രികളുണ്ടായിരിക്കയാണ് വളരെ നല്ലത്. പുത്രന്മാർ കമ്മ്യൂണിസ്റ്റുകളാകാൻ കൂടുതൽ എളുപ്പമുണ്ട്" എന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. പെൺമക്കളിൽ ഒരാൾ സന്യാസിനീസഭയിൽ ചേർന്നിരിക്കുന്നു. ഗസ്പേരിയുടെ രാജ്യസേവനത്തിനും സ്വഭാവവൈശിഷ്ട്യത്തിനും പ്രേരണനല്കിയിരിക്കുന്നത് അദ്ദേഹത്തിൻെറ ആഴമായ മതവിശ്വാസമാകുന്നു. ഇററലിയുമായുള്ള സന്ധിയുടമ്പടി സംബന്ധിച്ചു നടന്ന മഹാശക്തികളുടെ കോൺഫറൻസിൽ ആ രാജ്യത്തെ പ്രതിനിധാനംചെയ്ത ഗസ്പേരിയോടു "അനാവശ്യകമായ ക്രൂരതയോടുകൂടിയാണ്" പെരുമാറിയതെന്നു മുമ്പു അമേരിക്കൻ സ്റ്റേററു സെക്രട്ടറിയായിരുന്ന മിസ്റ്റർ ബൈറൻസു തന്നെ സമ്മതിച്ചിട്ടുണ്ട്. അതെല്ലാം എങ്ങനെ സഹിച്ചുവെന്നു ലണ്ടനിലെ ഇററാലിയൻ സ്ഥാനപതി ചോദിച്ചപ്പോൾ ഗസ്പേരി തൻെറ പോക്കററിൽനിന്നു ഒരു ചെറിയ പ്രാർത്ഥനാപുസ്തകം എടുത്തുകാണിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു എന്തെങ്കിലും ദുസ്സഹമായി തോന്നുമ്പോൾ ഇതിലാണു ഞാൻ നവശക്തി കണ്ടെത്തുന്നത്." ഇററലിയിലെ കോൺസ്റ്റിററുവെൻറു അസംബ്ലി ഉൽഘാടനം ചെയ്തതു പ്രത്യേക പ്രാർത്ഥനാചടങ്ങുകളോടുകൂടിയായിരുന്നു. പ്രധാനമന്ത്രിയും രാഷ്ട്രത്തിൻെറ തലവനുമെന്ന നിലയിൽ ഗസ്പേരിയാണ് ആ അവസരത്തിൽ "പരിശുദ്ധാത്മാവേ വന്നാലും" എന്ന ലത്തീൻ സ്തോത്രഗീതം പാടുന്നതിൽ നേതൃത്വം വഹിച്ചത്.

### ഇററലിയിലെ ഭൂനയപരിഷ്കാരം പേപ്പൽ വിശ്വലേഖനങ്ങളനുസരിച്ച്

മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിലെ നിർദ്ദേശങ്ങളനുസരിച്ചാണ് തൻെറ ഗവൺമെൻറു ഭൂനയപരിഷ്കാരം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്നു പ്രധാനമന്ത്രി സിഞ്ഞോർ ഗസ്പേരി ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. ഇററലിയുടെ ഒരു വിഭാഗമായ സർഡീനിയായിൽ, കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനുശേഷം, പ്രാദേശികഭരണം സംബന്ധിച്ചു ഒരു തെരഞ്ഞെടുപ്പു നടന്നു. സർഡീനിയായിലും ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിതന്നെയാണ് ഏററവും അധികം ഭൂരിപക്ഷമുള്ള പാർട്ടി. എന്നുവരികിലും പൊതുതിരഞ്ഞെടുപ്പിൽ ലഭിച്ചതിനെക്കാൾ ഒരു ലക്ഷത്തിലധികം കുറവായിരുന്നു ആ പാർട്ടിക്കു അവിടെ ലഭിച്ച വോട്ടുകൾ. ഈ കുറവിനു കാരണം രാജകക്ഷിക്കാരും ഫാസിസ്റ്റുകക്ഷിക്കാരുമാണെന്നു അദ്ദേഹം തിരഞ്ഞെടുപ്പിനുശേഷം പരസ്യമായി പ്രഖ്യാപിച്ചു. ഇററലിയിൽ പ്രജായത്തഭരണം പുനരുജ്ജീവിപ്പിച്ചെങ്കിലേ രാജ്യത്തിനു രക്ഷയും അഭിവൃദ്ധിയും ഉണ്ടാകയുള്ളുവെന്നു അദ്ദേഹം ഊന്നിപ്പറഞ്ഞു. നിർണ്ണായകമായി തീരുമാനിക്കപ്പെട്ട രാജപ്രശ്നം വീണ്ടും ഉയർത്തിക്കൊണ്ടുവരുന്ന രാജകക്ഷിയെയും, പാർലമെൻററി ഭരണരീതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം നശിപ്പിക്കുവാൻ അനുസ്യൂതം ശ്രമിച്ചുകൊണ്ടിരിക്കുന്ന പുതിയ ഫാസിസ്റ്റു കക്ഷിയെയും അദ്ദേഹം അപലപിച്ചു. "യുദ്ധം സംബന്ധിച്ചുള്ള ഉത്തരവാദിത്വത്തിൻെറ ഗുണദോഷങ്ങളെയും തോൽവിയുടെ ഫലങ്ങളെയുംകുറിച്ചു എത്രവേണമെങ്കിലും നിങ്ങൾ വാദപ്രതിവാദം നടത്തിക്കൊള്ളുക. എന്നാൽ ഫാസിസം പുനഃസ്ഥാപിക്കുന്നതിനു ശ്രമിക്കുവാൻ നിങ്ങളെ അനുവദിക്കുന്നതല്ല. ഫാസിസത്തിനുവേണ്ടി വാദിക്കുന്നതിനെതിരായി ഒരു നിയമം ഉണ്ടെന്നു നിങ്ങൾ ഓർമ്മിക്കണം. ഡെമൊക്രാറുകളായ ഞങ്ങൾ ആ നിയമം പ്രയോഗിക്കുവാൻ ഉദ്ദേശിക്കുന്നതന്നെ ചെയ്യും" എന്നാണ് അദ്ദേഹം തുടർന്നു പറഞ്ഞത്. അനന്തരം, വലതുപക്ഷക്കാരുടെ എതിർപ്പുകളെ വകവയ്ക്കാതെ ഗവൺമെൻറു നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഭൂനയപരിഷ്കാരത്തെപ്പററി അദ്ദേഹം സൂചിപ്പിച്ചു. ആ പരിഷ്കാരത്താൽ മാത്രമേ, "റേരും നൊവാരും" വിശ്വലേഖനത്തിലെ നിർദ്ദേശങ്ങളനുസരണമായി സ്വകാര്യസ്വത്തുക്കളുടെ കൂടുതൽ തുല്യമായ വിതരണം സാദ്ധ്യമാകുകയുള്ളുവെന്നു അദ്ദേഹം ഉദ്ഘോഷിച്ചുപറഞ്ഞു. ഇററാലിയൻ ഗവൺമെൻറു നടപ്പിൽവരുത്തുവാനുദ്ദേശിക്കുന്ന ഭൂനയപരിഷ്കാരത്തെ പ്രധാനമന്ത്രി ഗസ്പേരി കഴിഞ്ഞ ഏപ്രിൽ 16-ാംനു വിശദീകരിച്ചതിങ്ങനെയാണ്:

"ഭൂമിയിൽ വേലചെയ്യുന്നവരേയും ചെറുകർഷകരേയും സ്വന്തം ഭൂമിയുള്ള ചെറിയ ഉടമസ്ഥന്മാരാക്കണമെന്നാണ് നമ്മുടെ പരിഷ്കാരപദ്ധതി ഉദ്ദേശിക്കുന്നത്. ഇതു പ്രായോഗികമല്ലാത്തിടത്തു വലിയ നിലങ്ങളുടെ ഭരണത്തിൽ അവർക്കു ഓഹരികൊടുക്കണമെന്നാണ് നമ്മുടെ പ്രതീക്ഷ. ഇതിൻെറ അർത്ഥം, വളരെ വലിയതോ മിതമായതോതിൽ വലിയതോ ആയ കൃഷിഭൂമികളുള്ള ഭൂവുടമസ്ഥന്മാർ ഭൂനയപരിഷ്കരണത്തിനും കുടിയേററത്തിനും വേണ്ടി സർക്കാരിനാൽ ഏർപ്പെടുത്തപ്പെടുന്ന ഒരു സംഘടനയ്ക്കു അവരുടെ ഭൂമിയിൽ ഒരു ഭാഗം വിട്ടുകൊടുക്കേണ്ടിവരുമെന്നാണ്. ഭൂവുടമസ്ഥന്മാർ വിട്ടുകൊടുക്കേണ്ടിവരുന്ന ശതമാനം അവരുടെ കൈവശമുള്ളതിൻെറ ഇരുപതിനും അഞ്ചിനും മദ്ധ്യേ വ്യത്യസ്തമായിരിക്കും. ഈ ശതമാനം കണക്കാക്കുന്നതിനു മുൻപായി അവർക്കു കൈവശംവയ്ക്കുവാൻ അനുവദിക്കപ്പെടുന്ന അടിസ്ഥാനവിതം നിർണ്ണയിക്കപ്പെടും. അതു ഏകദേശം 25 മുതൽ 625 വരെ ഏക്കറായിരിക്കും. ഈ പദ്ധതിക്കുവേണ്ടി എടുക്കപ്പെടുന്ന ഭൂമിയുടെ വിലയിൽ ഒരു ഭാഗം രൊക്കം പണമായും മറെറാരുഭാഗം പണമാക്കാവുന്ന സർട്ടിഫിക്കററുകളായും നൽകപ്പെടും. ഈ സംഖ്യകൾ കൊടുക്കുന്നതു സർക്കാർ ഏർപ്പെടുത്തുന്ന പരിഷ്കരണസംഘടനയായിരിക്കും. ഭൂമിലഭിക്കുന്ന തൊഴിലാളികൾക്കു കാലാവധി നിശ്ചയിക്കും, അതിൻെറ വില അവർ കൊടുത്തുവീട്ടുവാൻ. അതിലേക്കു അവരെ കടംകൊടുത്തും സാങ്കേതികമായ മററുവിധത്തിലും സർക്കാർ സഹായിക്കുകയും ചെയ്യും."

സിഞ്ഞോർ ഗസ്പേരിയുടെ ഈ ഭൂനയപരിഷ്കരണപദ്ധതി സോഷ്യലിസ്റ്റുകാരുടേതിൽനിന്നു വളരെ വ്യത്യസ്തമാണെന്നു സ്പഷ്ടമാണല്ലോ. സോഷ്യലിസ്റ്റുകാർ സ്വകാര്യസ്വത്തുടമ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുവാൻ ഉദ്ദേശിക്കുമ്പോൾ ഈ പദ്ധതി അതു കഴിയുന്നിടത്തോളം അധികമാളുകൾക്കു കൊടുക്കുവാൻ ഉദ്ദേശിക്കുകയാണ്. സോഷ്യലിസ്റ്റുകാർ വലിയ ഭൂസ്വത്തുടമസ്ഥന്മാരുടെ വകകൾ പ്രതിഫലമൊന്നുംകൂടാതെ മുഴുവൻ പിടിച്ചെടുക്കുമ്പോൾ, ഈ പദ്ധതി അവരുടെ ആവശ്യം കഴിഞ്ഞുള്ള വിഭാഗം ന്യായമായ പ്രതിഫലം കൊടുത്തു അവരിൽനിന്നെടുക്കുവാനാണുദ്ദേശിക്കുന്നത്. ഈ പദ്ധതി "റേരും നൊവാരും" വിശ്വലേഖനത്തിലെ നിർദ്ദേശമനുസരിച്ചാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനെപ്പററി അടുത്തലക്കത്തിൽ.

## അടുത്ത ആഴ്ചയിൽ

ഡിസംബർ

11 ഞാ: സൂവാറ 3-ാം ഞായർ
12 തി: ഗ്വദലൂപ്പ് മാതാവ്
13 ചൊ: ലൂസിയ
14 ബു: നിക്കാസിയൂസ്
15 വ്യാ: ഫ്ളോറൻസ്
16 വെ: യൂസെബിയൂസ്
17 ശ: ലാസറസ്


സത്യദീപം

## വരിസംഖ്യ

| | ക. ണ. പ. |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |
| ഒററപ്രതി | 0—2—0 |


## മെത്രാൻ പട്ടാഭിഷേക വാർഷികം

എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ 38-ാമത്തെ മെത്രാൻ പട്ടാഭിഷേകവാർഷികം പ്രമാണിച്ച് ഡിസംബർ 3-ാംനു തിരുമേനി അതിമെത്രാസന ചാപ്പലിൽവച്ച് കൃതജ്ഞതാസൂചകമായി ദിവ്യബലി അർപ്പിക്കുകയുണ്ടായി. വികാരി ജനറാൾ മൊററ് റവ. മോൺ മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ മഹാ ആലാഘോഷ എന്ന സ്തോത്രഗീതവും പരിശുദ്ധ കുർബാനയുടെ വാഴ്വും നടത്തപ്പെട്ടു.

## ഉടൻ ആവശ്യപ്പെടുക

ഡിസംബർ 21 (ധനു 6)-ാംനു പുറപ്പെടുന്ന സത്യദീപം വിശേഷാൽ പ്രതിയുടെ കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഡിസംബർ 13 (വൃശ്ചികം 28)-ാംനു-ക്കു മുമ്പായി അഡ്വാൻസ് സഹിതം ആവശ്യപ്പെടുക. ഒററ പ്രതിക്കു 2 ണ. മാത്രം.

മാനേജർ
സത്യദീപം
എറണാകുളം.

## കൈപ്പററി

മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൽനിന്നും പ്രസ്സിൻെറ ജൂബിലി പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന മനോഹരമായ കലണ്ടർ കൈപ്പററി നന്ദിപറയുന്നു. വി. യൗസേപ്പുപിതാവിൻെറയും ഫാത്തിമാമാതാവിൻെറയും, മാർപ്പാപ്പാ, പരസ്യതിരുസംഘം സെക്രട്ടറി, ഇൻറർനൺഷ്യോ, കേരളത്തിലെ മെത്രാപ്പോലീത്താമാർ, രാഷ്ട്രീയനേതാക്കന്മാർ ആദിയായവരുടെയും ബ്ലോക്കുകൾ കലൻഡറിനു അലങ്കാരമായിട്ടുണ്ട്. ഓരോ ദിവസത്തെ കുറുക്കു സൂചിതകൾ, ഓരോ മാസത്തേയും പ്രത്യേകഭക്ത്യഭ്യാസത്തിൻെറ ബ്ലോക്കുകൾ ആദിയായവ ചേർത്തിരിക്കുന്നതു ഏററവും ഉചിതമായിരിക്കുന്നു. 10 ണ വിലവരുന്ന ഈ കലൻഡർ സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

## ഫാത്തിമാ മാതൃതചുരുപം

ഫാത്തിമാമാതാവിൻെറ തിരുസ്വരൂപം നവംബർ 27-ാംനു ബോംബെയിലെത്തിയെന്നും പിറേറദിവസംതന്നെ അതു ഗോവായിലേക്കു കൊണ്ടുപോയെന്നും അറിവായിരിക്കുന്നു.

## ജപാപ്പോസ്തലസഖ്യം

ഡിസംബർ മാസത്തിലെ പൊതുനിയോഗം: വീടുകളിൽ അനുദിനം കൂട്ടമായ പ്രാർത്ഥന നടപ്പിലാകുവാൻ. മിഷൻനിയോഗം: ഇസ്ലാം മതത്തിലുള്ള രാജ്യങ്ങൾക്കുവേണ്ടി.

## കർദ്ദിനാൾ ഗിൽറോയി

ബാംഗളൂർ സുനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുവാൻ ഇൻഡ്യയിൽ എഴുന്നള്ളിച്ചുന്ന കർദ്ദിനാൾ ഗിൽറോയി തിരുമേനിക്ക് ബോംബെ അതിരൂപതയിലെ കത്തോലിക്കരുടെ വകയായി 1950 ജനുവരി 1-ാം നു- ക്രൂപ്പറേജ് ഗ്രൗണ്ട്സിൽവച്ച് ഒരു പരസ്യസ്വീകരണം നല്കുന്നതാണ്.

## മാർ ജയിംസ് കാളാശ്ശേരി

നേരത്തെ പ്രസിദ്ധീകൃതമായിട്ടുള്ള "ഡോക്ടർ ജയിംസ് കാളാശ്ശേരി തിരുമനസ്സിലെ ജീവചരിത്രസംഗ്രഹം" പൂർത്തിയാക്കേണ്ട ആവശ്യത്തിലേക്ക് ഏതൽസംബന്ധമായ വിവരങ്ങളും, തിരുമേനിയുടെ നിര്യാണംസംബന്ധിച്ചു കൂടിയ അനുശോചനയോഗങ്ങളുടെ വിവരങ്ങളും താഴെ പറയുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കാൻ ടിയാൻ അഭ്യർത്ഥിച്ചിരിക്കുന്നു.

കെ എം. ജേക്കബ് മാപ്പിള,
കട്ടമംഗലം, കൈനകരി.

## ശ്രീ പെട്ടയുടെ അദ്ധ്യക്ഷതയിൽ

"ദി ആൾ ഇൻഡ്യാ കത്തോലിക് യൂണിവേഴ്സിററി ഫെഡറേഷന്റെ ഒരു പ്രാദേശികകോൺഫറൻസ് തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിൽവച്ച് ശ്രീ ജോസഫ് പെട്ട എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നവംബർ 13-ാം നു- നടന്നിരിക്കുന്നു.

## വിവാഹം

ഞാറയ്ക്കൽ പാറയ്ക്കൽ ശ്രീ വറീത് അവർകളുടെ മകൻ ഇട്ടീരച്ചനും ചേന്ദങ്കരിപള്ളി ഇടവക കഞ്ഞൂപറമ്പിൽ ശ്രീ കുഞ്ചോയായുടെ മകൾ ആച്ചീസും തമ്മിലുള്ള വിവാഹം നവംബർ 28-ാം നു- ചേന്ദങ്കരി പള്ളിയിൽവച്ചു. ശ്രീ വറീതിന്റെ മകൾ കൊച്ചുത്രേസ്യായും തൃശ്ശിവപേരൂർ ഡോക്ടർ ഫറൻസിസ് ആപ്പാട്ട് അവർകളുടെ മകൻ പൗലോസും തമ്മിലുള്ള വിവാഹം നവംബർ 29-ാം നു- ഞാറയ്ക്കൽ പള്ളിയിൽവച്ചും നടന്നിരിക്കുന്നു.

## പ്രാദേശികവാർത്തകൾ

കരിമണ്ണൂർ സത്യാരാധനസഖ്യത്തിന്റെ ഒരു മഹാസമ്മേളനം നവംബർ 23, 25, 27 എന്നീ തീയതികളിൽ റവ. ഫാ. ജോസഫ് മാവുങ്കൽ, റവ. ഫാ. അഗസ്റ്റിൻ ചെമ്പരത്തി, റവ. ഫാ. ജോസഫ് നമ്പ്യാപറമ്പിൽ എന്നിവരുടെ അദ്ധ്യക്ഷതകളിൽ സമ്മേളിക്കുകയുണ്ടായി. എറണാകുളം, ചങ്ങനാശ്ശേരി, കോട്ടയം എന്നീ രൂപതകളിലെ 25 പള്ളികളിൽനിന്നു സഖ്യാംഗങ്ങൾ സന്നിഹിതരായിരുന്നു. 3 ദിവസവും ബ്രദർ പീററർ റെഡ്ഡി എം. എ. അവർകളുടെ പ്രസംഗവുമുണ്ടായിരുന്നു. റവ. ഫാ. ലിയോ ഒ. എഫ്. എം. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന കാര്യാലോചനയോഗത്തിൽവച്ചു താഴെപറയുന്ന സംഗതികൾ തീരുമാനിച്ചു: 1) സത്യാരാധന സഖ്യാംഗങ്ങൾ ഫറൻസീസ്സൻ മൂന്നാം സഭയിൽ ചേരുക. 2) വ്യക്തികൾ സത്യദീപംപത്രം വരുത്തുന്നതിനുപുറമെ സംഘവകയായി പ്രത്യേകം ഒരെണ്ണം വിശേഷം വരുത്തി സൂക്ഷിക്കുക 3) ഓരോ സംഘത്തിനും പ്രത്യേകം പ്രത്യേകം കൊടിയുണ്ടാക്കുക. 4) പല ഇടവകകളിലെ സംഘങ്ങൾ ചേർന്ന് വാർഷികസമ്മേളനം നടത്തുക. 5) 3 കൊല്ലത്തിലൊരിക്കൽ മഹാസമ്മേളനം നടത്തുക.

—വരാപ്പുഴ പുത്തൻപള്ളി സെന്റ് വിൻസെന്റ് ഡി പോൾ സഖ്യാംഗങ്ങളായ 45 യുവാക്കന്മാരെ റവ. ഫാ. ലിയോ ഒ. എഫ്. എ. ഡിസംബർ 4-ാം നു- ഫറൻസിസ്സൻ മൂന്നാംസഭയിൽ ചേർത്തിരിക്കുന്നു.

—മുരുക്കംപുഴ ഇടവകാംഗങ്ങളുടെ ഒരു യോഗം വൃശ്ചികം 12-ാം നു- വികാരി റവ. ഫാ. മാർക്ക് ഫെർണാണ്ടസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി തദ്ദേശനിവാസികളുടെ നാനാമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി "പാരിഷ് യൂണിയൻ" എന്ന പേരിൽ ഒരു സംഘം രൂപവൽക്കരിച്ചിരിക്കുന്നു.

—പുത്തൻപള്ളിയിലെ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 4-ാം നു ഒരു പൊതുയോഗം റവ. ഫാ. തിയഡോഷ്യസ് എം. എ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ബ്രദർ പീററർ റെഡ്ഡി എം. എ. പ്രസംഗിക്കുകയും ചെയ്തു.

## നിര്യാതനായി

പുളിങ്കുന്ന് ആശ്രമത്തിലെ പ്രിയോർ വെ. റവ ഫാദർ ആൽഫ്രഡ് ടി. ഒ. സി. ഡി. വൃശ്ചികം 15-ാം നു- ആലപ്പുഴ ആസ്പത്രിയിൽവച്ച് നിര്യാതനായിരിക്കുന്നു. R. I. P.

## ചോദ്യോത്തരപംക്തി

ചോ: പരിശുദ്ധ കന്യകാമറിയത്തെ ആക്കാസിന്റെ സൂര്യഘടികാരമെന്നു വിളിക്കുന്നതെന്തുകൊണ്ട്?

ഉ: രാജാക്കന്മാരുടെ നാലാം പുസ്തകം ഇരുപതാം അദ്ധ്യായത്തിലും ഏശയാ ദീർഘദർശിയുടെ പുസ്തകം മുപ്പത്തെട്ടാമദ്ധ്യായത്തിലും വിവരിച്ചിട്ടുള്ള ഒരു സംഭവത്തെ ആസ്പദമാക്കിയാണ് "ആക്കാസിന്റെ സൂര്യഘടികാരം" എന്നു



കേരളം സന്ദർശിക്കുവാൻ പോകുന്ന ഫാത്തിമാ തിരുസ്വരൂപം. പ്രതിമയുടെ വലത്തുവശത്തു നില്ക്കുന്നതു തീർത്ഥയാത്രാസംഘം ഡയറക്ടർ റവ. ഫാ. [illegible]യും ഇടതുവശത്തു നില്ക്കുന്നതു പോർട്ടുഗീസ് മിഷന്റെ സുപ്പീരിയറുമാണ്.

പരി. മറിയത്തെ സൊഡാലിററി ഒപ്പീസിൽ സംബോധനചെയ്തിട്ടുള്ളതു. പ്രസ്തുത സംഭവം ഇതാണ്: യൂദയായിലെ രാജാവായ എസക്കിയാസ് രോഗബാധിതനായി. അദ്ദേഹത്തിന്റെ മരണം ആസന്നമായിരിക്കുന്നുവെന്നു ഏശയാ ദീർഘദർശിവഴി ദൈവം അദ്ദേഹത്തെ അറിയിക്കയും ചെയ്തു. അതിനാൽ ആ കുലചിത്തനായ രാജാവു കണ്ണീരോടുകൂടി തീക്ഷ്ണമായി പ്രാർത്ഥിച്ചു തന്റെ ആയുസ്സ് നീട്ടിക്കിട്ടുന്നതിനായി. ദൈവം കരുണാപൂർവ്വം എസക്കിയാസിന്റെ അപേക്ഷ സ്വീകരിക്കയും പതിനഞ്ചു കൊല്ലത്തേക്കുകൂടി അദ്ദേഹത്തിന്റെ ആയുസ്സ് നീട്ടിക്കൊടുക്കുകയും ചെയ്തു. ഇതിനു ലക്ഷ്യമായി ദൈവം ഒരു അത്ഭുതംകൂടി പ്രവർത്തിക്കുവാൻ തിരുമനസ്സായി. രാജാവിന്റെ സൂര്യഘടികാരത്തിൽ വീണിരുന്ന നിഴൽ പെട്ടെന്നു പത്തുവരകൾ പിറകോട്ടു നീങ്ങിനിന്നു.

അധഃപതിച്ച മനുഷ്യവംശത്തിനു നിത്യജീവൻ പ്രദാനംചെയ്യുവാനായി ദൈവപുത്രൻ പരി. കന്യകയിൽ അവതാരംചെയ്തു. നീതിസൂര്യനായ അവിടുന്നു തന്റെ പ്രതാപം മറച്ചുകൊണ്ടു വളരെയധികം ഇടിഞ്ഞു. ഇറങ്ങിക്കൊണ്ടു ദൈവപുത്രൻ മനുഷ്യനായി പ്രത്യക്ഷപ്പെട്ടതു പരി. കന്യകയിലാണല്ലോ. ആകയാൽ ആക്കാസിന്റെ സൂര്യഘടികാരത്തിന്റെ സ്ഥാനത്തു പരി. മറിയം നിലകൊള്ളുന്നു.

## കൊ-തി. വാർത്തകൾ

ലക്നോ സർവ്വകലാശാലയിലെ ഒരു പ്രൊഫസരായിരുന്ന ഡോക്ടർ നന്ദനമേനോനെ 1500 ക ശമ്പളത്തിൽ സർവ്വകലാശാല വൈസ് ചാൻസലറായി നിയമിച്ചിരിക്കുന്നു.

—ഡയറക്ടർ ഓഫ് കൺട്രോൾസ് കമ്മീഷണറിന്റെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ ലൈസൻസ് കൂടാതെ ആരെങ്കിലും, പഞ്ചസാര വാങ്ങുകയോ, വില്ക്കുകയോ, സ്റ്റോക്കുചെയ്യുകയോ ചെയ്യുന്നതിനെ നിരോധിച്ചുകൊണ്ടു "പഞ്ചസാരനിയന്ത്രണ ഓർഡർ" എന്ന ഒരു പുതിയ ഉത്തരവ് ഗവമ്മെൻറിൽനിന്നു പുറപ്പെടുവിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാനത്തിലെ പീനൽകോഡു ബില്ലിൽനിന്നും നാടുകടത്തൽ ശിക്ഷാവ്യവസ്ഥ നീക്കംചെയ്തിരിക്കുന്നതായറിയുന്നു.

—നെൽകൃഷി പ്രോത്സാഹനാർത്ഥം കുട്ടനാട്ടിലെ കൃഷിക്കാർക്ക് വളം കടമായി നല്കുന്നതിനു ഗവമ്മെന്റു ഉത്തരവായിരിക്കുന്നു.

—തിരുവിതാംകൂറിലെ 'ലെ ഇംഗ്ലീഷ്' മിഡിൽസ്കൂൾ പരീക്ഷയും കൊച്ചിയിലെ മൂന്നാംഫാറം പബ്ലിക് പരീക്ഷയും ഈ വർഷംമുതൽ നിർത്തലാക്കിയിരിക്കുന്നെന്നും നാലാംഫാറത്തിലേക്കുള്ള പ്രമോഷൻ സ്കൂൾവർഷാവസാനത്തിൽ നടത്തപ്പെടുന്ന ക്ലാസ് പരീക്ഷമൂലം നിശ്ചയിക്കുന്നതാണെന്നും വിദ്യാഭ്യാസഡയറക്ടർ വിജ്ഞാപനം ചെയ്തിരിക്കുന്നു. എന്നാൽ മൂന്നാംഫാറം പൂർത്തിയായ ക്വാളിഫൈഡ് സർട്ടിഫിക്കററ് വേണമെന്നാഗ്രഹിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചു മിഡിൽസ്കൂൾ പരീക്ഷ എന്ന പേരിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നും ഒരു പരീക്ഷ നടത്തുന്നതാണ്.

## ഇൻഡ്യാവാർത്തകൾ

ഹൈദരബാദിലെ ചീഫ് മിനിസ്റ്ററായി ശ്രീ എ. കെ. വെള്ളോടി ഡിസംബർ 1-ാം നു- ചാർജെടുത്തിരിക്കുന്നു.

—അഖിലലോക സമാധാനസമ്മേളനം ഡിസംബർ 1-ാം നു- ശാന്തിനികേതനത്തിൽവച്ച് ആരംഭിച്ചിരിക്കുന്നു.

—20,000 ടൺവീതം കൊപ്രായും വെളിച്ചെണ്ണയും സിലോണിൽനിന്നും ഇൻഡ്യയിൽ ഇറക്കുമതിചെയ്യുന്നതാണെന്നു വാണിജ്യമന്ത്രി ശ്രീ കെ. സി. നിയോഗി കോൺസംബ്ലിയിൽ പ്രസ്താവിക്കുകയുണ്ടായി.

—ഒരു കേരളസംസ്ഥാനത്തിന്റെ രൂപീകരണം അഭിലഷണീയമാണെന്നും അതു നിസ്സംശയം രൂപീകരിക്കപ്പെടുന്നതാണെന്നും എന്നാൽ അതിനു തക്കതായ ഒരു സമയം പ്രതീക്ഷിച്ചിരിക്കേണ്ടിയിരിക്കുന്നു എന്നും പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ഐക്യകേരള നിവേദകസംഘത്തോടു പ്രസ്താവിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

ക്രിസ്തുസ് പ്രമാണിച്ച് പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ട് ഡിസംബർ 23-ാം നു- ഒരു സന്ദേശം പ്രക്ഷേപണം ചെയ്യുന്നതാണ്.

—വിശുദ്ധവത്സരോൽഘാടനം പ്രമാണിച്ച് സെന്റ് പീറേറഴ്സ് ബസിലിക്കായിലെ വിശുദ്ധ കവാടം പ. പിതാവു തിരുമനസ്സുകൊണ്ട് ഡിസംബർ 24-ാം നു- കല്പിച്ചു തുറക്കുന്നതായിരിക്കും.

## സ്നേഹിതന്മാർ

(8-ാം പേജ് തുടർച്ച)

യോഗത്തിനായി ഇവിടത്തെ രക്തബാങ്കിലെ രക്തമെല്ലാം അയച്ചുകഴിഞ്ഞു. ഈ നിർഭാഗ്യവാൻ രക്ഷപെടണമെങ്കിൽ ദേഹത്തിലുടൻ രക്തം പ്രവേശിപ്പിക്കേണ്ടിയിരിക്കുന്നു. നിങ്ങൾക്കു, നിങ്ങളുടെ രക്തം..."

"എന്റെ രക്തം മുഴുവനല്ല, ശരീരത്തെക്കൂടി എടുത്തുകൊള്ളൂ. ഞാൻ...മരിച്ചാലും എനിക്കു ദുഃഖമില്ല."

ഡോക്ടർ അത്ഭുതത്തോടെ തലകുലുക്കി.

നേരം വെളുക്കാറായിരുന്നു. മേഘപടലങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരുന്ന സൂര്യൻ പൂർവ്വദിക്കിൽനിന്നുള്ള യാത്രയ്ക്കായി ആരോഹണം ചെയ്തു. രക്തം മുഴുവൻ വലിച്ചെടുക്കപ്പെട്ടതിനാൽ മനുഷ്യരൂപമുള്ള ഒരു വിളറിയ മാംസപിണ്ഡമെന്നപോലെ ജോർജ്ജ് ജോണിയുടെ മുഖത്തേക്കു നോക്കിക്കൊണ്ടിരിക്കുന്നു.

എന്തൊരു മാററം. സൗന്ദര്യത്തിന്റെ കേളീരംഗമായിരുന്ന ആ മുഖത്ത് ഇപ്പോൾ കാളിമ വ്യാപിച്ചിരിക്കുന്നു. ചുണ്ടുകൾ വരണ്ടുണങ്ങി. മിന്നിത്തിളങ്ങിക്കൊണ്ടിരുന്ന നയനങ്ങൾ കുഴിയിൽ പതിച്ചതുപോലെ നിർജ്ജീവങ്ങളായിരിക്കുന്നു.

"ജോണീ, സ്നേഹിതാ..." ഇടറിയ കണ്ഠത്തോടെ ജോർജ്ജ് തേങ്ങി.

മനുഷ്യത്വത്തിന്റെ നേരെ ഒരു ചോദ്യചിഹ്നമെന്നപോലെ സ്പന്ദനം അല്പം കനിവുണ്ടായിരുന്ന ജോണി കിടക്കമേൽ ശയിക്കുന്നു. താൻ പലപ്പോഴും നിന്നു നടക്കാൻ പറഞ്ഞിട്ടുള്ള ജോണിയാണല്ലോ മുമ്പിൽ കിടക്കുന്നതെന്നു ജോർജ്ജ് ഓർത്തു. വിളിച്ചിട്ടു മറുപടി ഒന്നും ലഭിക്കാതിരുന്നതിനാൽ, ജോണിയുടെ നെററിത്തടത്തെ മൃദുവായി തലോടിക്കൊണ്ട് ജോർജ്ജ് ശബ്ദിച്ചു.

"ജോണീ"

"ഉം." അയാൾ കണ്ണുതുറന്നു പരിസരങ്ങളെ വീക്ഷിച്ചു.

"ജോണീ, മേരിയും കൂട്ടരുമെവിടെ?"

"സ്നേഹിതാ, സഹോദരാ, ഞങ്ങൾ ഒരുമിച്ചുനിന്നു ...വെടി ഏററു വീണ എന്നെ ഉപേക്ഷിച്ചു അവർ ഓടിയതും ...മാത്രമേ ഞാൻ ഓർക്കുന്നുള്ളൂ" വിലതീരാത്ത രണ്ടു കണ്ണുനീർത്തുള്ളികൾ ജോണിയുടെ കവിൾത്തടത്തെ അലങ്കരിച്ചു പശ്ചാത്താപത്തിന്റെ അമൂല്യതയെ അറിയിക്കാനെന്നവണ്ണം.

"സ്നേഹിതാ, സഹോദരാ" ജോണിയും ജോർജ്ജും ഒരുമിച്ചു പരസ്പരം വിളിച്ചു ഈ ശബ്ദം ഭിത്തികളിൽ അടിച്ചു, "സ്നേഹിതാ, സഹോദരാ" എന്നും ഒന്നുകൂടി ആവർത്തിച്ചു.

## വിനോദവീഥി

മൂന്നു തയ്യൽക്കാർ ഒരു ദിവസംതന്നെ ഒരു തെരുവിൽ വന്നു താമസം തുടങ്ങി. പിറേറദിവസം അവരിൽ ഒരാളുടെ വാതിൽക്കൽ ഇപ്രകാരമൊരു ബോർഡുകണ്ടു: "ഈ നഗരത്തിലെ ഏററവും നല്ല തയ്യൽക്കാരൻ" (The best tailor in the town). അതിനെ തന്നെ കവച്ചുവയ്ക്കാൻ സാധിക്കാത്ത തരത്തിലുള്ള ഒരു വിജ്ഞാപനം വേണമെന്നു രണ്ടാമൻ തീരുമാനിച്ചു. ഒരു ദിവസംകൂടി കഴിഞ്ഞപ്പോൾ അയാളുടെ വാതിൽക്കൽ പ്രത്യക്ഷപ്പെട്ട ബോർഡിൽ "ലോകത്തിലേക്കുംവച്ച് ഏററവും നല്ല തയ്യൽക്കാരൻ" (The best tailor in the world) എന്ന് എഴുതിയിരുന്നു. ഇനിയെന്താ മാർഗ്ഗമെന്നു മൂന്നാമൻ തലപുകഞ്ഞാലോചിച്ചു. അവസാനം അയാൾതന്നെ വിജയിച്ചു. അയാളുടെ ബോർഡിലെ വാചകമിതായിരുന്നു: "ഈ തെരുവിലെ ഏററവും നല്ല തയ്യൽക്കാരൻ" (The best tailor in the street).

* * *

ആദ്യമായി വിമാനത്തിൽ കയറാനായി ചെന്ന ഗ്രാമീണവൃദ്ധൻ, വിമാനം ഉയരുന്നതിനുമുമ്പായി പൈലട്ടിനോട്: 'സർ, എനിക്കൊരു കാര്യം പറയാനുണ്ട്. മുകളിലേക്കു കൊണ്ടുപോകുന്നതുപോലെതന്നെ എന്നെ കീഴോട്ടു കൊണ്ടുപോരണം."

പൈലട്ട്: 'അക്കാര്യം ഞാനേററു. ഞങ്ങളാരേയും ത്രിശങ്കുസ്വർഗ്ഗത്തിലാക്കിയിട്ട് പോരാറില്ല."

* * *

ജയിലിൽ പുതുതായി വന്ന പുള്ളിയോടു സൂക്ഷിപ്പുകാരൻ: "[illegible] ആദ്യംതന്നെ ഒന്നു കുളിക്ക്. താൻ കുളിച്ചിട്ട് എത്ര നാളായെടോ?'

തടവുപുള്ളി: 'എന്റെ ഏമാനെ, എന്നെ ഇതിനുമുമ്പാരും തടവിൽ പിടിച്ചിട്ടില്ല."

* * *

ഒരു പ്രത്യേക തീവണ്ടി കുറെ കൊല്ലങ്ങളായി താമസിച്ചുമാത്രമേ വരിക പതിവായിരുന്നുള്ളു. ഒരു ദിവസം അതു കൃത്യസമയത്തെത്തി. ആകയാൽ പ്ലാററ്ഫോറത്തിലുണ്ടായിരുന്നവരെല്ലാംകൂടി ഡ്രൈവറെ അനുമോദിച്ചു. പക്ഷെ അയാൾ മറുപടി പറഞ്ഞു: "ഇതു് ഇന്നലെ വരേണ്ട വണ്ടിയായിരുന്നു."

ചെറുകഥ

# സ്നേഹിതന്മാർ

(ഏ. ററി. ദേവസ്യാ ബി. എ.)

"ജോണി, ക്ലാസ്സിൽപോകാറായി, വേഗം വരൂ," ജോസഫും രവിയും തോമസ്സും സ്നേഹിതനെ വിളിച്ചു.

അടുത്ത മുറിയിൽ താമസക്കാരനായ ജോർജ്ജ് പറഞ്ഞു, "സമയം ഒമ്പതുമണി ആകുന്നതേ ഉള്ളല്ലോ. എന്തിനിത്ര നേരത്തെ ഒഴപ്പാൻ പോകുന്നു."

"ഓ, ഒരുഴപ്പുകേലാത്തവൻ. ജോണി, അവൻ ഒന്നാമനായി അങ്ങു ജയിച്ചോട്ടെ. നെഹ്റുവും പട്ടേലും പ്രസംഗിച്ചിരിക്കുന്നു, ലോകം പഠിക്കുന്നതാണ് വിദ്യാഭ്യാസമെന്ന്. പരീക്ഷ പാസ്സാകുന്നതിൽ വലിയ കഥയൊന്നുമില്ല. നാം സുഖമായി ജീവിക്കാൻ പഠിക്കണം." രവി തന്റെ വിജ്ഞാനം വെളിപ്പെടുത്തി. "ഹിയർ," "ഹിയർ" വിളിച്ച് മറ്റെല്ലാവരും അതിനോടു യോജിച്ചു.

"ശരിയാണ്. നാം ജീവിക്കാൻ പഠിക്കണം. പ്രഭാതംമുതൽ പ്രദോഷംവരെ പണിയെടുത്തു പണം അയച്ചുതരുന്ന നമ്മുടെ മാതാപിതാക്കന്മാരോട് ഓരോരുത്തർക്കും മഹത്തായ ഓരോ കടമയുണ്ട്. അലസന്മാരായി ധനം ധൂർത്തടിക്കുകയും, പഠനത്തിൽ അശ്രദ്ധ കാണിക്കുകയും ചെയ്യുന്നതു നമ്മോടുതന്നെ നാം ചെയ്യുന്ന മഹാ അപരാധമാണ്. നാം സ്വന്തം കാലിൽ നില്ക്കേണ്ട അവസരം വരുന്നു. ഇന്നു മിതവ്യയം ശീലിക്കുകയും, വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുകയും ചെയ്താൽമാത്രമേ ഭാവിയിൽ നാം ജീവിക്കാൻ പഠിക്കൂ." ജോർജ്ജ് തന്റെ അഭിപ്രായം ഒന്നുകൂടി വ്യക്തമാക്കി.

"ഒന്നു നിർത്തു ഹേ, തന്റെ നീണ്ട വേദാന്തം. താനങ്ങനെ ബുദ്ധിമുട്ടി പഠിക്കുന്നവനായിരിക്കും. ഞങ്ങൾക്കങ്ങനെ വിഷമിക്കേണ്ട ആവശ്യമില്ല. താൻ പ്രധാനമന്ത്രി ആകുമ്പോൾ ഞങ്ങളെ എഞ്ചിനീയറാക്കേണ്ട. അതിനുവേണ്ടി കാപ്പിമേടിച്ചുതരാൻ ചിലർ കാണും. ഞങ്ങളില്ല. അല്ലേ, ജോണി? നമുക്കു പോകാം" തോമസ്സ് തിടുക്കം കൂട്ടി.

ആ ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ ഇടയിൽ അതിസമർത്ഥനും സൽസ്വഭാവിയുമായിരുന്ന ജോണി, അപഥസഞ്ചാരത്തിനും നിർല്ലോഭമായ ധനവ്യയത്തിനും കാരണക്കാരായ ആ സ്നേഹിതന്മാരാൽ അനുഗതനായി കശാപ്പുകടയിലേക്കു കുഞ്ഞാടെന്നപോലെ അന്നും കോളേജിലേക്കു യാത്രയായി. വഴിയിൽവച്ച് അവർ ജോണിയോടു ഉപദേശം ആരംഭിച്ചു "ആ ജോർജ്ജില്ലേ, അയാളൊരു രസംകൊല്ലിയാ. പൊളിറ്റിക്സും, തെറ്റുതിരുത്തലും മാത്രമേ അയാൾക്കു ജോലിയുള്ളൂ. നിങ്ങൾ കേവലത്തിനുപോയില്ലേ. അയാളുടെ മൈതാനപ്രസംഗം കേട്ട് നിങ്ങളെല്ലാം അന്നു വളരെ യാതന അനുഭവിച്ചിരിക്കും. നാട്ടുകാരാണെന്നും കൊണ്ട് അയാൾ പറയുന്നതൊന്നും ജോണി കേൾക്കണമെന്നില്ല. "ലാത്തിക്കാരൻ" ജോൺപോലും അയാളെ വകവയ്ക്കാറില്ല. പിന്നെ, വിദ്യാഭ്യാസഘട്ടമാണ് സുഖിക്കാനുള്ള സമയം. ഇപ്പോൾ നാം ഉല്ലസിക്കണം. അതിനു കുറെ പണം ചിലവാകും. അതിനെന്താ, നമുക്കു പണം ഇല്ലായ്കയില്ലല്ലോ. ഈ ഹോസ്റ്റലിൽവന്നു നാമെല്ലാം ഇത്രയും സ്നേഹം ആയതുതന്നെ ഭാഗ്യം."

അവർ "നാഷണലി"ന്റെ പടികലായി. ദിവസവും അവിടെ ഹാജർ കൊടുത്തിരുന്നതുകൊണ്ട് അവരുടെ ചവുട്ടടികൾ അവരറിയാതെതന്നെ അവരെ ഹോട്ടലിനുള്ളിലാക്കി. കാപ്പികുടികഴിഞ്ഞു. "ജോണി, ബില്ല്. എട്ടുരൂപ മാത്രം. കാരംസ് ടൂർണമെന്റിൽ ജയിച്ചതല്ലേ. കളിയിൽ വിജയം കൈവരിച്ചാൽ സൽക്കാരം നടത്താൻ സഹൃദയത്വമുള്ളവർക്കേ സാധിക്കൂ. എന്നാലും, "ഹോംലൻഡി"നെക്കാൾ വളരെ "ചീപ്പാ"ണ് ഇവിടം." രവി ഒരു താരതമ്യപഠനം നടത്തി.

സിഗററ്റും പുകച്ചുകൊണ്ട് അവർ കോളേജിലേക്കു നടന്നു. തോമസ്സ് പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ, "ഓ, ഇന്നു ശ്രീകുമാറിൽ "ഷാഹിദ്" മോർണിംഗ് ഷോ ഉണ്ട്. കമിനികൗഷലിന്റെയും, ദിലിപിന്റെയും അഭിനയവും പാട്ടും ഒത്തുചേർന്ന വേറൊരു ഫിലിം ഉണ്ടായിട്ടില്ല. ഞങ്ങൾ എറണാകുളത്തുവച്ചു കണ്ടതാണ്. ഞങ്ങൾ ഇന്നു വരുന്നില്ല. ജോണി, ഇതു കാണണം. വിട്ടാൽ അതു വലിയ നഷ്ടമാ. ഇരുനൂറുരൂപ മണിയോർഡർവന്നിട്ടു ഒരാഴ്ചയെ ആയുള്ളല്ലോ."

"അറ്റൻഡൻസ് എനിക്കു വളരെ കുറവാണ്. പരീക്ഷയ്ക്കു ചേരാൻ സാധിക്കാതെവന്നാൽ..."

"ജോണി, താങ്കൾ ഏക സന്താനം. അപ്പച്ചനെന്നുപറയാനാണ്. പണത്തിനു ഞെരുക്കവുമില്ല...അല്ലെങ്കിൽ പ്രോക്സികൊടുക്കാൻ ഏർപ്പാടുചെയ്യാം. ഞങ്ങൾകണ്ടതാണ്. ഞങ്ങൾ വരുന്നില്ല."

"അതല്ല, കമ്പനിക്കുടി പോകുന്നതിലാണ് രസം. നമുക്കു പോകാം. ഫസ്റ്റ് ക്ലാസ്സിനു ടിക്കററു വാങ്ങിത്തരാം, അതു പോരേ?"

"നിർബന്ധമാണെങ്കിൽ ഞങ്ങൾ പോരാം. സ്നേഹിതന്മാരുടെ ആഗ്രഹത്തെ നിരസിക്കരുതല്ലോ."

സഹചാരികളുടെ ഈ സ്നേഹപ്രകടനത്തിൽ ലയിച്ച് ജോണിയും അനുയായികളും ബസ്സ്റ്റാൻഡിലേക്കു നടകൊണ്ടു.

രാജ്യത്തിനും സമുദായത്തിനും അഭിമാനിക്കത്തക്ക ഉത്തമപൗരനായി തന്റെ മകൻ വിരാജിക്കുന്നതു കൺകുളിർക്കെ കാണുവാൻ ആഗ്രഹമുള്ളവരാണ മാതാപിതാക്കന്മാർ. അവർ നെററിയിലെ വിയർപ്പുതുള്ളികൾകൊണ്ടു നനച്ചു വളം പിടിപ്പിക്കുന്ന മണ്ണിന്റെ ഫലം മുഴുവൻ സ്വസന്താനങ്ങളുടെ അഭിവൃദ്ധിക്കവേണ്ടി ചെലവഴിക്കാൻ വിമുഖത പ്രദർശിപ്പിക്കാത്തതിന്റെ കാരണവും ഇതുതന്നെ. പക്ഷേ യുവാക്കന്മാരുടെ അനിയന്ത്രിതമായ അഭിനിവേശങ്ങളെ കടിഞ്ഞാണിട്ടു നിറുത്തുവാൻ തക്ക കരുത്തുള്ള വാർഡന്മാരുടെ ഹോസ്റ്റലുകളിൽ കുട്ടികളെ ഏല്പിക്കുന്നതിനു അവർക്കു പലപ്പോഴും സാധിക്കാറില്ല. "ഗവൺമെന്റു മേൽനോട്ടം വഹിക്കുന്നതല്ലേ, പിഴവരത്തില്ല" എന്ന ശുദ്ധമനഃസ്ഥിതികാരണമാണ് ജോണിയുടെ അപ്പച്ചനും തന്റെ പുത്രനെ ആ ഹോസ്റ്റലിൽ ഏല്പിച്ചതു്. പട്ടണത്തിൽ ഇറങ്ങി പയററി പരിശീലിച്ചിട്ടുള്ള പഴമക്കാരായ കുറെക്കുട്ടുകാരുടെ വലയിൽ കുടുങ്ങുവാൻ നിഷ്കളങ്കനായ ആ വിദ്യാർത്ഥിക്കു അധികം സമയം വേണ്ടിവന്നില്ല. നാട്ടുകാരനായ ജോർജ്ജ് വേണ്ടവിധത്തിൽ നിയന്ത്രിച്ചുകൊള്ളുമെന്ന വിശ്വാസത്തിന്മേൽ ജോണിയുടെ അപ്പച്ചൻ അല്പം ആശ്വാസം സ്വാഭാവികമായിത്തന്നെ കരുതി. ജോർജ്ജാകട്ടെ തന്റെ ഓമനസഹോദരനെപ്പോലെ ജോണിയെ ഗണിക്കുകയും, അയാളുടെ ആപത്തിലും, സുഖത്തിലും, ദുഃഖത്തിലും ഒരുപോലെ പങ്കുകൊണ്ടുവരികയും ചെയ്തു. ഒരേഞെട്ടിലെ രണ്ടു കുസുമങ്ങൾ പോലെ അവർ ജീവിതം നയിച്ചുകൊണ്ടിരുന്നപ്പോഴാണ് സുചരിതനായ ജോണിയെ ചിലർ കുടുക്കിൽ അകപ്പെടുത്തിയതു്.

സഹചാരികളുടെ തന്ത്രങ്ങൾക്കുള്ള ഒരു പാവയായി അധഃപതിക്കരുതേ എന്നപേക്ഷിച്ചും, ഭവിഷ്യൽഫലങ്ങളെപ്പററി വിഭാവനംചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടും തന്റെ സ്നേഹിതനെ രക്ഷിക്കുവാൻ ജോർജ്ജ് സഹായഹസ്തം നീട്ടി. ഗുണമൊന്നുമില്ലെന്നുകണ്ടപ്പോൾ വീട്ടിലേക്കെഴുതിയാലോ എന്നുപോലും ആ അഭ്യുദയകാംക്ഷി ആലോചിച്ചു. ജോണിയുടെ മുൻകോപിയായ അപ്പച്ചനു തന്റെ മകന്റെ വിദ്യാഭ്യാസത്തിനു വിരാമമിടാനുള്ള ഒരു കാരണമായി അതു തീർന്നെങ്കിലോ എന്നു ജോർജ്ജ് ഭയപ്പെട്ടു. വിദ്യാർത്ഥി പഠിപ്പുമുടക്കം ഉണ്ടാകാനിടയുള്ളതിനാൽ അധികൃതർ കോളേജ് പൂട്ടാൻ ആലോചിക്കുന്നുവെന്ന വാർത്ത ഗ്രഹിച്ച ജോർജ്ജ് അവധിക്കു ചെല്ലുമ്പോൾ കാര്യങ്ങൾ ശരിപ്പെടുത്താം എന്നു വിചാരിച്ചു അടങ്ങി.

II

സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിൽ ഭരണംനടത്തിക്കൊണ്ടിരിക്കുന്നകാലം. നേതാക്കന്മാർ ആയിരക്കണക്കിനു കാരിരുമ്പഴികൾക്കുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നതിനാൽ ജനങ്ങൾ നിശനിയുടെ നിശ്ശബ്ദതയിൽ കൂട്ടംചേർന്നു സിവിലാജ്ഞാലംഘനപരിപാടികൾ ഊർജ്ജിതത്തിൽ വരുത്തുവാൻ ഉത്സുകരാണ്. അസമാധാനത്തിന്റെയും അരക്ഷയുടെയും കരിനിഴലുകൾ വീശിക്കഴിഞ്ഞിട്ടുണ്ട്. രാജധാനിയിലെ പൊതുവീഥികളിൽക്കൂടി പട്ടാളവണ്ടികൾ ചീറിപ്പായുന്നതുകണ്ട ഭീരുക്കൾ ഭവനങ്ങളെ അഭയംപ്രാപിച്ചു. തലസ്ഥാനനഗരിയിലെ കലാലയങ്ങളിൽ പഠിപ്പുമുടക്കം ഉണ്ടായാൽ വിദ്യാർത്ഥിവേട്ട നടത്തുന്നതിനു പ്രത്യേകം നിയോഗിക്കപ്പെട്ട പടയാളികൾ ആ സരസ്വതീക്ഷേത്രമതിലുകൾക്കുള്ളിൽ സ്ഥലംപിടിച്ചുകഴിഞ്ഞു.

"ജോണി, നാട്ടിന്റെ നന്മയ്ക്കുവേണ്ടി അത്യന്താപേക്ഷിതമെന്നു തോന്നുന്ന സന്ദർഭങ്ങളിൽമാത്രം പഠിപ്പുമുടക്കുന്നതിൽ തെറ്റില്ല. അതു തികച്ചും അക്രമരഹിതമായിരിക്കണം. സ്നേഹിതന്മാരെന്നു താങ്കൾ വിചാരിക്കുന്ന സഹചാരികൾ പലതുംപറയും. പക്ഷേ സ്വയംനിയന്ത്രണവും, ചുമതലാബോധവും ഓരോ വ്യക്തിക്കും ഉണ്ടായേകഴിയൂ." ജോർജ്ജ് തന്റെ വിനീതാഭിപ്രായം പ്രകടിപ്പിച്ചു. ജോണി അലക്ഷ്യമായി ഒരു പരിഹാസച്ചിരിയോടെ തലകുലുക്കി. അയാൾ എന്തോ പറയുവാൻ ഭാവിച്ചെങ്കിലും, തോമസ്സും ജോസഫും രവിയുമെല്ലാം എത്തിയതിനാൽ വ്യക്തമായി ഒന്നും ഉരിയാടിയില്ല.

പ്രതീക്ഷിച്ചതു സംഭവിച്ചു. മുദ്രാവാക്യങ്ങൾ മുഴക്കിയ വിദ്യാർത്ഥികളിൽ അനേകർ അറസ്റ്റിലായി. നിയമത്തിന്റെ കാവൽസ്ഥാനം സ്വയം ഏറെറടുത്തിരിക്കുന്നവർ ലാത്തിച്ചാർജ്ജ് നടത്തി പ്രകടനക്കാരെ പിരിച്ചുവിട്ടു. കോളേജടച്ചിരിക്കുന്നതായി പ്രിൻസിപ്പൽ നോട്ടീസെഴുതി. പക്ഷേ സ്വനാട്ടുകളിലേക്കു പോകാതെ പേട്ടയിൽ പ്രതിഷേധയോഗം കൂടുന്നതിനു വിദ്യാർത്ഥികൾ തീരുമാനിച്ചു. സമയം ആറുമണിയോടടുത്തു. അമംഗളസംഭവത്തിനു സാക്ഷി നിൽക്കാൻ സമ്മതമില്ലാഞ്ഞിട്ടോ എന്നു തോന്നിക്കുമാറ് ചക്രവാളസീമകളിൽ ചെഞ്ചായം പൂശിക്കൊണ്ട് സൂര്യൻ പശ്ചിമാംബുധിയിൽ ക്ഷണനേരത്തിൽ മുങ്ങി. ഒരു കുളിർകാററ് മർദ്ദിതലക്ഷങ്ങളുടെ നിശ്വാസമെന്നപോലെ അവിടെ വീശി. യോഗം തടഞ്ഞിരിക്കുന്നുവെന്ന വാർത്ത പോലീസുകാർ പ്രഖ്യാപനംചെയ്തു. നിരോധനം ലംഘിക്കാൻതന്നെ നേതാക്കന്മാർ നിശ്ചയിച്ചു. ഏതാനുംപേർ അറസ്റ്റിലായി. യോഗസ്ഥലത്തുനിന്നും കല്ലുകഷണങ്ങൾ പോലീസിന്റെമേൽ പതിച്ചു. ലൈററണഞ്ഞു. "ഠേ" "ഠേ" ഒരു ഗംഭീരാരവം അവിടെ കേൾക്കാറായി. ജനങ്ങൾ നാലുപാടും ചിതറി. അനേകം മനുഷ്യജീവികൾ അവ്യക്തങ്ങളായ ദയനീയരോദനങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് മൈതാനത്തിന്റെ മാറിലേക്കു ചാഞ്ഞു.

"ജോണി, സ്നേഹിതാ, എന്തുപററി," യോഗത്തിൽ സംബന്ധിച്ചുകൊണ്ടിരുന്ന ജോർജ്ജ് പ്രജ്ഞയററുകിടക്കുന്ന ജോണിയുടെ അടുക്കൽ എത്തി. യാതൊരു മറുപടിയുമില്ല. നിശ്ചലമായ ചന്ദ്രക്കലയുടെ നിഷ്പ്രഭമായ വെളിച്ചത്തിൽ പോലീസുകാർ മുറിവേററവരെ ലോറികളിൽ വലിച്ചിടുന്നുണ്ട്. സ്വേദകണങ്ങൾപൊടിച്ച നെററിത്തടത്തോടെ ജോർജ്ജ് വിങ്ങിവിങ്ങിക്കരഞ്ഞു.

"താൻ ഇയാളുടെ ആരാണ്, ശവം മടിയിൽ വച്ചുകൊണ്ടിരിക്കുവാൻ?" ഒരു പോലീസ് കോൺസ്റ്റബിൾ ജോർജ്ജിനോടു ചോദിച്ചു.

"എന്റെ സഹപാഠി......ആണ്... ജോണി. മരിച്ചിട്ടില്ല, ബോധം...അററുകിടക്കുന്നു" രക്തകണങ്ങൾകൊണ്ടു നിറംപിടിച്ച ഖദർഷാൾ ജോർജ്ജ് ഒരുവശത്താക്കി.

"ഓ, ഡയറിയിൽ നിങ്ങളുടെ പേരു കുറിച്ചിടേണ്ടിയിരിക്കുന്നു. പേരു് ഇനിഷ്യലോടുകൂടി?" തന്റെ കൃത്യം കോൺസ്റ്റബിൾ സ്മരിച്ചു.

"ജോർജ്ജ് പോൾ അറയ്ക്കൽ."

"ഉം. അയാളെ എടുത്തകത്തിടാം. നിങ്ങളും വേണമെങ്കിൽ ഈ ലോറിയിൽ കയറിക്കൊള്ളുക." മരവിച്ചുപോയിരുന്ന അയാളുടെ ഹൃദയത്തിൽ തട്ടിയ ദീനാനുകമ്പാവിചിയുടെ ബഹിസ്ഫുരണം.

അതു വഹിക്കുന്ന മനുഷ്യജീവികളുടെ അമൂല്യതയെപ്പററി തെല്ലും ചിന്തിക്കാതെ ആ വണ്ടി കുടുങ്ങി, കുടുങ്ങി ഡിസ്ട്രിക്ട് ആസ്പത്രിയിൽ എത്തി. സുബോധം നഷ്ടപ്പെട്ടവനെപ്പോലെ ജോർജ്ജ് ആ വാഹനത്തിൽനിന്നും പുറത്തിറങ്ങി. പതറുന്ന കാൽപാദങ്ങളോടെ അയാൾ ആസ്പത്രിയിൽ പ്രവേശിച്ചു് ചിറകൊടിഞ്ഞ പക്ഷിയെപ്പോലെ ഒരു ബഞ്ചിലേക്കു ചാഞ്ഞു.

ആസ്പത്രിയെപ്പററി സ്മരിക്കുമ്പോൾ തന്നെ സാധാരണക്കാരനു ഭയമാണുണ്ടാവുക. രാപകൽഭേദമെന്യേ അവിടെനിന്നു ഞരക്കങ്ങളും ദീർഘനിശ്വാസങ്ങളും മാത്രമേ കേൾക്കാറുള്ളൂ. മനുഷ്യത്വത്തിന്റെ വിജയത്തിനുവേണ്ടി മനുഷ്യത്വം നരകിക്കുന്ന ഒരു സ്ഥലമാണതു്.

പരമകാരുണികനായ ഈശ്വരന്റെ വിശിഷ്ടസൃഷ്ടിയായ മനുഷ്യജീവൻ വിലയററതാണ്. അപ്രകാരമുള്ള ഒരു മനുഷ്യന്റെ ആയുസ്സ് ദൈർഘ്യപ്പെടുത്തുവാൻവേണ്ടി ഡോക്ടർ ശസ്ത്രങ്ങൾ ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്വപ്നത്തിലെന്നപോലെ എന്തൊക്കെയോ മനസ്സിലാവാത്ത ഭാവത്തിൽ ജോർജ്ജ് പുറത്തും.

ഓപ്പറേഷൻ തിയേററിൽനിന്നും ഡോക്ടർ പുറത്തിറങ്ങി. അദ്ദേഹത്തിന്റെ മുഖത്തു ശ്ലാനതകളിയാടുന്നു. നൊമ്പരപ്പെട്ടുപിടയുന്ന ഹൃദയത്തോടെ, വിങ്ങിപ്പൊട്ടുന്ന വികാരങ്ങളോടെ ജോർജ്ജ് ആ വദനത്തിലേക്കു നോക്കി.

"ഡോക്ടർ...ആശയ്ക്കുവഴിയുണ്ടോ. ഞാൻ മരിക്കാം...എന്റെ സ്നേഹിതനെ രക്ഷിക്കൂ. എന്റെ സ്നേഹിതൻ മരിച്ചാൽ നീറി, നീറി...ഞാനും പുറകെ.... ഡോക്ടർ..." കൊച്ചുകുട്ടിയെപ്പോലെ ജോർജ്ജ് വീണ്ടും കരഞ്ഞു.

"നിങ്ങളാരാണ്...ഇയാളുടെ? എനിക്കു പല കേസുകൾ അന്വേഷിക്കാനുണ്ട്...വേഗം പറയൂ."

"സ്നേഹിതൻ."

"അപ്പോൾ..." ഡോക്ടർ മുഴുവനാക്കിയില്ല.

"അപ്പോൾ..." ജോർജ്ജ് ഉദ്വേഗത്തോടെ തന്റെ ദൃഷ്ടികൾ ഉയർത്തി.

"ഞാൻ തുറന്നുപറയാം. വളരെ അധികം രക്തം നിങ്ങളുടെ സ്നേഹിതന്റെ ദേഹത്തിൽനിന്നും വാർന്നുപോയിരിക്കുന്നു. യുദ്ധത്തിൽ പരുക്കേററവരുടെ ഉപ

(ശേഷം 7-ാം പേജിൽ)

ഫാത്തിമാക്കൊടികൾ,

ബാഡ്ജുകൾ, പടങ്ങൾ ക്രിസ്മസ്സ് കാർഡുകൾ,

തിരുനാളാഘോഷങ്ങൾക്കും, ഘോഷയാത്രക്കമ്മറ്റികൾക്കും അഭിമാനം കൊള്ളുന്ന—ധാരാളം ഓർഡർ വന്നുകൊണ്ടിരിക്കുന്ന ഞങ്ങളുടെ ഫാത്തിമാക്കൊടികൾ, ബാഡ്ജുകൾ, പടങ്ങൾ. ഇവ ആരംഭപ്പെടാതിരിക്കണമെങ്കിൽ ഉടനെ ആവശ്യപ്പെടുക.

മാനേജർ, ചെറുപുഷ്പം, പ്രസ്സ്, മഞ്ഞുമ്മൽ

# കൽക്കദോനിയാ സൂനഹദോസ്

(11-ാം പേജ് തുടർച്ച)

ദൈവീകം മാനുഷികം എന്നീ ഇരുസ്വഭാവങ്ങളേയും, സംബന്ധിച്ച് റോമ്മായിലെ അതിവിശുദ്ധനും, വി. പത്രോസിന്റെ യഥാർത്ഥപിൻഗാമിയും, സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനുമായ ലെയോൻ മാർപ്പാപ്പാ വിശ്രുതമായ തന്റെ ലേഖനംവഴി പഠിപ്പിക്കുന്ന ഉപദേശത്തെ ഈ സൂനഹദോസിൽ സംബന്ധിച്ചിരിക്കുന്ന പിതാക്കന്മാരെല്ലാം സത്യവിശ്വാസമായി, അപ്പസ്തോലിക വിശ്വാസമായി, പിതാക്കന്മാരുടെ വിശ്വാസമായി ഐകകണ്ഠ്യേന ഹർഷാരവത്തോടെ സ്വീകരിക്കയും, തദനുസരണമായ നിശ്ചയങ്ങൾ ഈ സൂനഹദോസിൽ ഇപ്പോൾ പാസ്സാക്കുകയും ചെയ്തത് അവിടുന്ന് കണ്ടില്ലേ? ദൗർഭാഗ്യത്തോടുകൂടി അവിടുന്നുമാത്രം എവുത്തിക്കോസിന്റെ അബദ്ധോപദേശത്തെ പിൻതാങ്ങി ഈ സൂനഹദോസിന്റെ ശാപം അങ്ങേമേൽ വരുത്തിവയ്ക്കുന്നത് എന്തിന്? ഞങ്ങൾക്കെല്ലാം തെററിപ്പോയെന്നും, അവിടുത്തേക്കുമാത്രം തെററുപററിയില്ലെന്നും വരുമോ? അബദ്ധോപദേശത്തെ പിൻവലിച്ച് സത്യവിശ്വാസം സ്വീകരിക്കുക. ശഠിമോ, പാഷണ്ഡതയോ മൂലം സാർവ്വത്രികമായ ഏക സത്യസഭയിൽനിന്ന് ബഹിഷ്കൃതനാകുന്നത് എത്ര നിർഭാഗ്യകരമാണെന്ന് ഒന്നുകൂടി ചിന്തിച്ചുനോക്കുക.

ദീയസ്കോറോസ് (സഗൗരവം):— നിങ്ങളുടെ ശാപത്തെ നാം പുല്ലുപോലെയാണ് വകവച്ചിരിക്കുന്നത്. നിങ്ങൾ നമ്മെ ശപിക്കുന്നെങ്കിൽ നിങ്ങളെ നാമും ശപിക്കുന്നു. നമ്മുടെ വിശ്വാസം അബദ്ധമാണെന്നു നിങ്ങൾ വിധിക്കുന്നെങ്കിൽ നിങ്ങളുടെ വിശ്വാസവും അബദ്ധമാണെന്നു നാം വിധിക്കുന്നു.

പസ്കാസിനൂസ്:— ഈ സൂനഹദോസിൽ സമ്മേളിച്ചിരിക്കുന്ന പിതാക്കന്മാരെല്ലാം ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതുപോലെ അവകാശിയും അനുതാപരഹിതനുമായ ദീയസ്കോറോസിന് എതിരായി വിധിപ്രസ്താവിക്കുവാൻ ഇനി കാലതാമസം വരുത്തിക്കൂടാ. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി ഇദ്ദേഹം പ്രവർത്തിച്ചിട്ടുള്ളവയെല്ലാം വിശ്വാസയോഗ്യരായ സാക്ഷികളിൽനിന്ന് ഈ സൂനഹദോസിലെ പിതാക്കന്മാർ നേരത്തേ ഗ്രഹിച്ചുകഴിഞ്ഞു. ഈ സാക്ഷികളിൽ ഒരാൾ ദീയസ്കോറോസിനെപ്പോലെതന്നെ വി. കൂറില്ലോസിന്റെ അനന്തിരവനായ അത്തനാസ്യോസ് എന്ന പട്ടക്കാരനാണെന്നുള്ളതും പ്രസ്താവാർഹമാണ്. ആകയാൽ ദീയസ്കോറോസിന് എതിരായി നാം ഔദ്യോഗികമായി ഈ വിധി പ്രസ്താവിക്കുന്നു.

(വിധി ഉറക്കെ വായിക്കുന്നു):—

"സിസിലി ദേശത്തുള്ള ലിലിബേയമിലെ മെത്രാനായ പസ്കാസിനൂസും, അദ്ദേഹത്തോടുകൂടി അസ്കോളിയിലെ മെത്രാനായ ലൂക്കേൻസിയൂസും, റോമ്മായിലെ മഹനീയസഭയുടെ ഒരു പട്ടക്കാരനായ ബൊനിഫാസും; അപ്പസ്തോലിക സിംഹാസനമായ മഹനീയവും പുരാതനവുമായ റോമ്മായിലെ പാത്രിയർക്കീസിന്റെ— അതിവിശുദ്ധനും അനുഗ്രഹീതനുമായ ലെയോന്റെ— പ്രാതിനിധ്യം വഹിച്ചുകൊണ്ടു ഈ വിധി പ്രസ്താവിക്കുന്നു.

മുമ്പു അലക്സാണ്ഡ്റിയായിലെ മെത്രാനായിരുന്ന ദീയസ്കോറോസ് കാനോനാകൾക്കു വിരുദ്ധമായി ചെയ്തിട്ടുള്ള അക്രമപ്രവൃത്തികൾ ഇതിനു മുമ്പു നടന്ന യോഗങ്ങളിലും ഈ യോഗത്തിലും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. * സ്വന്തം മെത്രാനിൽനിന്നു ന്യായാനുസരണം ശാപം സ്വീകരിച്ച എവുത്തിക്കോസിനെ പരമാധികാരം സ്വയം കവർന്നെടുത്തുകൊണ്ടു നിയമവിരുദ്ധമായി സഭയുടെ ഐക്യത്തിലേക്കു ഇദ്ദേഹം (ദീയസ്കോറോസ്) സ്വീകരിച്ചിരിക്കുന്നു. എഫേസൂസിൽ ഇദ്ദേഹം ചെയ്ത പ്രവൃത്തികളെ സാധൂകരിക്കുന്നതിനു ദുശ്ശാഠ്യംപിടിക്കുന്നു. എന്നാൽ മററുള്ളവർ ചെയ്തതുപോലെ ഇദ്ദേഹവും അവയ്ക്കു മാപ്പുചോദിക്കുകയാണു വേണ്ടത്. ഇങ്ങനെ മാപ്പുചോദിച്ചവരോട് അപ്പസ്തോലിക സിംഹാസനം (റോമ്മാ സിംഹാസനം) കരുണ കാണിക്കയുണ്ടായി. ലെയോൻ മാർപ്പാപ്പാ ഫ്ളാവിയനു എഴുതിയ ലേഖനം സൂനഹദോസിൽ വായിക്കണമെന്നു പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും, അതു വായിച്ചുകൊള്ളാമെന്നു സത്യംചെയ്തു വാഗ്ദാനംചെയ്തിരുന്നിട്ടും ഇദ്ദേഹം വായിച്ചില്ല. തന്നിമിത്തം ലോകമാകെയുള്ള സഭകൾക്ക് ഇടർച്ചകളും മുറിവുകളും ഇദ്ദേഹം വരുത്തിയിരിക്കുന്നു. എന്നാൽ ഇങ്ങനെയൊക്കെ സംഭവിച്ചെങ്കിലും ഇതിലും കുറച്ചു കുററം ചെയ്ത മററുള്ളവരോടു കരുണ കാണിച്ച

For favours received



By a Seminarist

തുപോലെ ഇദ്ദേഹത്തോടും കരുണ കാണിക്കേണ്ടതല്ലേ എന്നിങ്ങനെ ഞങ്ങൾ ആലോചിച്ചുനോക്കി. എന്നാൽ ആദ്യം പ്രവർത്തിച്ചവയെ ഉല്ലംഘിക്കുന്ന അക്രമപ്രവൃത്തികളാണു ഇദ്ദേഹം പിന്നെയും ചെയ്തത്. റോമ്മായിലെ അതിവിശുദ്ധ പാത്രിയർക്കീസായ ലെയോനു എതിരായി ശാപവിധി പ്രസ്താവിക്കത്തക്കവണ്ണം ഇദ്ദേഹം ആവേശാധീനനായി. മാത്രമല്ല, ഈ സൂനഹദോസിൽ ഇദ്ദേഹത്തിനു എതിരായി അനേക പരാതികൾ കൊണ്ടുവരപ്പെട്ടപ്പോൾ ഇവിടെ ഹാജരാകുവാൻ മൂന്നുപ്രാവശ്യം ക്ഷണിച്ചിട്ടും അനുസരണം പ്രദർശിപ്പിക്കുവാൻ ഇദ്ദേഹം വിസമ്മതിച്ചു. ആകയാൽ സഭയുടെ കാനോനാകളെ (നിയമങ്ങളെ) ആവർത്തിച്ചാവർത്തിച്ചു അവഗണിച്ചുകൊണ്ടു ഇദ്ദേഹം സ്വാന്തം ശിക്ഷാവിധിയെ ക്ഷണിച്ചുവരുത്തിയിരിക്കുന്നു. ഇക്കാരണത്താൽ മഹനീയവും പുരാതനവുമായ റോമ്മായിലെ അതിവിശുദ്ധനും അനുഗ്രഹീതനുമായ ലെയോൻ പാത്രിയർക്കീസ് ഞങ്ങൾമുഖേനയും, ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ സൂനഹദോസ് വഴിയായും, ഏത്രയും പരിശുദ്ധനും, സർവ്വപ്രകാരേണ സ്തുത്യർഹനും, സാർവ്വത്രികസഭയുടെ അടിത്തറയും സത്യവിശ്വാസത്തിന് അടിസ്ഥാനവും പ്രദാനംചെയ്യുന്ന പാറയുമായ വി. പത്രോസ് അപ്പസ്തോലന്റെ ഐക്യത്തിൽ നിന്നുകൊണ്ടു മെത്രാൻസ്ഥാനത്തുനിന്നും, പൗരോഹിത്യപരമായ എല്ലാകർമ്മങ്ങളിൽനിന്നും ദീയസ്കോറോസിനെ മാററിയിരിക്കുന്നു. ആകയാൽ സഭാനിയമങ്ങൾക്കു അനുയോജ്യമായി ദീയസ്കോറോസിനെ സംബന്ധിച്ചു ഈ സൂനഹദോസ് തീരുമാനങ്ങൾ ചെയ്യുന്നു." (13)

രാജ്യനിയമമനുസരിച്ചും, സത്യവിശ്വാസികളായ ക്രിസ്ത്യാനികളെ തന്റെ അബദ്ധോപദേശത്തിൽ ചാടിക്കാൻ ദീയസ്കോറോസ് ഇനി ശ്രമിക്കാതിരിക്കുന്നതിനുവേണ്ടിയും ഗാൻഗ്രാ എന്ന സ്ഥലത്തേക്കു ഇദ്ദേഹത്തെ നാടുകടത്താൻ മാർസിയൻചക്രവർത്തി തീരുമാനിച്ചിരിക്കുന്നു എന്നുള്ള വിവരം നിങ്ങളെ അറിയിക്കുന്നു.

(എല്ലാമെത്രാന്മാരും എഴുന്നേററ് ഏകസ്വരത്തിൽ വിളിച്ചുപറയുന്നു *):—

ഈ വിധി എത്രയും യുക്തവും ന്യായവുമാകുന്നു. സത്യവിശ്വാസം ജയിക്കട്ടെ. ശഠിമവും പാഷണ്ഡതയും നശിക്കട്ടെ. എല്ലാ ആടുകളും ഏക തൊഴുത്തിൽ പ്രവേശിക്കയും, ഏക ഇടയന്റെ സ്വരം കേൾക്കയുംചെയ്യട്ടെ. റോമ്മാപാത്രിയർക്കീസ് ദീർഘകാലം വാഴുകയും വി. പത്രോസ് തന്റെ പിൻഗാമികൾവഴി എന്നെന്നും സംസാരിക്കയും ചെയ്യട്ടെ. (കർട്ടൻ)

---

13) Mansi, vi, 1048

* സദസ്യർ വ്യക്തമായി കേൾക്കുന്നതിനുവേണ്ടി ഓരോവാചകം ഓരോമെത്രാനു പറയാവുന്നതാണ്.

* സൂനഹദോസിന്റെ ആരംഭമുഖ്യത്തിൽ പല യോഗങ്ങൾ കൂടുകയുണ്ടായി— ലേഖകൻ.

(സമാപ്തം)


ദി ട്രാവൻക്കൂർ ഫെഡറൽ ബാങ്ക് ലിമിററഡ്

H. O. ആലുവാ.

ഈ ബാങ്കിന്റെ എറണാകുളം ബ്രാഞ്ച്

1949 ഡിസംബർ 17 (ധനു 2)-ാംനു ശനിയാഴ്ച പത്തരമണിക്കു ഡോക്ടർ പി. ജെ. തോമസ് ഉൽഘാടനം ചെയ്യുന്നതാണ്.

ക്യാപ്ററൻ ഫ്റാൻസിസ് പാനികുളം, ചെയർമൻ


## സംഭവകഥകൾ

### ക്രിസ്തുമതംകൊണ്ടെന്തു പ്രയോജനം?

പ്രത്യൽപന്നമതിയായ ഒരു പണ്ഡിതനാണ് ഫ്റാങ്ക്ഷീഡ്. ഒരു ദിവസം അദ്ദേഹം പ്രസംഗിച്ചുകൊണ്ടു നില്ക്കയിൽ ശ്രോതാക്കളിൽ ഒരാൾ വിളിച്ചു പറഞ്ഞു: "ക്രിസ്തുമതം ഉത്ഭവിച്ചിട്ട് ഇപ്പോഴിതാ രണ്ടായിരം കൊല്ലമായിരിക്കുന്നു. എന്നിട്ടും ലോകത്തിന്റെ സ്ഥിതി നോക്കുക."

ഷീഡ് തിരിച്ചടിച്ചു: "വെള്ളമുണ്ടായിട്ട് അതിലുമധികം കൊല്ലങ്ങളായി. എന്നിട്ടും തന്റെ കഴുത്തിരിക്കുന്നതു നോക്കുക!"

### മാതാവിനോടു പ്രാർത്ഥിക്കുന്നതെന്തിനാണ്?

ഒരിക്കൽ 9-ാം പീയൂസ് മാർപ്പാപ്പാ കുറേ കുട്ടികളോട് ഇപ്രകാരം ചോദിച്ചു: "സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" എന്നു പ്രാർത്ഥിക്കാൻ തിരുസ്സഭ തന്റെ മക്കളോടുപദേശിക്കുന്നതു എന്തിനുവേണ്ടിയാണ്?"

കുട്ടികൾ വേദശാസ്ത്രസംബന്ധമായ ഓരോരോ സമാധാനങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചു. എങ്കിലും ആർക്കും ഉത്തരം പറയാൻ കഴിഞ്ഞില്ല. അപ്പോൾ മാർപ്പാപ്പാ പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു: "ഈ ശാഠീശിഷ്ടായുടെവാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ."

### ഉടനെ മരിക്കാനിഷ്ടമില്ല

സോവ്യററ് ഗവമ്മെൻറിന്റെ നയത്തിൽ അതൃപ്തരായ അനേകം റഷ്യാക്കാർ പശ്ചിമയൂറോപ്പിൽ അഭയം പ്രാപിച്ചിട്ടുണ്ട്. ആ രാജ്യങ്ങളിലേക്കെല്ലാം റഷ്യ ദൂതന്മാരെ അയക്കുകയുണ്ടായി. സ്റ്റാലിൻ അവർക്കു നൽകിയ നിർദ്ദേശം ഇതായിരുന്നു: "നിങ്ങൾ ആ ജനങ്ങളോട് ഇപ്രകാരം പറയണം: യഥാർത്ഥത്തിൽ റഷ്യാക്കാരായുള്ളവരെല്ലാവരുംതന്നെ അവരുടെ മാതൃരാജ്യത്തിൽവന്നു ചരമമടയാൻ ആഗ്രഹിക്കുന്നവരാണെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടു എല്ലാവരും റഷ്യയിലേക്കു തിരിച്ചുവന്നു ഞങ്ങളുടെകൂടെ വസിച്ചാലും."

ദൂതന്മാർ നിർദ്ദേശാനുസരണം രാജ്യങ്ങളെല്ലാം ചുററിനടന്നു സോവ്യററ് ഗവമ്മെൻറിന്റെ ക്ഷണം ജനങ്ങളെ അറിയിച്ചു. പക്ഷെ ഏതാനും ആഴ്ചകൾക്കുശേഷം ദൂതന്മാർ തിരിച്ചുവന്നു സ്റ്റാലിനെ അറിയിച്ചതിപ്രകാരമാണ്: "പ്രഭോ! അവരുടെ എല്ലാം ആഗ്രഹം റഷ്യയിൽവന്നു മരിക്കണമെന്നുതന്നെയാണ്. പക്ഷെ ഉടനടി മരിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ലെന്നുപറഞ്ഞു."

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 പോർത്തുഗലിലെ ലിറിയാ രൂപതയിൽ.

2 1930 ഒക്ടോബർ 13-ാംനു. അന്നു ലിറിയായുടെ മെത്രാൻ പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഈ രൂപതയിലുള്ള ഫാത്തിമാ ഇടവകയിൽപ്പെട്ട കോവാ ഡാ ഇറിയ എന്ന സ്ഥലത്തുവച്ച്, 1917-ലെ മേയ് മുതൽ ഒക്ടോബർവരെയുള്ള മാസങ്ങളുടെ 13-ാം തീയതികളിൽ (മൂന്നു) ബാലകർക്കുണ്ടായ ദർശനങ്ങൾ വിശ്വാസയോഗ്യങ്ങളാണ്; ഫാത്തിമാമാതാവിന്റെ നേരെയുള്ള ഭക്തിയെ നാം ഔദ്യോഗികമായി അംഗീകരിക്കുന്നു."

3 15-ാംബനദിക്തോസ് മാർപ്പാപ്പാ.

4 12-ാം പീയൂസ് എന്ന നാമത്തിൽ പിന്നീടു മാർപ്പാപ്പായായിത്തീർന്ന മോൺസിഞ്ഞോർ പച്ചെല്ലിയുടെ.

5 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി ലോകത്തെമുഴുവനും മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചതു. 6 12-ാം പീയൂസ് മാർപ്പാപ്പാ.

## പ്രശ്നം

I മുതൽ യഥാക്രമം 81 രൂപാവരെ വിലവരുന്ന 81 ക്രിസ്മസ് സമ്മാനങ്ങൾ ഒരു കുടുംബത്തലവൻ വാങ്ങിയിട്ടുണ്ട്. അവ അയാളുടെ 9 മക്കൾക്കായി 9 സമ്മാനങ്ങൾവീതം തുല്യവിലവരത്തക്കവണ്ണം വിതിക്കണം. അതെങ്ങനെയെന്നു കാണിക്കുക. ആദ്യംകിട്ടുന്ന 5 ശരിയായ ഉത്തരങ്ങൾക്ക് യഥാക്രമം "മതപഠനം," "രക്തസാക്ഷിണി," "മാർത്തോമ്മാശ്ലീഹായും മലങ്കരയും," "കന്യാസ്ത്രീ," "ചെറിയ വേദോപദേശം" എന്ന പുസ്തകങ്ങൾ സമ്മാനമായി അയച്ചുകൊടുക്കുന്നതാണ്. ഉത്തരങ്ങൾ "പത്രാധിപർ, സത്യദീപം, എറണാകുളം" എന്ന മേൽവിലാസത്തിൽ ഡിസംബർ 18-ാംനു (ധനു 3) ക്കുമുമ്പായി അയക്കേണ്ടതാണ്. സമ്മാനാർഹരുടെ പേരുവിവരം ഡിസംബർ 21-ാംനു (ധനു 6) പുറപ്പെടുന്ന വിശേഷാൽപ്രതിയിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഒരാൾക്ക് ഒന്നിലധികം സമ്മാനങ്ങൾ നല്കുന്നതല്ല. (പത്രാധിപർ)


ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | |
|---|---|---|---|
| പലിശനിരക്കു് കറൻറ് | 1% | 6 മാസം കാലാവധി | 4 |
| സേവിംഗ്സ് | 3% | 12 " | 4½% |
| ഷോർട്ട് നോട്ടീസ് | 3% | 24 " | 5% |
| | | 36 " | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.

വിമർശനവീഥി

# മതം പ്രവർത്തിക്കുന്നത്

## യുക്തിപൂർവകമായ വികാരങ്ങളിൽക്കൂടി

ഇക്കഴിഞ്ഞ നവംബർ 16-ാംനു- ലക്കത്തിലെ വിമർശനവീഥിയിൽ "മതനീതികവാദികളും മതാനുയായികളും" എന്ന തലക്കെട്ടിൽ ഞങ്ങളെഴുതിയിരുന്ന ലേഖനത്തിൽ പ്രൊഫസർ ഹാൽഡെയിന്റെ ചില അബദ്ധപ്രസ്താവനകളും അവയുടെ പിൻതാങ്ങലായി അദ്ദേഹമുദ്ധരിച്ചിരുന്ന ചില കണക്കുകളും ഞങ്ങൾ വിമർശിച്ചിരുന്നല്ലോ. അദ്ദേഹത്തിന്റെ ആ പ്രസ്താവനകളേയും കണക്കുകളേയും "യുക്തിവാദി" മാസിക അംഗീകരിക്കുന്നതോടുകൂടി ഉദ്ധരിച്ച ശേഷം, "മതവിശ്വാസികളെക്കാൾ സദാചാരനിരതരായിരിക്കുന്നത് നീതികവാദികളാണെന്നുള്ള" ഹാൽഡെയിന്റെ അഭിപ്രായത്തിനു പിൻതാങ്ങു നൽകിക്കൊണ്ട് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "വികാരങ്ങളുടെ വേലിയേററമാണ് അക്രമപ്രവൃത്തികൾക്കുള്ള പ്രേരണ. മതത്തിൽ യുക്തിക്കു പ്രാധാന്യമില്ല. മതം എല്ലായ്പോഴും ദൈവഭയം നരകഭയം മുതലായ വികാരങ്ങളെ നിദ്രവശിപ്പിച്ചും ഉദ്ദീപിപ്പിച്ചും പെരുപ്പിച്ചും കൊണ്ടിരിക്കുന്നു. മതം പ്രവർത്തിക്കുന്നതു മനസ്സിലെ വികാരങ്ങളെ മാത്രമാണ്."

### യുക്തിയും വികാരവും

മനുഷ്യനു പ്രധാനമായി രണ്ടു ശക്തികളാണുള്ളത്—ചിന്താശക്തിയും ഇച്ഛാശക്തിയും. ചിന്താശക്തി വസ്തുക്കളെ അറിയുന്നതിനുള്ള ശക്തിയാണ്; ഇച്ഛാശക്തി അറിയുന്ന വസ്തുക്കളെ ആഗ്രഹിക്കുന്നതിനുള്ള ശക്തിയാണ്. അറിയുന്നതിനും ആഗ്രഹിക്കുന്നതിനുമുള്ള ശക്തികൾ ഐന്ദ്രികങ്ങളാകാം, ആദ്ധ്യാത്മികങ്ങളാകാം. മനുഷ്യനിൽ ഇവ രണ്ടുമുണ്ട്. കണ്ണ്, കാത് മുതലായ ഇന്ദ്രിയങ്ങൾ ഭൗതികവസ്തുക്കളെ കണ്ടറിയാനും കേട്ടറിയാനും മാറുമാറുള്ള ശക്തികളാണ്. അവയുടെ പ്രവർത്തനത്താൽ പ്രസ്തുത ഭൗതികവസ്തുക്കളുടെ പ്രതിച്ഛായ മനുഷ്യന്റെ ഉള്ളിൽ പതിയുന്നു. ആ വസ്തുക്കൾ സുഖപ്രദങ്ങളായിരിക്കുമ്പോൾ ആഗ്രഹിക്കുന്നതിനുള്ള ഐന്ദ്രികശക്തി അവനിൽ പ്രവർത്തിക്കുകയും, അങ്ങനെ അവൻ അവയെ ആഗ്രഹിക്കുകയും, തദനന്തരം അവയെ കരസ്ഥമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. രുചിയുള്ള ഭക്ഷണസാധനങ്ങൾ കാണുമ്പോൾ അവയിൽ ആഗ്രഹമുണ്ടാവുകയും അവയെ കരസ്ഥമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതു് ഇതിനൊരുദാഹരണമാണ്. അറിയാനും ആഗ്രഹിക്കാനുമുള്ള ഈ ഐന്ദ്രികശക്തി മനുഷ്യനെപ്പോലെ മൃഗങ്ങൾക്കുമുണ്ട്. ഭക്ഷണസാധനങ്ങൾ കാണുന്ന മൃഗങ്ങൾക്ക് അവയിൽ ആഗ്രഹമുണ്ടാവുകയും ആ സാധനങ്ങൾ കരസ്ഥമാക്കുവാൻ അവ ശ്രമിക്കുകയും ചെയ്യുന്നതു സാധാരണമാണല്ലോ. എന്നാൽ ഈ വിഷയത്തിൽ മനുഷ്യനും മൃഗവും തമ്മിൽ സാരമായ ഒരു വ്യത്യാസമുണ്ട്. ഭക്ഷണസാധനം കാണുന്ന മൃഗത്തിന് അതിൽ ആഗ്രഹമുണ്ടാകുമ്പോൾ അതു് ആന്തരികമായിത്തന്നെ ആ വികാരത്തിന് അധീനമാകുകയും, വികാരത്തള്ളലിന്റെ ശക്തിക്കു കീഴ്പ്പെട്ടു് ആ സാധനം കരസ്ഥമാക്കിത്തീർക്കുവാൻ അതു ശ്രമിക്കുകയും ചെയ്യുന്നു. ഈ ആഗ്രഹത്തിൽനിന്നും ശ്രമത്തിൽനിന്നും അതിനെ തടയുവാൻ ആന്തരികമായ യാതൊരു ശക്തിയും മൃഗത്തിനില്ല; ബാഹ്യമായ ഏതെങ്കിലും ശക്തിക്കു മൃഗത്തെ അതിൽനിന്നു തടയുവാൻ സാധിക്കുകയുള്ളു. എന്നാൽ മനുഷ്യന്റെ കാര്യം ഇങ്ങനെയല്ല. രുചിയുള്ള ഭക്ഷണസാധനം കണ്ടാൽ അതു തനിക്ക് അവകാശപ്പെട്ടതാണോ അല്ലയോ എന്നൊരു ഗുണദോഷവിവേചനം ചെയ്യുവാൻ അവനു കഴിയും. ആ കഴിവ് അവനു നൽകുന്നതു് അവന്റെ ആദ്ധ്യാത്മികമായ ചിന്താശക്തിയാണ്. ഈ ശക്തിയുടെ പ്രവർത്തനത്തെ തുടർന്ന് അവന്റെ ആദ്ധ്യാത്മികമായ ഇച്ഛാശക്തിയും പ്രവർത്തിക്കുന്നു. താൻ കണ്ട രുചിയുള്ള ഭക്ഷണസാധനം തനിക്ക് അവകാശപ്പെട്ടതല്ലെന്നു ചിന്താശക്തി വിധി പ്രസ്താവിക്കുമ്പോൾ, അതിൽ തനിക്ക് ആഗ്രഹമുണ്ടാകരുതെന്നും അതു കരസ്ഥമാക്കരുതെന്നും അവന്റെ ഇച്ഛാശക്തി നിശ്ചയിക്കുന്നു. അതനുസരിച്ച് അവൻ പ്രവർത്തിക്കുകയും ചെയ്യുന്നു. തനിക്ക് അവകാശപ്പെടാത്ത വസ്തുക്കളെ ആഗ്രഹിക്കാതിരിക്കുകയും കരസ്ഥമാക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യനെ സദാചാരനിരതനെന്നു നാം വിളിക്കുന്നു. മനുഷ്യരിൽനിന്നു ഈ സദാചാരനിരതത്വം നാം പ്രതീക്ഷിക്കുവാൻ കാരണം അറിയാനും ആഗ്രഹിക്കാനുമുള്ള ഐന്ദ്രികമായ ശക്തികൾക്കു പുറമെ, ധാർമ്മികമായ ഗുണദോഷം അറിയുവാനും, അതനുസരിച്ചു പ്രവർത്തിക്കുവാനും മനുഷ്യനു് ആദ്ധ്യാത്മികമായ ചിന്താശക്തിയും ഇച്ഛാശക്തിയും ഉണ്ടെന്നുള്ള വസ്തുതയാണ്. മൃഗത്തിനു് അറിയാനും ആഗ്രഹിക്കാനുമുള്ള ഐന്ദ്രികശക്തി മാത്രമാണുള്ളതു്; വസ്തുക്കളുടെ ധാർമ്മികമായ ഗുണദോഷം അറിയാനുള്ള ആദ്ധ്യാത്മികമായ ചിന്താശക്തിയും, തദനുസരണം പ്രവർത്തിക്കുവാനുള്ള ആദ്ധ്യാത്മികമായ ഇച്ഛാശക്തിയും മൃഗത്തിനു് ഇല്ലതന്നെ. ഇതുകൊണ്ടാണ് മൃഗങ്ങളിൽനിന്നു് സദാചാരനിരതത്വം മനുഷ്യർ പ്രതീക്ഷിക്കാത്തതു്.

### വികാരം യുക്തിപൂർവ്വകമോ

#### അന്ധമോ ആകാം

മൃഗങ്ങളിൽനിന്നു വ്യത്യസ്തമായി, മനുഷ്യനുണ്ടെന്നു അനുഭവം തെളിയിക്കുന്ന ആദ്ധ്യാത്മികമായ ചിന്താശക്തിയുടേയും ഇച്ഛാശക്തിയുടേയും മേൽപ്രസ്താവിച്ച പ്രവർത്തനസമ്പ്രദായത്തിൽനിന്നു് ഒരു സംഗതി സ്പഷ്ടമാകുന്നുണ്ട്. അതെന്തെന്നാൽ മൃഗങ്ങളെപ്പോലെ മനുഷ്യനും വികാരങ്ങളുണ്ട്. എന്നാൽ മൃഗങ്ങളുടെ വികാരങ്ങൾ എപ്പോഴും അന്ധമായിരിക്കും. മനുഷ്യന്റെ വികാരങ്ങളാകട്ടെ അന്ധമായിരിക്കണമെന്നില്ല നേരെമറിച്ച് അവ യുക്തിപൂർവ്വകങ്ങളായിരിക്കാനാണു ന്യായമുള്ളതു് തന്റെ വികാരങ്ങൾ ധർമ്മാധർമ്മവിവേചനം ചെയ്യുന്ന യുക്തിയുടെ ശാസനാനുസരിച്ചുള്ളതാണോ എന്നു നോക്കുവാൻ മനുഷ്യനു കഴിവുണ്ട്; അതിനാൽ അതിനു കടമയുമുണ്ട് മനുഷ്യന്റെ യുക്തിപൂർവ്വകങ്ങളായ വികാരങ്ങൾ സദ്വികാരങ്ങളും, യുക്തിവിരുദ്ധമായ വികാരങ്ങൾ ദുർവികാരങ്ങളുമായിരിക്കും. യുക്തിവിരുദ്ധങ്ങളായ ദുർവികാരങ്ങളുടെ വേലിയേററമാണ് അക്രമപ്രവൃത്തിക്കുള്ള പ്രേരണ.

### യഥാർത്ഥമതം വികാരങ്ങളെ നിയന്ത്രിക്കും

മനുഷ്യന്റെ വികാരങ്ങളുടെ സ്വാഭാവികമായ ഗതി അവന്റെ സ്വാർത്ഥപരമായ മോഹങ്ങളെ തൃപ്തിപ്പെടുത്തുവാനാണ്; ധനത്തിനും സുഖത്തിനും ബഹുമാനത്തിനുമാണല്ലോ മനുഷ്യന്റെ സ്വാഭാവികമായ മോഹം. ഇങ്ങനെയുള്ള വികാരങ്ങളെ ധർമ്മാധർമ്മവിവേചനം ചെയ്യുന്ന യുക്തയുടെ ശാസനയാൽ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. അപ്പോൾമാത്രമേ വികാരങ്ങൾ മനുഷ്യത്വത്തിനു ചേർന്ന സദ്വികാരങ്ങളാകയുള്ളു. ധർമ്മാധർമ്മവിവേചനം ചെയ്യാനും, അതുവഴി വികാരങ്ങളെ നിയന്ത്രിക്കുവാനും ശക്തിയുള്ള യുക്തിയുടെ ശാസന യഥാർത്ഥമതത്തിൽമാത്രമേ കാണുകയുള്ളു. യഥാർത്ഥമതം പറയുന്നു, മനുഷ്യൻ ദൈവനിശ്ചിതമായ സന്മാർഗ്ഗനിയമത്തിനു വിധേയനാണെന്നു; ധനത്തിനും സുഖത്തിനും ബഹുമാനത്തിനുമുള്ള അവന്റെ മോഹങ്ങളെല്ലാം, അവയിൽനിന്നുള്ള അവന്റെ വികാരങ്ങളെല്ലാം സന്മാർഗ്ഗനിയമത്താൽ നിയന്ത്രിക്കപ്പെടേണ്ടവയാണെന്നു യഥാർത്ഥമതം പഠിപ്പിക്കുന്നു. മതത്തിന്റെ ഈ ബോധനം കഴിച്ചുവച്ചാൽ, മനുഷ്യൻ സേച്ഛാനുസാരം ജീവിക്കുവാൻ സ്വാതന്ത്ര്യമുള്ളവനാണെന്നു സമ്മതിച്ചാൽ, പ്രസ്തുത മോഹങ്ങളേയും അവയിൽനിന്നുള്ള വികാരങ്ങളേയും നിയന്ത്രിക്കുവാൻ പര്യാപ്തമായ മറെറാരു പ്രേരണയും ഇല്ലതന്നെ. മനുഷ്യൻ സേച്ഛാനുസാരം ജീവിക്കുവാൻ സ്വാതന്ത്ര്യമുള്ളവനാണെങ്കിൽ ധനത്തിനും ബഹുമാനത്തിനും സുഖത്തിനുമുള്ള മോഹത്താൽ അവനിലുളവാകുന്ന മൃഗീയമായ ദുർവികാരങ്ങൾക്കു വഴിപ്പെടുവാൻ അവനെന്തുകൊണ്ടു പാടില്ല? ദുർവികാരങ്ങൾക്കു വഴിപ്പെടുന്നതിനാലുണ്ടാകുന്ന സകല അസൗകര്യങ്ങളും സഹിക്കുവാൻ അവൻ തയാറാണെങ്കിൽ, അവ സഹിച്ചുതന്നെയും ആ ദുർവികാരങ്ങൾക്കു വഴിപ്പെടാനാണ് അവനിഷ്ടമെങ്കിൽ, അവനെ അതിൽനിന്നു തടഞ്ഞുനിർത്തുവാൻ ആർക്കും അവകാശമോ അധികാരമോ ഇല്ല. നേരെമറിച്ച് സ്വന്തം ഹിതാഹിതങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ അവനു് അവകാശവും അധികാരവുമില്ലെങ്കിൽ, അവന്റെമേൽ പരമാധികാരമുള്ള ഒരാളുണ്ടെന്നും അദ്ദേഹത്തിന്റെ ആജ്ഞകൾക്ക് അവന്റെ ഹിതാഹിതങ്ങളെ കീഴ്പ്പെടുത്തുവാൻ അവനു കടമയുണ്ടെന്നും അവനു ബോദ്ധ്യമുണ്ടെങ്കിൽ, തന്റെ ദുർവികാരങ്ങളെ നിയന്ത്രിക്കേണ്ടതു് ന്യായവും കടമയുമാണെന്നു് അവൻ കാണും. ദൈവം സ്രഷ്ടാവും താൻ അവിടുത്തെ സൃഷ്ടിയുമാണെന്നും, ദൈവം യജമാനനും താൻ അവിടുത്തെ ദാസനുമാണെന്നും, ദൈവം വിധിയാളനും താൻ അവിടുത്തെ മുൻപിൽ കണക്കു കൊടുക്കേണ്ടവനാണെന്നും, തന്റെ ഹിതാഹിതങ്ങളെ ദൈവത്തിന്റെ ആജ്ഞകൾക്കു കീഴ്പ്പെടുത്തിയാൽ സമ്മാനവും കീഴ്പ്പെടുത്തിയില്ലെങ്കിൽ ശിക്ഷയും പരലോകത്തിൽ തനിക്കു ലഭിക്കുമെന്നുമുള്ള ബോദ്ധ്യം ഒരു മനുഷ്യന്റെ ജീവിതത്തിൽ ആകമാനം സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നാൽ അവൻ തന്റെ ഏതു ദുർവികാരങ്ങളേയും തീർച്ചയായും പിടിച്ചടക്കും. പ്രായോഗികമായ ദൈവവിശ്വാസമുള്ളവരും സ്വീഷ്ഠന്മാരെന്നു വിളിക്കപ്പെടുന്നവരുമായ ലക്ഷോപലക്ഷം ആളുകളുടെ ചരിത്രം ഈ വസ്തുതയ്ക്കു് അനിഷേദ്ധ്യമായ തെളിവാകുന്നു.

മതം എപ്പോഴും ദൈവഭയത്തേയും, അതിന്റെ അഭാവത്തിൽ നരകഭയത്തെയെങ്കിലും മനുഷ്യരിൽ നിദ്രവശിപ്പിക്കയും ഉദ്ദീപിപ്പിക്കുകയും പെരുപ്പിക്കയും ചെയ്യുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ദൈവഭയവും നരകഭയവും അന്ധമായ വികാരങ്ങളാണെന്നു പറയുന്നതു് അബദ്ധമാണ്. ദൈവഭയമെന്നു പറഞ്ഞാൽ തന്റെ സ്രഷ്ടാവും പിതാവും പരമോപകാരിയുമായ ദൈവത്തോടുള്ള യുക്തിപൂർവ്വകമായ സ്നേഹവും ഭക്തിയുമെന്നാണർത്ഥം. മനുഷ്യനുണ്ടാകാവുന്നതിൽ ഏററവും ഉൽകൃഷ്ടമായ സദ്വികാരമാണതു്. നരകഭയമെന്നതു് സ്നേഹത്താൽ പ്രേരിതനാകാൻമാത്രം ഉൽകൃഷ്ടതയില്ലാത്ത സന്ദർഭത്തിൽ ദൈവത്തിന്റെ ശിക്ഷയെപ്പററിയുള്ള ചിന്തയിൽനിന്നുളവാകുന്ന വികാരമാണ്. ദൈവഭയത്തോളം ഉൽകൃഷ്ടമല്ലെങ്കിലും യഥാർത്ഥത്തിൽ സദ്വികാരംതന്നെയാണതു്. സ്വദേശഭക്തി ഒരു വികാരമല്ലയോ? ആ വികാരത്താൽ പ്രേരിതരായി എത്രയോ ആളുകൾ സ്വാർത്ഥം മുഴുവനും പരിത്യജിച്ചുകൊണ്ടുമാത്രമല്ല വീരോചിതമായ ആത്മത്യാഗംപോലും നിർവഹിക്കുന്നുണ്ട്! ഇങ്ങനെയുള്ള സ്വദേശഭക്തി അന്ധമായ വികാരമാണോ? ഏററവും യുക്തിപൂർവ്വകവും തന്മൂലം ഏററവും ഉൽകൃഷ്ടവുമായ വികാരമല്ലയോ അതു്? ദേശഭക്തിയെക്കാൾ അനന്തമായ തോതിൽ ഉൽകൃഷ്ടമായ വികാരമാണ് ദൈവഭക്തി. ആകയാൽ മതം പ്രവർത്തിക്കുന്നതു മനസ്സിലെ വികാരങ്ങളിൽ മാത്രമാണ് എന്ന യുക്തിവാദിയുടെ പ്രസ്താവം ഏററവും അബദ്ധമാകുന്നു.

ദൈവമുണ്ടെന്നും, സന്മാർഗ്ഗനിയമം ദൈവം മനുഷ്യഹൃദയത്തിൽ ആലേഖനം ചെയ്തിട്ടുള്ളതാണെന്നും, തന്മൂലം അതനുസരിക്കുവാൻ മനുഷ്യനു കടമയുണ്ടെന്നും യുക്തി തെളിയിക്കുന്നു. "യുക്തിവാദി" ഈ തത്വങ്ങൾ സ്വീകരിക്കുന്നില്ലെന്നു ഞങ്ങൾക്കറിയാം; അവയെ സ്വീകരിക്കാത്തതു യുക്തിയുടെ നാമത്തിലാണെന്നു പറയുന്നുണ്ടെങ്കിലും, അന്ധമായ വിശ്വാസത്താലാണെന്നു ഞങ്ങൾ വീണ്ടും വീണ്ടും ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു.

വേദശാസ്ത്രപംക്തി

# പാപസങ്കീർത്തനം

## III

ഇസ്രായേൽജനത്തെ ഫറോൻ രാജാവിന്റെ അടിമത്തത്തിൽനിന്നു വിടുവിക്കുവാൻ യഹോവ തീരുമാനിച്ചു. ആരുടേയും സഹായസഹകരണങ്ങൾ കൂടാതെതന്നെ അവിടുത്തേക്കു് അതു ക്ഷിപ്രസാദ്ധ്യമായിരുന്നു. പക്ഷെ അവരെ സ്വതന്ത്രരാക്കുവാനായി അവിടുന്നു മൂശ എന്ന ദീർഘദർശിയെ നിയോഗിക്കയാണുണ്ടായതു്. അവരെ പിന്തുടർന്ന രാജസൈന്യങ്ങളുടെ കൈകളിൽനിന്നു അവരെ രക്ഷിപ്പാനും അവിടുന്നു നേരിട്ടിടപെട്ടില്ല. വിമോചനനിർവ്വഹണാർത്ഥം അവിടുന്നു തീരഞ്ഞെടുത്ത പ്രതിനിധിക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുക മാത്രമേ ചെയ്തുള്ളു. തദനുസാരം മൂശ ചെങ്കടലിനെ ആശീർവദിക്കയും, സമുദ്രജലം ഇരു പാർശ്വങ്ങളിലേക്കും ഒഴിഞ്ഞുമാറുകയും, അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ജനം നിർബാധം കടൽ കടന്നു മറുകര പററുകയും ചെയ്തു. മരുഭൂമിയിൽവച്ചു അവർ ദാഹംകൊണ്ടു വലഞ്ഞുപരവശയായപ്പോഴും മൂശാമൂലമാണു ദൈവം അവർക്കു ജലപാനത്തിനു വഴിയുണ്ടാക്കിക്കൊടുത്തതു്. ഈശ്വരനിർദ്ദേശമനുസരിച്ചു പ്രവാചകൻ വടികൊണ്ടു പാറകെട്ടിലടിച്ചു; പെട്ടെന്നു സ്വച്ഛജലം സമൃദ്ധിയായൊഴുകി.

ശാവൂലിന്റെ മാനസാന്തരവൃത്താന്തം ഏവർക്കും സുപരിചിതമാണ്. ദമാസ്കസിലേക്കുള്ള യാത്രാമദ്ധ്യേ ശാവൂൽ അന്ധനായി കുതിരപ്പുറത്തുനിന്നും നിലംപതിച്ചു. നഷ്ടപ്പെട്ട കാഴ്ച വീണ്ടും നല്കി ജ്ഞാനസ്നാനത്താൽ അദ്ദേഹത്തെ ക്രൈസ്തവനാക്കുന്നതിനുവേണ്ടി കർത്താവു അദ്ദേഹത്തെ അനനിയാസിന്റെ പക്കലേക്കാണല്ലോ പറഞ്ഞയച്ചതു്. അവിടുത്തേക്കു സെന്റ് പോളിനു പ്രത്യക്ഷത്തിൽ കാണപ്പെട്ടുകൊണ്ടു അന്ധതനീക്കുകയും ആദ്ധ്യാത്മസ്നാനം നല്കുകയും ചെയ്യാമായിരുന്നില്ലേ?

പാപികളെ സ്രഷ്ടാവുമായി രമ്യപ്പെടുത്തുന്ന സർവ്വാതിശ്രേഷ്ഠമായ സേവനം സംബന്ധിച്ചുള്ള ഈശ്വരപരിപാലനയുടെ പ്രവർത്തനരീതി വിപരീതമായ വിധം സെന്റ് പോൾ കൊറീന്ത്യാക്കാർക്കയച്ച തന്റെ രണ്ടാമത്തെ ലേഖനത്തിൽ സുവിശദമായും സമൃക്കായും പ്രസ്താവിച്ചിട്ടുണ്ട്: "മിശിഹാമൂലം (ദൈവം) നമ്മെ തന്നോടു രമ്യപ്പെടുത്തുകയും, രമ്യതയുടെ ശുശ്രൂഷ ഞങ്ങൾക്കു തരികയും ചെയ്തിരിക്കുന്നു... മിശിഹാവഴി ലോകത്തെ തന്റെ മഹത്വത്തോടു രമ്യപ്പെടുത്തുകയും, അവരുടെ പാപങ്ങൾ അവരിൽ പരിഗണിക്കാതിരിക്കയും, രമ്യതയുടെ വചനം ഞങ്ങളിൽ സ്ഥാപിക്കയും ചെയ്തതു ദൈവമാകുന്നു. ആകയാൽ ഞങ്ങൾ മിശിഹാക്കുവേണ്ടിയുള്ള പ്രതിപുരുഷന്മാരാകുന്നു. ദൈവം ഞങ്ങൾമൂലം നിങ്ങളോടു് അപേക്ഷിച്ചാൽ എന്നപോലെ, ദൈവത്തോടു രമ്യപ്പെടുവിൻ എന്നു മിശിഹാക്കു പകരം ഞങ്ങൾ അഭ്യർത്ഥിക്കുന്നു" (2 കൊറി. 5, 18-20.) എന്നുവച്ചാൽ പാപികളെ രമ്യപ്പെടുത്തുവാൻ ദൈവം ക്രിസ്തുവിനെ അയച്ചു; ക്രിസ്തു ഞങ്ങളേയും അയക്കുന്നു. അവിടുത്തെ നാമത്തിൽ പാപികളെ രമ്യപ്പെടുത്തുന്ന അവിടുത്തെ പ്രതിപുരുഷന്മാരാണു ഞങ്ങൾ.

(പി. കെ.)

# പ്രത്യാഗമനം

411 കൊല്ലത്തെ വിപ്രവാസത്തിനു ശേഷം കർമ്മലീത്താസന്യാസികൾ ഇംഗ്ലണ്ടിൽ കെൻറിലെ എയിൽസ്ഫോർഡ് ആശ്രമത്തിലേക്കു പ്രത്യാഗമിച്ചിരിക്കുന്നു. കുരിശുയുദ്ധകാലത്തു് കർമ്മലീത്താസന്യാസികൾ കർമ്മലമലയിൽനിന്നു നിഷ്കാസിതരായപ്പോൾ എയിൽസ്ഫോർഡിലാണ് അഭയം തേടിയതു്. 1538-ൽ പ്രസ്തുതാശ്രമത്തിൽനിന്നു ഹെൻറി 8-ാമനാൽ ഇവർ ബഹിഷ്കൃതരായി. ഇപ്പോൾ അവർ എയിൽസ്ഫോർഡിലെ പുരാതനദേവാലയം പുനരുദ്ധരിക്കുവാൻ പരിശ്രമിച്ചുവരുന്നു. 13-ാം നൂററാണ്ടിലാണ് അതു ആദ്യം പണിചെയ്യപ്പെട്ടതു്.

# കൽക്കദോനിയാ സൂനഹദോസ്

(2-ാം പേജ് തുടർച്ച)

ച്ചതാണ്. നിങ്ങളുടെ കാലുപിടിക്കുവാൻ നാം തയ്യാറല്ല. അത്ര താണുവീണു മാപ്പുചോദിക്കേണ്ട ആവശ്യം നാം കാണുന്നില്ല. ഒരു പാത്രിയർക്കീസാണു നാം, അല്ലാതെ വെറും ഇരപ്പാളിയല്ല.

പസ്കാസീനൂസ്:- തിരുമേനി, അവിടുന്ന് ഒരു പാത്രിയർക്കീസാണെങ്കിലും തെററുചെയ്തു തെററാണെന്നു സമ്മതിക്കുന്നതാണു സാക്ഷാൽ പൗരുഷം. പാഷണ്ഡികളെ അനുകൂലിച്ചു പ്രവർത്തിക്കുക എന്നുള്ളതു നിസ്സാരമായ തെററല്ല. സഭയിൽ അതു ഏററവും ഗൗരവാവഹവും ശിക്ഷാർഹവുമായ ഒരു കുററമാണ്. മാത്രമല്ല, എവുത്തിക്കാസിൻെറ പാഷണ്ഡവാദത്തെ എതിർത്ത ഫ്ളാവിയൻ പാത്രിയർക്കീസിനോടും മററു മെത്രാന്മാരോടും അവിടുന്നു ചെയ്തിട്ടുള്ള കടുംകൈകളും കാണിച്ച മൃഗീയമായ ക്രൂരതയും ക്ഷമായാചനം ചെയ്യാതെ പരിഹരിക്കപ്പെടാവുന്ന കുററങ്ങളല്ല. അവിടുന്നു ദേഹോപദ്രവം ഏല്പിച്ച ഫ്ളാവിയൻ പാത്രിയർക്കീസ് മൂന്നാംദിവസം മരണംപ്രാപിച്ച വിവരം അവിടുത്തേക്ക് അറിവില്ലേ? ദൈവത്തിൻെറ ഒരു ദാസന്—അതിവിശുദ്ധനായ ഒരു പാത്രിയർക്കീസിന്—ജീവഹാനിവരുത്തിയതു നിസ്സാരപാപമാണോ? അവിടുന്ന് ഒരു പാത്രിയർക്കീസാണ്. ആകയാൽ പാത്രിയർക്കീസ് എന്ന നിലയിൽ സ്ഥാനോചിതമായും മാതൃകായോഗ്യമായും അവിടുന്ന് ഇനിയെങ്കിലും പ്രവർത്തിക്കണമെന്നു സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ദിയസ്കോറസ്:- എന്നെ ആരും പഠിപ്പിക്കുവാൻ വരേണ്ട. ഈ തത്വോപദേശങ്ങളൊക്കെ എനിക്കും കുറെ അറിയാം. ഇവയൊന്നും എൻെറ അടുക്കൽ ചെലവാകയില്ല.

പസ്കാസീനൂസ്:- വന്ദ്യപിതാക്കന്മാരേ, ദിയസ്കോറസിൻെറ മറുപടി നിങ്ങൾ കേട്ടല്ലോ. അഹങ്കാരിയായ ഇദ്ദേഹത്തെ ഇനി ഉപദേശിച്ചിട്ടു ഫലമൊന്നുമില്ല. ഉപദേശിക്കുംതോറും കൂടുതൽ കൂടുതൽ ധിക്കാരപൂർവ്വകമായ മറുപടിയാണു കിട്ടുന്നതു്. ആകയാൽ നിങ്ങൾ എന്തു പറയുന്നു?

ഒരു മെത്രാൻ (എഴുന്നേററു പറയുന്നു): ദിയസ്കോറസിനെ ഇനി വിസ്തരിക്കേണ്ട ആവശ്യമില്ല. അദ്ദേഹം എവുത്തിക്കാസിനെ പൂർണ്ണമായി അനുകൂലിക്കുന്ന ഒരു പാഷണ്ഡിയാണെന്നു തെളിഞ്ഞിരിക്കുന്നു. എഫേസൂസ് യോഗത്തിൽ അദ്ദേഹം ചെയ്ത അക്രമപ്രവൃത്തികളെ സംബന്ധിച്ചു യാതൊരു അനുതാപവും അദ്ദേഹത്തിന് ഇല്ലെന്നും ഏററവും വ്യക്തമായിരിക്കുന്നു. ആകയാൽ അദ്ദേഹത്തിന് എതിരായി ഇവിടെ സമ്മേളിച്ചിരിക്കുന്ന സൂനഹദോസ് ഉടനെ വിധി പ്രസ്താവിക്കുകയാണു വേണ്ടതു്.

മററു മെത്രാന്മാർ (ഏകസ്വരത്തിൽ): ഈ അഭിപ്രായത്തോടു ഞങ്ങളെല്ലാം യോജിക്കുന്നു.

പസ്കാസീനൂസ്:- ദിയസ്കോറസിന് എതിരായി വിധി പ്രസ്താവിക്കുന്നതിനുമുമ്പു റോമ്മായിലെ അതിവിശുദ്ധനായ ലെയോൻ മാർപ്പാപ്പാ ഫ്ളാവിയൻ പാത്രിയർക്കീസിന് അയച്ചതും, എഫേസൂസ് യോഗത്തിൽ ദിയസ്കോറസ് വായിക്കുവാൻ അനുവദിക്കാഞ്ഞതുമായ ലേഖനം ഈ സൂനഹദോസിൽ പരസ്യമായി വായിക്കേണ്ടതാണ്. ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേയുള്ളു എന്നു പഠിപ്പിക്കുന്ന എവുത്തിക്കാസിൻെറ ഉപദേശം എത്ര അബദ്ധമാണെന്നും, ആ ഉപദേശത്തെ നിരസിക്കുന്ന ഫ്ളാവിയൻെറയും ലെയോൻെറയും ഉപദേശം സത്യവിശ്വാസത്തിനു എത്രമാത്രം അനുയോജ്യമാണെന്നും ലെയോൻെറ ലേഖനത്തിൽനിന്നു നമുക്കു മനസ്സിലാകും. ഈ ലേഖനം എഫേസൂസിൽ വായിക്കപ്പെടുവാൻ ദിയസ്കോറസ് അനുവദിക്കാഞ്ഞതു് എന്തുകൊണ്ടാണെന്നും അപ്പോൾ നമുക്കു ബോദ്ധ്യമാകും.

അന്ത്യോക്യായിലെ മാക്സിമോസ് പാത്രിയർക്കീസ് :- "മംഗളസ്മരണക്കു അർഹനായ ഫ്ളാവിയൻ മെത്രാപ്പോലീത്താ * സത്യവിശ്വാസത്തെ എത്രയും ശരിയായും, അനുഗ്രഹീതനും പരിശുദ്ധനുമായ ലെയോൻ മെത്രാപ്പോലീത്തായുടെ * അഭിപ്രായത്തിനു അനുയോജ്യമായും വ്യക്തമാക്കുകയുണ്ടായി. ആ വിശ്വാസത്തെ ഞങ്ങളെല്ലാം കുതൂഹലത്തോടെ സ്വീകരിക്കുന്നു." (5)

സെബാസ്റ്റോപ്പോളിലെ മെത്രാനായ ചെക്രോപ്പിയസ്:—"എവുത്തിക്കാസിൻെറ കാര്യം സംബന്ധിച്ചു റോമ്മായിലെ മെത്രാപ്പോലീത്താ ഒരു പ്രമാണം നേരത്തെ നൽകിയിട്ടുണ്ടു്. അതിനു അവരെല്ലാം + ഒപ്പുവച്ചിരിക്കുന്നു"

(ഈ അഭിപ്രായത്തെ അനുകൂലിച്ച് എല്ലാ മെത്രാന്മാരും ഏകസ്വരത്തിൽ):—

"അതുതന്നെ ഞങ്ങളും പറയുന്നു. ലെയോൻ നേരത്തെ നൽകിയ വിശദീകരണം മതിയാകും. സത്യവിശ്വാസത്തെ സംബന്ധിച്ചു വേറൊരു പ്രഖ്യാപനവും പുറപ്പെടുവിക്കേണ്ടതില്ല" (6)

സാർദസിലെ മെത്രാനായ ഫ്ളോറൻസിയസ്:- "എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ലെയോൻെറ ലേഖനം മതിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു." (7)

പസ്കാസീനൂസ്:- "നിഖ്യായിലും കോൺസ്റ്റാൻറിനോപ്പിളിലും പിതാക്കന്മാർ അംഗീകരിച്ചു ഉറപ്പിച്ച വിശ്വാസപ്രമാണങ്ങളെ ഈ പരിശുദ്ധ സൂനഹദോസ് ആദ്യമായി മുറുകെ പിടിക്കുന്നു. രണ്ടാമതായി എഫേസൂസിൽ കൂറില്ലോസ് വിശ്വാസപ്രമാണത്തിനു നൽകിയ ആ വിശദീകരണത്തെ ഈ സൂനഹദോസ് അംഗീകരിക്കുന്നു. മൂന്നാമതായി എല്ലാപള്ളികളുടെയും മെത്രാപ്പോലീത്തായും നെസ്തോറിയസിൻെറയും എവുത്തിക്കാസിൻെറയും പാഷണ്ഡതയെ ശപിച്ചവനുമായ ലെയോൻ എന്ന എത്രയും വിശുദ്ധൻെറ ലേഖനം സത്യവിശ്വാസം എന്താണെന്നു സ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നു. ഈ വിശ്വാസത്തെത്തന്നെ ഈ സൂനഹദോസും സ്വീകരിക്കുന്നു. ഇതിനോടു എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതിനും, ഇതിൽനിന്നു എന്തെങ്കിലും നീക്കിക്കളയുന്നതിനും ഈ സൂനഹദോസ് അനുവദിക്കുന്നതല്ല"(8) സെക്രട്ടറി വെറോനിഷ്യൻ മാർപ്പാപ്പായുടെ ആ ലേഖനം ഉടനെ വായിക്കുന്നതാണ്. എല്ലാവരും സശ്രദ്ധം ശ്രവിക്കുവിൻ.

വെറോനിഷ്യൻ (എഴുന്നേററു ലെയോൻ മാർപ്പാപ്പായുടെ ലേഖനം ഇപ്രകാരം ഉറക്കെ വായിക്കുന്നു):-

ക്രിസ്തുവിൽ നമ്മുടെ സ്നേഹഭാജനമായ കോൺസ്റ്റാൻറിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസിനു റോമ്മായിലെ അപ്പസ്തോലിക സിംഹാസനത്തിൻെറ മെത്രാനായ ലെയോൻ എഴുതുന്നതു്.

വത്സല സഹോദരാ,

ദൈവപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായുടെ മനുഷ്യാവതാരത്തെയും അവിടുത്തെ സ്വഭാവങ്ങളെയും സംബന്ധിച്ചു കോൺസ്റ്റാൻറിനോപ്പിളിലെ എവുത്തിക്കോസ് എന്ന സന്യാസിശ്രേഷ്ഠൻ പഠിപ്പിച്ചുവരുന്ന അബദ്ധോപദേശങ്ങളെ ശോധനചെയ്തു സത്യവിശ്വാസം വെളിപ്പെടുത്തുന്നതിനായി നാം നിങ്ങൾക്കു ഈ ലേഖനം എഴുതുന്നു. "നിത്യപിതാവിൻെറ നിത്യനായ ഏകജാതൻ പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്നു ജാതനായി. കാലാനുസൃതമായ ഈ ജനനം ദിവ്യവും നിത്യവുമായ ആ ജനനത്തിനു യാതൊരു കുറവും വരുത്തിയില്ല; യാതൊന്നും അതിനോടു കൂട്ടിച്ചേർത്തുമില്ല. പ്രത്യുത വഞ്ചിക്കപ്പെട്ട മനുഷ്യനു തന്നെത്തന്നെ പരിഹാരമായി സമർപ്പിച്ചുകൊണ്ടു തൻെറ ശക്തിയാൽ മരണത്തെ ജയിക്കുന്നതിനും, മരണത്തിന്മേൽ അധികാരം നടത്തിയ പിശാചിനെ നശിപ്പിക്കുന്നതിനും അവിടുന്നു തിരുമനസ്സായി..."വചനം മാംസമായി നമ്മിൽ വസിച്ചു" (യോഹ. 1, 14), അതായതു മനുഷ്യനിൽനിന്നു എടുക്കുകയും, വിശേഷബുദ്ധിയുള്ള ജീവൻെറ അരൂപിയാൽ സജീവമാക്കപ്പെടുകയും ചെയ്ത മാംസത്തിൽ അവിടുന്നു വസിച്ചു. രണ്ടു സ്വഭാവങ്ങളുടെയും സാരാംശത്തിൻെറയും ഗുണവിശേഷങ്ങൾ നശിക്കാതെ അവിടുന്നു ഏകവ്യക്തിയായിത്തീർന്നു. ഉന്നതസ്ഥിതിയിൽനിന്നു വിനീതസ്ഥിതിയെയും, ബലത്തിൽനിന്നു ബലഹീനതയെയും, നിത്യതയിൽനിന്നു നശ്വരതയെയും അവിടുന്നു സ്വീകരിച്ചു. നമ്മുടെ ജീവിതാവസ്ഥയുടെ യാതനകൾ പരിഹരിക്കുന്നതിനു വേണ്ടി അഭേദ്യമായ സ്വഭാവം പീഡയ്ക്കധീനമായ സ്വഭാവത്തോടു സംയോജിച്ചു... തന്മൂലം ഒരു പ്രകാരത്തിൽ നോക്കിയാൽ അവിടുത്തേക്കു മരിക്കുവാൻ സാധിക്കും; മറെറാരു പ്രകാരത്തിൽ നോക്കിയാൽ അവിടുത്തേക്കു മരിക്കുവാൻ സാധിക്കയില്ല. ആകയാൽ യഥാർത്ഥമനുഷ്യൻെറ സമ്പൂർണ്ണവും സമഗ്രവുമായ സ്വഭാവത്തിൽ യഥാർത്ഥ ദൈവം ജാതനായി. ദൈവികഗുണഗണങ്ങളിലും, മാനുഷികമായ നമ്മുടെ ഗുണഗണങ്ങളിലും അവിടുന്നു പരിപൂർണ്ണനാണ്... താൻ ജനിച്ച കന്യകയമ്മയിൽനിന്നും ദൈവപുത്രൻ മാംസമെടുത്തെങ്കിലും ഏകവ്യക്തിയിൽ രണ്ടു സ്വഭാവങ്ങളും യോജിച്ചുനിമിത്തം മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയതായി (വേദപുസ്തകത്തിൽ) നാം വായിക്കുന്നു. വീണ്ടും ദൈവപുത്രൻ കുരിശിൽ തറയ്ക്കപ്പെടുകയും, സംസ്കരിക്കപ്പെടുകയും ചെയ്തതായി നാം പറയുന്നു. എന്നാൽ ഇവ നിത്യതയിലും സാരാംശത്തിലും പിതാവിനോടു സമത്വമുള്ള ഏകജാതൻ എന്ന നിലയിൽ ആ ദൈവത്വത്തിൽ അല്ല, പ്രത്യുത മാനുഷികസ്വഭാവത്തിൻെറ ബലഹീനതയിലാണ് അവിടുന്നു പീഡകൾ സഹിച്ചതു. തന്നിമിത്തം "അവർ അറിഞ്ഞിരുന്നെങ്കിൽ മഹത്വത്തിൻെറ കർത്താവിനെ അവർ കുരിശിൽ തറയ്ക്കുകയില്ലായിരുന്നു" (1 കൊറി. 2, 8) എന്നു (പൗലോസ്) അപ്പസ്തോലൻ പറയുന്നപ്രകാരം ദൈവത്തിൻെറ ഏകപുത്രൻ കുരിശിൽ തറയ്ക്കപ്പെട്ടു സംസ്കരിക്കപ്പെട്ടു എന്നു നാമെല്ലാവരും വിശ്വാസപ്രമാണത്തിൽ ഏററുചൊല്ലുന്നു" (9)

(ലെയോൻ മാർപ്പാപ്പായുടെ ഈ ലേഖനം വായിച്ചുതീർന്നപ്പോൾ സൂനഹദോസിൽ കൂടിയിരിക്കുന്ന മെത്രാന്മാരെല്ലാം ഏകസ്വരത്തിൽ വിളിച്ചു പറയുന്നു *:-

"ഇതാണ് അപ്പസ്തോലന്മാരുടെ വിശ്വാസം. ഇതാണു പിതാക്കന്മാരുടെ വിശ്വാസം. ഇപ്രകാരം ഞങ്ങളെല്ലാം വിശ്വസിക്കുന്നു... പത്രോസ് ലെയോൻെറ അധരങ്ങൾവഴി സംസാരിച്ചിരിക്കുന്നു... ലെയോനും കൂറില്ലോസും ഒരേ സംഗതിയാണു പഠിപ്പിക്കുന്നതു്... ഈ ലേഖനം എഫേസൂസിൽ വായിക്കപ്പെടാഞ്ഞതു എന്തു്? ദിയസ്കോറസ് മാച്ചുവച്ചിരുന്നതു് എന്താണെന്നു കാണുക!" (10). "അതിവിശുദ്ധനായ ലെയോൻെറ ലേഖനം സ്വീകരിക്കാത്തവൻ പാഷണ്ഡിയാണ്" (11). എവുത്തിക്കാസിൻെറ ഉപദേശം അബദ്ധമാണ്. പാഷണ്ഡിയെ അനുകൂലിച്ച ദിയസ്കോറസ് ഒരു പാഷണ്ഡിതന്നെ. ദിയസ്കോറസിനെ സഭയിൽനിന്നു ബഹിഷ്ക്കരിക്കണം.

പസ്കാസീനൂസ്:- പിതാക്കന്മാരേ, നിഖ്യാ, കോൺസ്റ്റാൻറിനോപ്പിൾ, എഫേസൂസ് എന്നീ പൊതുസൂനഹദോസുകളിൽ പ്രഖ്യാപിതമായിട്ടുള്ള സത്യവിശ്വാസത്തിനു അനുയോജ്യമായ ഒരു വിശ്വാസമാണു ലെയോൻ മാർപ്പാപ്പാ ക്രിസ്തുവിൻെറ സ്വഭാവങ്ങളെ സംബന്ധിച്ചു തൻെറ ലേഖനത്തിലും പ്രഖ്യാപനം ചെയ്തിരിക്കുന്നതു്. സഭാപിതാക്കന്മാരുടെ വിശ്വാസത്തെയാണല്ലോ ഈ സൂനഹദോസു ഏററുപറയേണ്ടതു്. ആകയാൽ ലെയോൻ മാർപ്പാപ്പാ പ്രഖ്യാപനംചെയ്തിട്ടുള്ള വിശ്വാസത്തെ ഈ സൂനഹദോസിൽ സന്നിഹിതരായ നമുക്കു ഏററുപറഞ്ഞു തദനുസരണമായ നിശ്ചയങ്ങൾ പാസ്സാക്കുകയും, ഈ നിശ്ചയങ്ങളെ സ്വീകരിക്കാത്തവരെ സഭയിൽനിന്നു ബഹിഷ്ക്കരിക്കയും ചെയ്യാം. ഈ സൂനഹദോസിൽ പാസ്സാക്കേണ്ട നിശ്ചയങ്ങൾ ആരെങ്കിലും അവതരിപ്പിക്കാം.

ഒരു മെത്രാൻ (എഴുന്നേററു പറയുന്നു):- ക്രിസ്തുവിൻെറ സ്വഭാവങ്ങളെ സംബന്ധിച്ചു ഈ സൂനഹദോസിൽ സന്നിഹിതരായിരിക്കുന്ന പിതാക്കന്മാരുടെ വിശ്വാസം സൂനഹദോസ് നിശ്ചയങ്ങൾ ഇപ്രകാരം രേഖപ്പെടുത്തിയാൽ കൊള്ളാമെന്നാണ് എൻെറ അഭിപ്രായം. ആശയം ഞാൻ പറയാം. ഭേദഗതികൾ വല്ലതുമുണ്ടെങ്കിൽ വന്ദ്യപിതാക്കന്മാർ യഥായോഗ്യം ചെയ്തുകൊള്ളണം.

"പരിശുദ്ധ പിതാക്കന്മാരെ അനുഗമിച്ചുകൊണ്ടു ഞങ്ങളെല്ലാം ഐകകണ്ഠ്യേന ഏററുപറയുന്നതായതു്:—(ദൈവ)പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹാ ഏക ആൾതന്നെയാണ് അവിടുന്നു ദൈവത്വത്തിൽ പരിപൂർണ്ണനാകുന്നു; മനുഷ്യത്വത്തിലും പരിപൂർണ്ണനാകുന്നു; സത്യദൈവവും സത്യമനുഷ്യനുമാകുന്നു. വിശേഷബുദ്ധിയുള്ള ആത്മാവോടും ശരീരത്തോടുംകൂടിയ അവിടുന്നു ദൈവത്വത്തിൽ പിതാവിനോടു സമത്വമുള്ളവനും, മനുഷ്യത്വത്തിൽ നമ്മോടു സമത്വമുള്ളവനും, പാപമൊഴിച്ചുള്ളതിലെല്ലാം നമ്മോടു സദൃശനുമാണ് * സർവ്വലോകങ്ങൾക്കും മുമ്പു ദൈവത്വത്തിൽ പിതാവിൽനിന്നും, നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി അവസാനദിവസങ്ങളിൽ മനുഷ്യത്വത്തിൽ ദൈവമാതാവായ കന്യകാമറിയത്തിൽനിന്നും അവിടുന്നു ജാതനായി. (ദൈവ)പുത്രനും, കർത്താവും, ഏകജാതനും, ഏകവ്യക്തിയുമായ ക്രിസ്തു സമ്മിശ്രപ്പെടാതെയും, ഭേദപ്പെടാതെയും, വിഭാഗിക്കപ്പെടാതെയും, വേർതിരിക്കപ്പെടാതെയും ഇരിക്കുന്ന രണ്ടു സ്വഭാവങ്ങളോടുകൂടിയവനാണെന്നു സമ്മതിക്കേണ്ടതത്രെ. എന്നാൽ സംയോജനംനിമിത്തം സ്വഭാവങ്ങൾ വിഭിന്നമായും, അതിലും പ്രത്യേകിച്ചു രണ്ടു സ്വഭാവങ്ങളുടെയും പ്രകൃതി പരിരക്ഷിക്കപ്പെട്ടും ഏകവ്യക്തിയും അസ്തിത്വവുമായിത്തീർന്നിരിക്കുന്ന അവിടുന്നു രണ്ടു വ്യക്തികളായി ഒരിക്കലും വേർതിരിക്കപ്പെടുകയോ വിഭാഗിക്കപ്പെടുകയോ ചെയ്തിട്ടില്ല; പ്രത്യുത ദൈവപുത്രനും, ഏകജാതനും, ദൈവവും, വചനവുമായ നമ്മുടെ കർത്താവീശോമിശിഹാ ഏകവ്യക്തിതന്നെയാണ്. ഇപ്രകാരം മുമ്പു അവിടുത്തെപ്പററി ദീർഘദർശിമാരും, നമ്മുടെ കർത്താവീശോമിശിഹാതന്നെയും നമ്മെ പഠിപ്പിക്കയും, പിതാക്കന്മാരുടെ വിശ്വാസപ്രമാണം ഈ വിശ്വാസത്തെത്തന്നെ നമ്മെ ഭരമേല്പിക്കയും ചെയ്തിരിക്കുന്നു.

ആകയാൽ പരിശുദ്ധവും, സാർവ്വത്രികവുമായ ഈ സൂനഹദോസ് സർവ്വതോമുഖമായ സകല ശ്രദ്ധയോടും താല്പര്യത്തോടുംകൂടി ഇക്കാര്യങ്ങൾ തീരുമാനിച്ചിട്ടു ഈ വിശ്വാസത്തിൽനിന്നു വിഭിന്നമായ ഒരു വിശ്വാസത്തെ പ്രഖ്യാപനം ചെയ്യുവാനോ, ഒപ്പിട്ടു അംഗീകരിക്കുവാനോ, നിർമ്മിക്കുവാനോ, സ്വീകരിക്കുവാനോ, പഠിപ്പിക്കുവാനോ ആർക്കും അനുവാദമില്ലെന്നു വിധികല്പിക്കുന്നു." (12)

മററു മെത്രാന്മാർ (ഏകസ്വരത്തിൽ):—യാതൊരു ഭേദഗതിയുംകൂടാതെ ഈ നിശ്ചയങ്ങളെ ഞങ്ങളെല്ലാം അനുകൂലിച്ചു അംഗീകരിക്കുന്നു.

പസ്കാസീനൂസ് (ദിയസ്കോറസിൻെറ നേരേ തിരിഞ്ഞു):—അതിവന്ദ്യനായ ദിയസ്കോറസ് തിരുമേനി, ക്രിസ്തുവിൻെറ മനുഷ്യാവതാരത്തെയും,

(ശേഷം 9-ാം പേജിൽ)

* പാത്രിയർക്കീസിനെ ചിലപ്പോൾ മെത്രാപ്പോലീത്താ, മെത്രാൻ എന്നിങ്ങനെ വിളിക്കാറുണ്ടു്. മാർപ്പാപ്പാ റോമ്മാസിംഹാസനത്തിലെ മെത്രാൻകൂടിയാകയാൽ മാർപ്പാപ്പായെയും ചില പിതാക്കന്മാർ ചില സന്ദർഭങ്ങളിൽ മെത്രാൻ, മെത്രാപ്പോലീത്താ എന്നിങ്ങനെ വിളിച്ചിട്ടുണ്ടു്.

5) Mansi, IV, 678; Hefele, (Eng. Trans.) III, p. 309

+ അവരെല്ലാം = ചെക്രോപ്പിയസും സമീപസ്ഥരായ മെത്രാന്മാരും

6) Hefele, III, P. 316.

7) Hefele, ibid.

8) Mansi, VII, 7; Hefele, III, 330.

9) ML 54, 763 Asqq.

* ഓരോ വാചകം ഓരോ മെത്രാൻ പറയുന്നതായാൽ സദസ്സിനു വ്യക്തമായിട്ടു അർത്ഥം ഗ്രഹിക്കുവാൻ സാധിക്കും.

10) Mansi, VI, 972

11) Ses. IV

* cf. എബ്രാ 4, 15

12) Mansi VII, 115 B. sq.

# Sathya Deepam

Vol. 23 — Ernakulam December 7 1949 — No 16

## സ്വാതന്ത്ര്യം
(1-ാം പേജ് തുടർച്ച)

പ്പെട്ടിരിക്കുന്നതു്, സമ്പൂർണ്ണമായ ജീവനേയും സത്യത്തേയും സ്നേഹത്തേയും പ്രാപിച്ചുകൊണ്ടു് നമ്മുടെ വ്യക്തിത്വത്തെ (Personality) പരിപൂർണ്ണമാക്കുവാൻ വേണ്ടിയാണു്.

മനുഷ്യൻ കഷ്ടിച്ചു് കാൽമണിക്കൂർനേരത്തേക്കു് ജീവിച്ചാൽപോരാ; അവൻ നിത്യം ജീവിക്കണം. ഭൂമിശാസ്ത്രത്തിന്റെ ഏതാനും ചില സത്യങ്ങൾ അവൻ ഹൃദിസ്ഥമാക്കിയാൽ മതിയോ? പോരാ, അവൻ എല്ലാ സത്യങ്ങളും പഠിക്കണം. നശ്വരമായ സ്നേഹം പോരാ അവനു്. ശാശ്വതവും അക്ഷയവും സുന്ദരവുമായ സ്നേഹം അവനു് ആവശ്യമുണ്ടു്. ഇന്നത്തെ ചില രജിസ്റ്റർ വിവാഹങ്ങളുടെ ശോഷത്തരം കാണുക. "മരണത്തോളം നാം തമ്മിൽ വേർപിരിയുകയില്ല" എന്നു പറയുന്നതിനു പകരം "2½ കൊല്ലത്തേക്കു് ഞാൻ നിന്നെ സ്നേഹിക്കും" എന്നു് രജിസ്റ്റർ വിവാഹത്തിനു അണയുന്ന യുവതീയുവാക്കന്മാർ പറയുന്നതു എത്ര ജുഗുപ്സാവഹം!! ഇഹലോകം ശാശ്വതമായ സൗഭാഗ്യം പ്രദാനം ചെയ്യുന്നില്ല; കാരണം, മനുഷ്യനു കുടുംബമുണ്ടാകുമ്പോൾ അതു് കൈവെടിയുവാൻ അവൻ മടിക്കുന്നു; അവന്റെ കീശ പണംകൊണ്ടു് നിറയുമ്പോൾ, വേറൊരു പണസ്സഞ്ചികൂടി നിറയ്ക്കാൻ അവൻ പണിപ്പെടുകയായി. അവൻ വിദ്യാധനനായിത്തീരുമ്പോൾ, സ്വയം അഹംകരിച്ചു് അജ്ഞതയുടെ അടിത്തട്ടിലേക്കു് ഇറങ്ങുന്നു. നിത്യജീവിതസൗഭാഗ്യം, ചിരന്തനമായ സത്യം, സ്നേഹം എന്നിവ ഈ ലോകത്തിൽവച്ചു സമ്പാദിക്കുക സാധ്യമല്ലാത്തതിനാൽ, ഇവയുടെ സമ്പ്രാപ്തി, ഈ ലോകജീവിതത്തിനപ്പുറത്താണു്. എന്തുകൊണ്ടെന്നാൽ, ഭക്ഷിക്കുന്നതിനു ഒരിടത്തും ഭക്ഷണം ഇല്ലായിരുന്നെങ്കിൽ നമുക്കു് ഉദരം ഇല്ലാതെവന്നേനെ; കാണുന്നതിനായി ഇവിടെ ഒന്നും ഇല്ലായിരുന്നെങ്കിൽ നമുക്കു് കണ്ണും ഇല്ലാതെവന്നേനെ; ഇതുപോലെ നിത്യജീവിതമോ, നിത്യസത്യമോ, നിത്യസ്നേഹമോ, ഒന്നുമില്ലായിരുന്നെങ്കിൽ, ഇവയ്ക്കുവേണ്ടി ആഗ്രഹിക്കുകയും കൊതിക്കുകയും ചെയ്യുന്ന ഒരു മനസ്സോ, ഹൃദയമോ, ബുദ്ധിയോ നമുക്കു് ഉണ്ടാകയില്ലായിരുന്നു. താദൃശമായ തൃഷ്ണ നമുക്കുള്ളതിനാൽ നിത്യജീവൻ ഉണ്ടെന്നുള്ളതു സ്പഷ്ടം.

ജീവിതത്തിന്റെ പരമോദ്ദേശ്യമെന്താണെന്നു് നമ്മുടെ യുക്തി നിർദ്ദേശിക്കുന്ന ഉപദേശംതന്നെയാണു് ക്രിസ്തുമതവും നമ്മെ ഉദ്ബോധിപ്പിക്കുന്നതു്. ഏതെങ്കിലുമൊരു വസ്തു ഉണ്ടാക്കപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്തെന്നു് അറിയുന്നതിനുള്ള ഏറ്റം സുഗമമായ മാർഗ്ഗം അതിന്റെ നിർമ്മാതാവിനോടുതന്നെ ഇക്കാര്യം ചോദിക്കയാണല്ലോ. "ദൈവം എന്തിനു നിന്നെ സൃഷ്ടിച്ചു?" എന്ന ചോദ്യത്തിനു, തന്നെ അറിഞ്ഞു് സ്നേഹിക്കുന്നതിനും, ഈ ലോകത്തിൽ തന്നെ സേവിക്കുന്നതിനും, പരലോകത്തിൽ തന്നോടുകൂടി നിത്യസൗഭാഗ്യം അനുഭവിക്കുന്നതിനും വേണ്ടിയാണെന്നു് സ്രഷ്ടാവായ ദൈവംതന്നെ പ്രതിവചിക്കുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു് കർത്തവ്യത്തിൽനിന്നു് ഉദ്ദേശ്യത്തെ വേർപെടുത്താൻ പാടില്ലെന്നും, ജീവിതത്തിന്റെ പരമോദ്ദേശ്യത്തോടു് നമ്മുടെ എല്ലാ കർത്തവ്യങ്ങളും ബന്ധപ്പെട്ടിരിക്കുന്നുവെന്നും സിദ്ധിക്കുന്നു. പ്രസ്തുത പരമലക്ഷ്യത്തെ പ്രാപിക്കുന്നതിനു് മാർഗ്ഗങ്ങൾ തിരിഞ്ഞെടുക്കുന്നകാര്യത്തിലാണു് സ്വാതന്ത്ര്യത്തിന്റെ പ്രവർത്തനരംഗം.



കറുകുറ്റി തിരുഹൃദയ കന്യകാമഠംവക ഇംഗ്ലീഷ് മിഡിൽസ്കൂൾ

അടുത്ത പ്രശ്നം: എപ്പോഴാണു് ഒരു മനുഷ്യൻ കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നതു്? അവൻ ചെയ്യേണ്ടതു ചെയ്യുമ്പോഴോ, അഥവാ അവൻ ചെയ്യുവാനിഷ്ടപ്പെടുന്നതെല്ലാം ചെയ്യുമ്പോഴോ? തീർച്ചയായും, സ്വകർത്തവ്യം നിറവേറുന്നതിനുള്ള—ചെയ്യേണ്ടതു ചെയ്യാനുള്ള—സ്വാതന്ത്ര്യമാണു്, യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെക്കാൾ മഹത്തരം. ആദ്യത്തേതു മനുഷ്യനെ കൂടുതൽ സ്വതന്ത്രനാക്കുന്നു! രണ്ടാമത്തേതു അവനെ കൂടുതൽ പരതന്ത്രനാക്കുന്നു. ആധുനികലോകത്തിനു പററിയിരിക്കുന്ന അബദ്ധം, അതു് സ്വാതന്ത്ര്യം എന്നതു്, യാതൊരു നിയമവും അനുസരിക്കാതെയിരിക്കുന്നതാണു് എന്നും, ദൈവത്തിന്റെ കല്പനകളെ ലംഘിക്കുന്നതു് ആത്മവികാസത്തിന്റെ (Self-expression) ലക്ഷണമാണെന്നും തെററിദ്ധരിച്ചുപോയി. തെററായ ഈ ബോധം നീങ്ങാതെ ലോകത്തിൽ സമാധാനം നടമാടുകയില്ല.

ഇന്നത്തെ പൗരന്മാരും, മാതാപിതാക്കന്മാരും, വിദ്യാഭ്യാസപ്രവർത്തകന്മാരും, വിശിഷ്യാ വിദ്യാർത്ഥികളും നന്നായി ധരിച്ചിരിക്കേണ്ട ഒരു പ്രധാന സംഗതി സ്വാതന്ത്ര്യമെന്നതു് നിയമങ്ങളുടെ അവഗണനമല്ലെന്നാണു്. നിയമങ്ങളെ ലംഘിക്കുകയല്ല, നേരെമറിച്ചു് നിയമങ്ങളെ അനുസരിക്കുക എന്നതു സ്വാതന്ത്ര്യത്തിന്റെ ഒരു അവശ്യവ്യവസ്ഥയത്രെ. സ്വാതന്ത്ര്യം നിയമത്തിനു പുറത്തല്ല, നിയമസീമയ്ക്കുള്ളിലാണു് സ്ഥിതിചെയ്യുന്നതു്. ("Freedom is conditioned upon free obedience to law. There is no such thing as freedom from law; there is only freedom within law.") ഈ നിയമം ശാസ്ത്രീയമോ, പ്രകൃതിജന്യമോ, മാനുഷികമോ, ദൈവികമോ, എന്തുതന്നെയായിക്കൊള്ളട്ടെ, ഉപരി പ്രസ്തുതതത്വത്തിനു മാററമുണ്ടാകയില്ല. ഈ വസ്തുതയെ ഉദാഹരണസഹിതം വിശദീകരിക്കാം. ഭൂമിയുടെ ആകർഷണനിയമത്തെ അനുസരിച്ചാൽമാത്രമേ ഒരു വിമാനസഞ്ചാരിക്കു് പറന്നുയരാൻ സ്വാതന്ത്ര്യമുള്ളു. അതായതു അയാൾ ആകർഷണനിയമത്തിനു പുറത്തല്ല, അകത്തുനിന്നു പ്രവർത്തിക്കണം. സ്വന്തം വ്യക്തിവികാസത്തെ പ്രത്യക്ഷമാക്കാൻ വേണ്ടി അഥവാ, തനിക്കു് എന്തും യഥേഷ്ടം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടെന്നു കാണിപ്പാൻവേണ്ടി, ഒരുവൻ പൊക്കമുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ കയറി താഴോട്ടു് എടുത്തുചാടിയാലുള്ള ഫലമെന്തായിരിക്കും? ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവന്റെ സ്വാതന്ത്ര്യം മുഴുവനും, അതേ ജീവിക്കാനുള്ള സ്വാതന്ത്ര്യംപോലും അവനു നഷ്ടപ്പെടുന്നു. നിനക്കിഷ്ടമുള്ളതെന്തും ചെയ്യാനുള്ള നിന്റെ സ്വാതന്ത്ര്യമുപയോഗിച്ചു് നാലുവശമുള്ള ഒരു ത്രികോണം വരയ്ക്കാൻ ശ്രമിക്കുക. ഇതു സാധ്യമല്ലെന്നു നിനക്കു ബോധ്യപ്പെടും. മുഖമണ്ഡനത്തിനുള്ള ഒരു കത്തിയുടെ ഉദ്ദേശ്യത്തെ മറന്നു് അതുകൊണ്ടു് നീ ഒരു പത്തൽ വെട്ടുക; നീ ആ കത്തി നശിപ്പിക്കുന്നു, അതിന്റെ ഉദ്ദേശ്യത്തെ നീ വിഗണിക്കുന്നതിനാൽ. ഒരു ചിത്രകാരൻ താൻ ഒരു വിശാലഹൃദയനാണെന്നു സ്വയം നടിച്ചുകൊണ്ടു് ഒരു "ജിറാഫി"ന്റെ പടം അതിന്റെ കഴുത്തു് വളരെ നീളം കുറച്ചു് വരയ്ക്കട്ടെ. അതു ജിറാഫിന്റെ പടമായിരിക്കയില്ല; ഒരു ജിറാഫിന്റെ പടം വരയ്ക്കാനുള്ള സ്വാതന്ത്ര്യം അയാൾക്കു നഷ്ടപ്പെടുന്നു. ഈ ഉദാഹരണങ്ങളിൽനിന്നെല്ലാം നിയമങ്ങൾ അനുസരിക്കാതെ സ്വാതന്ത്ര്യം പുലരുകയില്ലെന്നു സ്പഷ്ടം.

ധാർമ്മികനിയമങ്ങളെ സംബന്ധിച്ചും ഇതുതന്നെ അനുഭവം. നമ്മുടെ ജീവിതോദ്ദേശ്യം ദൈവത്തോടുകൂടി നിത്യസൗഭാഗ്യമനുഭവിച്ചു് നമ്മുടെ വ്യക്തിവികാസത്തെ വികസിപ്പിക്കയാണല്ലോ. ഈ ഉദ്ദേശ്യപ്രാപ്തിക്കു് ഉപയുക്തങ്ങളാണു് ധാർമ്മികനിയമങ്ങൾ. ഈ നിയമങ്ങളെ അനുസരിക്കുമ്പോളത്രെ നാം കൂടുതൽ സ്വതന്ത്രർ. സാന്മാർഗ്ഗികനിയമങ്ങളെ വിഗണിച്ചുകൊണ്ടു്, മദ്യപിക്കുന്നതിനോ, മോഷ്ടിക്കുന്നതിനോ, വ്യഭിചരിക്കുന്നതിനോ, അന്യരുടെ നേരെ കോപവെറി പൂണ്ടു് മുഷ്ടി ചുരുട്ടുന്നതിനോ, നമുക്കു കഴിയും. എന്നാൽ ഈ പ്രകാരം നാം പ്രവർത്തിക്കുന്ന ഓരോ പ്രാവശ്യവും നമ്മുടെ സ്വാതന്ത്ര്യത്തെ ഒന്നുകിൽ കുറയ്ക്കുകയോ, അല്ലെങ്കിൽ ഇല്ലാതാക്കുകയോ ആണു് ചെയ്യുന്നതു്. സാക്ഷാത്തായ സ്വാതന്ത്ര്യം സമ്പാദിക്കേണ്ടതു്, നിയമത്തിനു പുറത്തുനിന്നല്ല, അകത്തുനിന്നത്രെ. വാഹനനിയമങ്ങൾ അനുസരിക്കുന്നിടത്തോളം കാലം ഞാൻ എന്റെ വാഹനം ഓടിക്കാൻ സ്വതന്ത്രനാണു്. എന്നാൽ സ്വാതന്ത്ര്യമെന്നതു് എന്റെ ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള അവകാശമാണു് എന്നു പറഞ്ഞുകൊണ്ടു് ഞാൻ വാഹനനിയമങ്ങളെ തെല്ലും വകവയ്ക്കാതെ, എന്റെ കാർ ഓടിച്ചാൽ, കാർ താമസിയാതെ കുണ്ടിൽ പതിച്ചു് കാർ ഓടിക്കുന്നതിനുള്ള എന്റെ സ്വാതന്ത്ര്യംകൂടി ഇല്ലാതാകും. ധാർമ്മികനിയമങ്ങളെ നാം ലംഘിക്കുമ്പോഴും ഇതുതന്നെ ഫലം. നമ്മുടെ വ്യക്തിത്വത്തിന്റെ പരിപൂർണ്ണതയ്ക്കും ജീവിതോദ്ദേശ്യത്തിന്റെ സാഫല്യത്തിനും ആവശ്യമുള്ള നിയമങ്ങൾ ദൈവം തന്റെ പരിശുദ്ധ സഭയിലും നമ്മുടെ മനസ്സാക്ഷിയിലും നിക്ഷേപിച്ചിട്ടുണ്ടു്. ഈ നിയമങ്ങൾ പുരോഗമനത്തിന്റെ വിലങ്ങുതടികൾ അല്ല; പിന്നയോ, കടലിന്റെ ആക്രമണത്തിൽനിന്നു, കടൽത്തീരങ്ങളെ സംരക്ഷിക്കുവാൻ കെട്ടിപ്പടുക്കാറുള്ള അണകൾപോലെ, അവ നമ്മുടെ സ്വാർത്ഥതയുടേയും, ജഡാസക്തിയുടേയും, പ്രവാഹത്തെ തടഞ്ഞുനിറുത്തുന്നവത്രേ. ഈ നിയമങ്ങളെ ഞാൻ അനുസരിക്കുന്നുവെങ്കിൽ, ഞാൻ സ്വതന്ത്രനായി. ഞാൻ ഇവയെ അനുസരിക്കുന്നില്ലെങ്കിൽ, അഥവാ എന്റെ തന്നിഷ്ടംപോലെ ചെയ്യുന്നുവെങ്കിൽ, എന്റെ സ്വഭാവത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കെതിരായി തന്നെ ഞാൻ പ്രവർത്തിക്കുന്നു. ഒരു യന്ത്രം അതിന്റെ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായി ഉപയോഗിക്കപ്പെടുമ്പോൾ, വിനാശിനിയായിത്തീരുന്നതുപോലെ, ഞാൻ പാപം ചെയ്യുന്ന ഓരോ അവസരത്തിലും എന്റെ മനുഷ്യത്വം ഒന്നിനൊന്നിനു് അധഃപതിപ്പിക്കയത്രെ ചെയ്യുന്നതു്. ജീവിതത്തിന്റെ നിയമങ്ങളോടും ഉദ്ദേശ്യത്തോടുമുള്ള ഒരു അവഹേളനമാകുന്ന പാപം ചെയ്യാനുള്ള സ്വാതന്ത്ര്യം സ്വാതന്ത്ര്യമല്ല, അതു അടിമത്തത്തിന്റെ ആരംഭമാണു്. "പാപം ചെയ്യുന്ന ഏവനും പാപത്തിനു അടിമയാകുന്നു" എന്നല്ലേ ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുള്ളതും.

---

എഴുത്തുപെട്ടി

## പുരാന്റെ അർത്ഥം

സർ, പ്രാർത്ഥനാമഞ്ജരിയിൽ ഈശോപ്പുരാൻ എന്നു് ശ്രീ വള്ളത്തോൾ പ്രയോഗിച്ചിരിക്കുന്നു. ഈശോതമ്പുരാൻ എന്ന പഴയപദത്തിന്റെ ചുരുക്കമാണതു്. എന്നാൽ പ്പു എന്ന ദ്വിത്വംപോലെ "തമ്പുരാൻ" എന്നു് പഴയ രൂപത്തിൽ ദ്വിത്വമില്ല. പിള്ളതമ്പുരാൻ, അമ്മതമ്പുരാൻ മുതലായ പഴയ പദങ്ങളിലുമില്ല. ഈശോപുരാൻ എന്ന ദ്വിത്വരഹിതരൂപമാണു നല്ലതു്.

പുരാൻ എന്നതിന്റെ മൂലരൂപം പുരാ, പുരാതനൻ എന്നും മററുമല്ല. പെരുമാൻ എന്ന തമിഴ്രൂപം പ്രാചീനമാണു്. തംപെരുമാൻ (തമ്പുരാൻ, തമ്പ്രാൻ), എൻപെരുമാൻ (എമ്പിരാൻ, എമ്പ്രാൻ), കണ്ണപെരുമാൻ, കണ്ണപിരാൻ (ശ്രീകൃഷ്ണൻ), ശിവപെരുമാൻ, ചേരമാൻ പെരുമാൻ (=പെരുമാൾ) മുതലായവ പ്രാചീനം. തമ്പെരുമാൻ—തമ്പെരാൻ—തമ്പ്രാൻ— തമ്പിരാൻ—തമ്പുരാൻ എന്നു രൂപപരിപാടി. ചെംപെരുമാൻ (=ചെമ്മുള്ള പെരുമാൻ) പിള്ള ചെമ്പ്രാൻപിള്ളയും ചെമ്പ്രാപ്പിള്ളയും ആയശേഷം ചെമ്പകരാമൻപിള്ളയായിത്തീർന്നു!

Trivandrum
27—11—49 } റവ. കെ. ജോസഫ്

---

## നിങ്ങളുടെ ആരോഗ്യം

സുരക്ഷിതമായിരിക്കുവാൻ, രോഗബാധകൂടാതെ ജീവിക്കുവാൻ സുഖാനന്ദകല്പം ബുക്കു് വായിക്കുക. എല്ലാവർക്കും ഇനാമായിട്ടയക്കും.

ദിവ്യൗഷധശാല, മണലൂർ, C. T. U.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam